UNIVERSITY LIBRARY 12 APR 1932 383

# കൈരളി

പുസ്തകം ൧൩ | ൧൧൦൭ കുംഭം | ലക്കം ൧൧.

## ഭാരതീയ ശില്പവിദ്യ.

ഇയ്യിടെ നമ്മുടെ ഭാരതീയവിദ്വാന്മാർ ഭാരതീയ ശില്പശാസ്ത്രാഭ്യാസത്തിൽ ശ്രദ്ധവെച്ചു കാണുന്നതു് ഒരു ശുഭലക്ഷണംതന്നെ. ഭാരതീയസാഹിത്യത്തിന്റെ ഈ ശാഖ വളരെക്കാലമായിട്ടു് ഉപേക്ഷയിലായിട്ടാണു കിടക്കുന്നതു് എന്നു ഡോക്ടർ വിൻടർണിററ്സ് അഭിപ്രായപ്പെട്ടിട്ടുള്ളതു പരമാർത്ഥമാണു്. എങ്കിലും ഇക്കാലത്തു ഭാരതത്തിലെ വിവിധദേശക്കാരായ വിദ്വാന്മാർ പുതിയ ശില്പശാസ്ത്രഗ്രന്ഥങ്ങളെ അന്വേഷിക്കുകയും ആ വിഷയത്തിൽ നവീനപ്രകാശം നൽകുന്നതിനുദ്യമിക്കുകയും ചെയ്തുവരുന്നുണ്ടു്. ഡാക്ടർ അവനീന്ദ്രനാഥടാഗോറിന്റെ അശ്രാന്തപരിശ്രമം നിമിത്തം ബങ്കാളത്തു കലകൾക്കു പുനർജ്ജന്മം സിദ്ധിച്ചിട്ടുണ്ടെന്നു തന്നെയല്ലാ അതു ഭാരതീയകലയുടെ വിസ്തൃതമായ സാഹിത്യം പഠിക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു്.

കുറച്ചുകാലം മുമ്പുവരെ യൂറോപ്യലേഖകന്മാർ, ഭാരതീയ ശില്പവിഷയക ഗ്രന്ഥങ്ങളുടേയും ഭാരതീയ കലകളുടേയും നേരെ പ്രാചീന ഭാരതീയ ലേഖകന്മാർ കാണിച്ചുവന്ന ഔദാസീന്യത്തെപ്പററി ആവലാതി പറയാറുണ്ടു്. പക്ഷേ ഇയ്യിടെ മഹാമഹോപാദ്ധ്യായ ഗണപതിശാസ്ത്രി തുടങ്ങിയ ചില വിദ്വാന്മാർ അച്ചടിപ്പിച്ചിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങൾ മേൽ പറഞ്ഞിരിക്കുന്ന ആക്ഷേപങ്ങളെ നിർമ്മൂലനങ്ങളാക്കിത്തീർത്തിരിക്കുന്നു. ഒരു കാലത്തു ഭാരതത്തിൽ ശില്പവിഷയത്തെപ്പററി വിസ്തൃതമായ ഒരു സാഹിത്യമുണ്ടായിരുന്നു. ഈ സാഹിത്യം വാസ്തുശാസ്ത്രത്തിന്റെ പതിനെട്ടു പരമ്പരാഗതലേഖകന്മാരാൽ പ്രണയിക്കപ്പെട്ടിട്ടുള്ളതാണു്. ഈ അഗണിതഗ്രന്ഥങ്ങളിൽ എത്രയെണ്ണമാണു പുഴുക്കൾക്കും പാററകൾക്കും ഭക്ഷണമായിത്തീർന്നിട്ടുള്ളതെന്നും എത്ര എണ്ണം തങ്ങളുടെ മൂഢന്മാരായ യജമാനന്മാർ നഷ്ടമാക്കിക്കളഞ്ഞിട്ടുണ്ടെന്നും എത്ര

എണ്ണം വിദേശികളായ വിജേതാക്കളുടെ രാജ്യഭാരകാലത്തു പാഴായിപ്പോയിട്ടുണ്ടെന്നും യാതൊരു വിവരവുമില്ല. ഭാഗ്യംകൊണ്ടു് അവയിൽ ചിലതു ഭാരതത്തിലെ മൂക്കിലും മൂലയിലുമായി ഓരോ പ്രദേശങ്ങളിൽ— അതായതു നെപ്പാൾ, തിരുവിതാംകൂർ, ഗുജറാത്തു്, ഒറിസ്സ മുതലായവകളിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽ മഹാമഹോപാദ്ധ്യായ ഗണപതിശാസ്ത്രികളു കയ്യെഴുത്തായ അനേകം ശില്പശാസ്ത്രഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ടു്. അവയിൽ (1) വാസ്തു—വിദ്യാ (2) മയമതം (3) മനുഷ്യാലയചന്ദ്രിക (4) ശില്പരത്നം (5) സമരാംഗണ സൂത്രാധാരം മുതലായ ചില ഗ്രന്ഥങ്ങളെ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുമുണ്ടു്. ഒറിസ്സയിലെ പഴയ സമ്പ്രദായക്കാരായ ശില്പികളുടെ കൈവശം ഇപ്പോഴും അനേകം കയ്യെഴുത്തു പുസ്തകങ്ങളുണ്ടു്. അവർ ദേവാലയങ്ങൾ ബിംബങ്ങൾ മുതലായവ പണി ചെയ്യുന്ന സമയത്തു അവയെ എടുത്തു നോക്കുക പതിവാണു്. അവിടത്തെ ഹസ്തലിഖിത ഗ്രന്ഥങ്ങളിൽ ചിലതു (1) ഭുവനപ്രവേശം (2) ശില്പസദാജയം (3) ശില്പശാസ്ത്രം മുതലായവയെ പ്രതിപാദിച്ചിട്ടുണ്ടു്. കുറച്ചു മുമ്പു ഒറിയാ അക്ഷരത്തിൽ എഴുതീട്ടുള്ള ഒറിയാ ഭാഷ്യസഹിതം ശില്പശാസ്ത്രത്തിന്റെ ഒരു പ്രതി എനിക്കു കാണാൻ തരമായി. ഞാൻ ഈ ഗ്രന്ഥത്തിന്റെ ഒറിയാ പാഠത്തെ അച്ചടിപ്പിച്ചു പഞ്ചാബ് സംസ്കൃത സീറിജിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. നെപ്പാൾ ദർബാറിലെ പുസ്തകാലയം കയ്യെഴുത്തുഗ്രന്ഥങ്ങളെക്കൊണ്ടു സമൃദ്ധമാണു്. അവിടെ ശില്പശാസ്ത്രഗ്രന്ഥങ്ങളുടെ ഹസ്തലിഖിതമായ ചില പകർപ്പുകളും കാണാനുണ്ടു്. അവ തീരെ നഷ്ടമായിപ്പോയെന്നായിരുന്നു ജനങ്ങളുടെ വിചാരം. നെപ്പാൾ—ദർബാർ ചില കയ്യെഴുത്തു ഗ്രന്ഥങ്ങൾ "വിശ്വഭാരതി"ക്കു സമ്മാനിച്ചിരിക്കുന്നു. അവയിൽ നിന്നു 'പ്രതിമാലക്ഷണം' എന്നു പേരായ ശില്പശാസ്ത്രത്തിന്റെ ഒരു ഹസ്തലിപി കാണുവാനുള്ള അവസരം എനിക്കു ലഭിച്ചു. ഞാൻ ഇതും മേൽപറഞ്ഞ സീറിജിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. ഗുജറാത്തിൽ 'അപരാജിതം', 'ഗൃഹ—വസ്തുസാരം' മുതലായ ചില ഗ്രന്ഥങ്ങളുണ്ടെന്നു കേൾക്കാനുണ്ടു്. ഇതിനു പുറമെ മഹാമഹോപാദ്ധ്യായ പണ്ഡിത ഗൌരീശങ്കര ഹിരാ ചന്ദ്രാജ തന്റെ "മദ്ധ്യാഹ്ന ഹീന ഭാരതീയ സംസ്കൃതി" എന്ന പുസ്തകത്തിൽ ശില്പശാസ്ത്രത്തെ സംബന്ധിച്ചതായ താഴെ പറയുന്ന ഗ്രന്ഥങ്ങളെ പററി പ്രസ്താവിച്ചിരിക്കുന്നു. (1) വാസ്തുസൌഖ്യം, (2) അപരാജിതവാസ്തുശാസ്ത്രം, (3) പ്രാസാദാനുകീർത്തനം, (4) ചന്ദ്രശാസ്ത്രം, (5) ചിത്രപടം, (6) ജലാർഗ്ഗളം, (7) പക്ഷി മനുഷ്യാലയലക്ഷണം, (8) രഥലക്ഷണം, (9) വിമാനവിദ്യ, (10) വിമാനലക്ഷണം, (11) വിശ്വകർമ്മീയം, (12) കൌതു

കലക്ഷണം, (13) മൂൎത്തിലക്ഷണം, (14) പ്രതിമാ ദിവ്യാദിവചനം, (15) സകലാധികാരം, (16) സാരസ്വതീയ ശില്പശാസ്ത്രം (17) വിശ്വവിദ്യാഭരണം (18) വിശ്വകൎമ്മപ്രകാശം (19) വിശ്വകർമ്മീയശില്പം. "ശില്പ" ശബ്ദത്തിനും പ്രത്യേകം ഇതിഹാസമുണ്ട്. വൈദികകാലത്തിൽ ഇതിനു നൃത്യം, ഗീതം വാദ്യം എന്നുകൂടി അൎത്ഥമുണ്ടായിരുന്നു. പക്ഷേ കാലപരിവൎത്തനംകൊണ്ട് ഇതിന്റെ അൎത്ഥവും പരിവൎത്തിച്ചിട്ടുണ്ട്. ഇക്കാലത്തു ഇവയെ കലകളായിട്ടാണു ഗണിച്ചുവരുന്നതു്. രാമായണത്തിൽ ശില്പവും കലയും വെവ്വേറെ അൎത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതു്.

"നാനാശില്പകലാജ്ഞശ്ച ഭവേരപി പരന്തപ"

പ്രഥമഖണ്ഡം പൃ. 301.5

അക്കാലത്തു യജ്ഞവേദികളും വഴികളും മററുമുണ്ടാക്കിയിരുന്നതു ശില്പികളാണ്. ശില്പികളെക്കൊണ്ടു യജ്ഞവേദികൾ പണിചെയ്യിക്കുന്നതിനെപ്പററി ഇങ്ങിനെ വൎണ്ണിച്ചിരിക്കുന്നു.

"വിന്യസ്താവിധിവൽസൎവ്വേ ശില്പിഭിഃസുകൃതാദൃഢഃ"

(ബാലകാണ്ഡം 14.25)

വഴികളുണ്ടാക്കുന്നതിനു ശില്പികളോടിപ്രകാരം കല്പിച്ചുകാണാനുണ്ട്.

"ക്രിയതാം ശില്പിഭിഃ പന്ഥാഃ സമാനിവിഷമാണിച"

(അയോദ്ധ്യാകാണ്ഡം 76.13)

ഇങ്ങിനെ 'ശില്പികൾക്കു' അസംഖ്യം ജോലികളിലേൎപ്പെടേണ്ടിവന്നിരിക്കുന്നു. 'വാസ്തു–വിദ്യ'യിൽ സ്ഥപതി ഭവന—നിൎമ്മാതാവു), സൂത്രഗ്രാഹി (ആശാരി), തക്ഷകൻ (മൂൎത്തികാരൻ) മൃതകൎമ്മജ്ഞൻ (കുശവൻ) മുതലായവരേയും ശില്പികളായിട്ടാണു ഗണിച്ചിരിക്കുന്നതു്. 'ബ്രഹ്മ—വൈവൎത്തപുരാണ'ത്തിൽ വിശ്വകൎമ്മാവിന്റെ ഒമ്പതു പുത്രന്മാരും ശില്പികളാണെന്നു പറഞ്ഞിട്ടുണ്ട്. അവരുടെ പേർ താഴെചേൎക്കുന്നു:— (1) മാലാകാരൻ (ഃതാട്ടക്കാരൻ) (2) പ്രകൎമ്മകാരൻ (കരുവാൻ) (3) ശംഖകാരൻ (ശംഖുണ്ടാക്കുന്നവൻ) (4) കുവിന്ദകൻ (നെയ്ത്തുകാരൻ) (5) കുംഭകാരൻ (കുശവൻ) (6) കാംസകാരൻ (മൂശാരി) (7) സൂത്രധാരൻ (ആശാരി) (8) ചിത്രകാരൻ (9) സ്വൎണ്ണകാരൻ (തട്ടാൻ). ശില്പശബ്ദത്തിനു് എവിടെയെല്ലാം വ്യാപ്തിയുണ്ടെന്നു നമുക്കിതുകൊണ്ടു് ഊഹിക്കാം. അതിൽ മിക്ക കൈത്തൊഴിലുകളും ഉൾപ്പെട്ടിട്ടുണ്ട്.

മഹാഭാരതത്തിൽ ഒരായിരം ശില്പങ്ങളെ വൎണ്ണിച്ചിട്ടുണ്ട്. ഈ ശില്പങ്ങളുടെ നിൎമ്മാതാവു വിശ്വകൎമ്മാവാണെന്നാണു വിചാരിച്ചുവരുന്നതു്. ഈ വക ശില്പങ്ങളെക്കൊണ്ടാണു ജനങ്ങൾ തങ്ങളുടെ ജീവനോപാ

യത്തെ കണ്ടുപിടിച്ചിരിക്കുന്നതെന്നും പറഞ്ഞുവരുന്നുണ്ട്. അഗ്നിപുരാണത്തിൽകൂടി ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു.

"കർത്താശില്പസഹസ്രാണാം ത്രിദശാനാം ചവർദ്ധകിഃ
മനുഷ്യാശ്ചോപജീവന്തി ശില്പം വൈഭൂഷണാദികം"

(അഗ്നിപുരാണം, 28-40-42)

ശില്പശാസ്ത്രത്തിനു പത്തു വിഭാഗങ്ങളുണ്ടെന്നാണു ചില വിദ്വാന്മാരുടെ അഭിപ്രായം; (1) കൃഷിശാസ്ത്രം (2) ജലശാസ്ത്രം (3) ഖനിശാസ്ത്രം (4) നാവികാശാസ്ത്രം (5) രഥശാസ്ത്രം (6) വിമാനശാസ്ത്രം (7) വാസ്തുശാസ്ത്രം (8) പ്രാകാരശാസ്ത്രം (9) നഗരനിർമ്മാണശാസ്ത്രം (10) യന്ത്രശാസ്ത്രം.

വാസ്തുശാസ്ത്രം ശില്പശാസ്ത്രത്തിൻെറ ഒരു വിഭാഗമാണെന്ന് ഇതുകൊണ്ടു മനസ്സിലാക്കാം. മത്സ്യപുരാണത്തിൽ "വാസ്തുശാസ്ത്ര"പ്രണേതാക്കളുടെ പേരു കാണാനുണ്ട്. അവരുടെ സംഖ്യ പതിനെട്ടാണ്. (1) ഭൃഗു (2) അത്രി (3) വസിഷ്ഠൻ (4) വിശ്വകർമ്മാവ് (5) മയൻ (6) നാരദൻ (7) നഗ്നജിത്ത് (8) വിശാലാക്ഷൻ (9) പുരന്ദരൻ (10) ബ്രഹ്മാ (11) കുമാരൻ (12) നന്ദീശൻ (13) ശൌനകൻ (14) ഗർഗ്ഗൻ (15) വാസുദേവൻ (16) അനിരുദ്ധൻ (17) ശുക്രൻ (18) ബൃഹസ്പതി.

ഈ ലേഖകന്മാരിൽ വെച്ച് ഏററവും മുഖ്യൻ "വിശ്വകർമ്മാവ്" ആണ്. ഭാരതത്തിലെ സർവ്വശില്പസാഹിത്യങ്ങളിലും അദ്ദേഹത്തിന്നാണ് അധികം പ്രസിദ്ധി. അദ്ദേഹം വലിയ ശില്പിയായിരുന്നതുകൊണ്ടു പൌരാണിക സാഹിത്യത്തിൽ അദ്ദേഹത്തിൻെറ പേരു കൂടക്കൂടെ പറഞ്ഞുകാണാനുണ്ട്. ശില്പശാസ്ത്രനിർമ്മാതാവായ വിശ്വകർമ്മാവും ലോകത്തിൽ പ്രചരിച്ചുവരുന്ന കഥകളിലെ വിശ്വകർമ്മാവും വേറെയാണെന്നു നാം പ്രത്യേകം ഓർമ്മവെക്കേണ്ടതാണ്. ബ്രാഹ്മണഗ്രന്ഥങ്ങളിൽ വിശ്വകർമ്മാവു എന്നതു സൃഷ്ടിപ്രവർത്തകനായ പ്രജാപതിയുടെ നാമമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. ഗുപ്തകാലത്തിനുമുമ്പു വിശ്വകർമ്മാവെന്നു പേരായ ഒരു ശില്പശാസ്ത്രപ്രണേതാവുണ്ടായിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല. അദ്ദേഹത്തിൻെറ ശില്പസിദ്ധാന്തങ്ങൾ ബഹുജനസമ്മതമായിരുന്നതുകൊണ്ടായിരിക്കാം ഭാരതീയസാഹിത്യത്തിൽ അദ്ദേഹത്തിൻെറ കൃതികൾ ഇത്ര ധാരാളമായി കണ്ടുവരുന്നത്. ഇപ്പോഴുംകൂടി "വിശ്വകർമ്മാ" പൂജാദിവസം ഭാരതത്തിലെ തൊഴിലാളികളെല്ലാം അദ്ദേഹത്തെ പൂജിച്ചുവരുന്നു.

വിശ്വകർമ്മാവു "പ്രഭാസൻെറ" പുത്രനായിരുന്നുവെന്നു പുരാണങ്ങളിൽ കാണാനുണ്ട്. അദ്ദേഹം പ്രജാപതിയും ശില്പിയുമായിരുന്നു.

ശില്പിയുടെ രൂപത്തിൽ അദ്ദേഹം മാളികകൾ, ഭവനങ്ങൾ, ഉപവനങ്ങൾ, മൂർത്തികൾ, ആരണങ്ങൾ, കുളങ്ങൾ, കിണറുകൾ മുതലായവകളുണ്ടാകുന്നതിൽ സമർത്ഥനായിരുന്നു.

"മാനസാരം" എന്ന ഒരു പ്രസിദ്ധ ശില്പഗ്രന്ഥത്തിൽ സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ നാലുമുഖത്തിൽനിന്നു നാലു സ്ഥപതികളുത്ഭവിച്ചുവെന്നു പറയുന്നുണ്ടു്. ഈ ഗ്രന്ഥം ഡാക്ടർ പി. കെ. ആചാര്യൻ അച്ചടിപ്പിച്ചുവരുന്നു. അവരിൽ പ്രഥമൻ വിശ്വകർമ്മാവായിരുന്നുവത്രേ. ദേവശില്പിയാകുന്നതുകൊണ്ടു ദേവന്മാരുടെ പ്രാസാദങ്ങളുണ്ടാക്കുന്നതിനാണു അദ്ദേഹത്തെ നിയോഗിച്ചു കാണുന്നതു്. ബ്രഹ്മാവിശ്വകർമ്മാവിനോടൊരു നാട്യശാലയുണ്ടാക്കിക്കൊടുക്കുവാൻ കല്പിക്കുന്നതു് ഭാരതത്തിലെ നാട്യശാസ്ത്രത്തിൽ കാണാനുണ്ടു് —

"തതസ്തുവിശ്വകർമ്മാണമാഹ ബ്രഹ്മാപ്രയത്നതഃ
കുരു ലക്ഷണ സമ്പന്നം നാട്യവേശ്മ മഹാമതേ"

(നാട്യശാസ്ത്രം 2-45)

ഈ ദേവശില്പി വളരെ കുറച്ചു സമയംകൊണ്ടു് ഒരു വലിയ നാട്യഗൃഹമുണ്ടാക്കിക്കൊടുത്തിരിക്കുന്നു.

"തതോഽചിരേണ കാലേന വിശ്വകർമ്മാശുഭം മഹൽ
സർവ്വലക്ഷണ സമ്പന്നം കൃതവാന്നാട്യഗൃഹം തു സഃ"

രാക്ഷസന്മാർക്കു മനോഹരമായ ലങ്കാപുരിയുണ്ടാക്കിക്കൊടുത്തതും വിശ്വകർമ്മാവാണെന്നു രാമായണത്തിൽ പറഞ്ഞിട്ടുണ്ടു്. അതിനും പുറമെ അദ്ദേഹം അഗസ്ത്യൻ, സൂര്യൻ, കുബേരൻ മുതലായവർക്കും പ്രാസാദങ്ങൾ പണിചെയ്തിട്ടുണ്ടത്രേ. ബ്രഹ്മാവിനു് പുഷ്പകവിമാനമുണ്ടാക്കിയിരിക്കുന്നതും അദ്ദേഹമാണു്. ഹിമാലയത്തിന്റെ ആവശ്യപ്രകാരം അദ്ദേഹം ഒരു സഭാഭവനം നിർമ്മിച്ചിട്ടുണ്ടെന്നു സ്കന്ദപുരാണത്തിൽ കാണാനുണ്ടു്. അദ്ദേഹം കുതിരകൾ, മയിലുകൾ, മാനുകൾ, മുതലായവകളുടെ രൂപങ്ങളെക്കൊണ്ടു മനോഹരമായി ആ മണ്ഡപത്തെ അലങ്കരിച്ചിട്ടുമുണ്ടു്. അതിൽ അനവധി ദേവതകളുടെ പ്രതിമകളേയും സ്ഥാപിച്ചിരിക്കുന്നു.

വിശ്വകർമ്മാവു് കേവലം ഒരു മഹാനായ ശില്പിമാത്രമല്ലാ, ശില്പശാസ്ത്രപ്രണേതാവുംകൂടിയാണെന്നാണു വിചാരിച്ചുവരുന്നതു്. അദ്ദേഹം അനേകം ശില്പശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. വിശ്വകർമ്മപ്രകാശത്തിന്റെ കർത്താവും അദ്ദേഹം തന്നെയാണെന്നാണു വിചാരിച്ചുവരുന്നതു്. കാശി, ബോംബെ എന്നീ സ്ഥലങ്ങളിൽ ഈ ഗ്രന്ഥത്തിന്റെ

രണ്ടു പതിപ്പുകൾ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. പുസ്തകത്തിന്റെ അവസാനത്തിൽ വിശ്വകർമ്മാവു സർവ്വഗുണ സമ്പന്നനും സർവ്വശാസ്ത്രജ്ഞനുമായ ഒരു മഹാത്മാവാണെന്നുകൂടി പറഞ്ഞിരിക്കുന്നു. അദ്ദേഹം ലോകോപകാരാർത്ഥമാണ് ഈ ശില്പ ഗ്രന്ഥമെഴുതിട്ടുള്ളതു്. ഇതു കൂടാതെ വിശ്വകർമ്മീയം, ശില്പശാസ്ത്രം എന്ന ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തുപ്രതി മദ്രാസിലെ ഓറിയന്റൽമാനുസ്ക്രിപ്റ്റ്സ് ആലയത്തിൽ ഉണ്ടെന്നു കേൾക്കാനുണ്ടു്.

## ഭാരതീയ സൌന്ദര്യത്തിന്റെ ആദർശം

ഭാരതീയരുടെ സൌന്ദര്യജ്ഞാനം ഇന്നപ്രകാരമാണെന്നു മനസ്സിലാക്കുവാൻ ശില്പശാസ്ത്രം നമ്മെ വളരെ സഹായിച്ചിട്ടുണ്ട്. നമ്മുടെ ആലോചകന്മാർ പാശ്ചാത്യരുടെ സൌന്ദര്യപ്രമാണത്തെ നല്ലവണ്ണം മനസ്സിലാക്കിട്ടുള്ളതുകൊണ്ടു അവർ ഭാരതീയ കലയെ പല പ്രകാരത്തിലും പാശ്ചാത്യാദർശത്തോടു താരതമ്യപ്പെടുത്തിവരുന്നു. അവർ ഭാരതത്തിലാണു വസിക്കുന്നതെങ്കിലും അതിന്റെ പരിസ്ഥിതികളേയും വാതായനങ്ങളേയും കലകളേയും നിസ്സാരങ്ങളാണെന്നു വിചാരിച്ചു ഉപേക്ഷിക്കുകയാണു ചെയ്യുന്നതു്. ഭാരതീയ കലയുടെ വികാസത്തിനു സാക്ഷ്യം വഹിക്കുന്നവകളായ അജന്റയിലേയും ബാഘിലേയും ഗുഹകളിലുള്ള കൊത്തുപണികളേയും ഭാരതത്തിന്റെ മുക്കിലും മൂലക്കലും കിടക്കുന്ന ദേവാലയങ്ങളേയും അതിന്നകത്തുള്ള മൂർത്തികളേയും അവർ ലേശം വക വെക്കുന്നില്ല.

ഭാരതീയ കലകളിൽ അന്തർഭവിച്ചിട്ടുള്ള സിദ്ധാന്തങ്ങളേയും ഭാവനകളേയും മനസ്സിലാക്കുവാൻ ശ്രമിക്കാതെ തന്നെ ഭാരതീയ കലയെപ്പററി അഭിപ്രായം പറയുകയെന്നതു് ഇവിടത്തെ കലാസമാലോചകന്മാരുടെ ഒരു സമ്പ്രദായമായിത്തിന്നിട്ടുണ്ട്. പ്രാചീനഭാരതീയ കലാകാരന്മാർ ബിംബങ്ങളുണ്ടാക്കുമ്പോൾ അതിന്റെ ആന്തരികഭാവവും പരിചിന്തനയും പ്രദർശിപ്പിക്കുന്നതിനാണു പ്രത്യേകം മനസ്സു വെച്ചുവരുന്നതു്. അതുകൊണ്ടു അവർ ഭുജങ്ങൾ മുതലായ ചില അംഗങ്ങളുടെ രചനയിൽ അത്ര ശ്രദ്ധവെക്കുന്നില്ല. മൂർത്തികളുടെ മുഖങ്ങളെ ഭംഗിവരുത്തുന്നതിനും അതിൽ യോഗത്തിന്റേയും ശാന്തിയുടേയും ഭാവം വരുത്തുന്നതിനാണു അവർ അധികം പരിശ്രമിച്ചുവരുന്നതു്. ഭാരതീയ കലയുടെ അത്യുൽകൃഷ്ടമായ ഉദാഹരണം പണ്ടത്തെ ബുദ്ധന്റെ ബിംബങ്ങൾതന്നെയാണു്. ആ വക ബുദ്ധന്റെ പ്രതിമകൾ അതിമനോഹരങ്ങളാണെന്നുള്ളതിനു സംശയമില്ല. അവയിൽ അദ്ദേഹത്തിന്റെ ശാന്തപ്രകൃതിയും ധ്യാനമുദ്രയും പ്രത്യക്ഷമായി കാണുന്നു. ഈ

വക മൂർത്തികളെ കണ്ടാൽ ഏവനും അവയുടെ സൌന്ദര്യത്തിൽ മോഹിക്കാതിരിക്കുകയില്ല. തൽക്ഷണം "ശാന്തം, ശിവം, സുന്ദരം" എന്നിങ്ങിനെയുള്ള വാക്യം ഏവന്റെയും മുഖത്തു നിന്നു നിസ്സരിക്കുകയും ചെയ്യും. ഈവക പ്രതികളെ പൂജിക്കുന്നവന്റെ മനസ്സു ലോകത്തെ വിട്ടു അദ്ധ്യാത്മിക വിഷയത്തിൽ പ്രവേശിക്കുന്നു. ആയതിനാൽ ശുക്രാചാര്യർ — "യോഗത്തിന്റെയും ധ്യാനത്തിന്റെയും അത്യുൽകൃഷ്ടാവസ്ഥയെ പ്രാപിക്കുന്നതിൽ സഹായിക്കത്തക്ക യോഗ്യത പ്രതിക്കുണ്ടായിരിക്കേണ്ടതാണ്." എന്നു തന്റെ 'ശുക്രനീതി'യിൽ പറഞ്ഞിരിക്കുന്നതു പരമാർത്ഥമാണ്. കണ്ണുകൾക്കാനന്ദം നല്കേണമെന്നല്ലാ പ്രതികളുണ്ടാക്കുന്നവരുടെ മുഖ്യോദ്ദേശം; പൂജിക്കുന്നവരുടെ ഹൃദയത്തിൽ യോഗത്തിന്റെ പ്രഭാവമുണ്ടാക്കണമെന്നാണ്. അതുകൊണ്ടു പ്രതിമകൾ ധ്യാനാവസ്ഥിതവും ശാന്തസ്വഭാവത്തോടുകൂടിയവയും ശാന്തം, ശിവം, സുന്ദരം എന്നിവയുടെ ആദർശമായും ഭവിക്കണമെന്നു നിർബ്ബന്ധമുണ്ട്. മൂർത്തികളുണ്ടാക്കുന്നവരുംകൂടി ധ്യാനശീലന്മാരായിരിക്കേണമെന്നും ശുക്രനീതിയിൽ പറഞ്ഞിരിക്കുന്നു. അല്ലാത്തപക്ഷം അവർക്കു ഉൽകൃഷ്ടങ്ങളായ മൂർത്തികളുണ്ടാക്കുന്നതിനുള്ള സാമർത്ഥ്യമുണ്ടാകയില്ല.

ശുക്രാചാര്യർ സാത്വികം, രാജസം, താമസം എന്നിങ്ങിനെ മൂന്നു തരത്തിലാണു പ്രതികളെ വിഭജിച്ചിരിക്കുന്നത്. ഇവയിൽ (സർവ്വോൽകൃഷ്ടങ്ങൾ) സാത്വിക പ്രതിമകളാണ്. യോഗമുദ്രയിലിരിക്കുന്നവയാണെങ്കിൽ, പുറം വളവുകൂടാതെയും കൈകൾ അഭയമുദ്രയിലും ദേവഗണങ്ങളാൽ പൂജിക്കപ്പെടുന്നവയും ആയിരിക്കേണ്ടതാണ്. ഇങ്ങിനെയുള്ള സാത്വിക പ്രതിമകൾക്കു വേണ്ടതായ നാലു മുഖ്യഗുണങ്ങളെ താഴെ കാണിക്കുന്നു:—

1. യോഗമുദ്ര — ധ്യാനാവസ്ഥിതമായും ദൃഷ്ടി നാസാഗ്രത്തിൽ പതിപ്പിക്കുന്നതുമായിരിക്കേണ്ടതാണ്.

2. സ്വസ്ഥം — ശരിക്കിരിക്കുക.

3. വരാഭയകരം — കൈകൾ സേവകന്മാർക്കു വരദാനത്തെയും അഭയദാനത്തെയും നൽകുന്നവയായിരിക്കണം.

4. ദേവേന്ദ്രം — ദേവതയെ പൂജിക്കുന്ന പ്രകാരത്തിലാണ് കണ്ടുവരുന്നത്.

പ്രതിമയുടെ ഓരോ അംഗങ്ങളിൽ മനസ്സുവെച്ചു അതിനെ 'സർവ്വലക്ഷണസമ്പൂർണ്ണ'മാക്കിത്തീർക്കുന്നതാണ് മനോഹരപ്രതിമയുണ്ടാക്കുന്നതിനുള്ള രണ്ടാമത്തെ ഉപായം. ആയതിനാൽ ശില്പശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളപ്രകാരം അളവു, തൂക്കം, അനുപാതം മുതലായവകളെ അനുസരിക്കണമെന്നു ശില്പികളെ പ്രത്യേകം ഏല്പിക്കേണ്ടതാണ്, 'പ്രതിമാമാനലക്ഷണ'ത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"അശാസ്ത്രേണ മുഖം കൃത്വാ യജമാനൊ വിനശ്യതി
സശാസ്ത്രേണ മുഖം കൃത്വാ വർദ്ധതെ സഹബാന്ധവൈഃ"

അർത്ഥം — മുഖാകൃതിശാസ്ത്രവിപരീതമായിട്ടുണ്ടാകുന്നതായാൽ യജമാനനു നാശവും ശാസ്ത്രാനുകൂലമാണെങ്കിൽ ബന്ധുബാന്ധവസഹിതം വൃദ്ധി പ്രാപിക്കുന്നതുമാണു്. (പ്രതിമാ മാനലക്ഷണം)

വിധിപ്രകാരം അംഗങ്ങളുണ്ടാകുന്നതുകൊണ്ടു പ്രതിമയ്ക്കു സൌന്ദര്യമുണ്ടാകുമെന്നുതന്നെയല്ലാ പുണ്യം ലഭിക്കുന്നതുമാകുന്നു. അല്ലാത്ത പക്ഷം അതു ധനത്തിനും പ്രാണനും ഹാനികരവും നിത്യദുഃഖത്തെ വർദ്ധിപ്പിക്കുന്നതുമായിത്തീരുന്നു. ('ശുക്രനീതി—നാലാമദ്ധ്യായം:)

മനോഹര പ്രതിമയുണ്ടാക്കുന്നതിനു അനേകം ശുഭലക്ഷണങ്ങൾ കൂടി ആവശ്യമുണ്ടെന്നു "പ്രതിമാ — മാനലക്ഷണ" പ്രണേതാവും പറഞ്ഞിട്ടുണ്ടു്. അതായതു്.

"ഹസ്തരേഖാം പ്രവക്ഷ്യാമി ദേവാനാം ശുഭലക്ഷണം 53
ശംഖം പത്മം ധ്വജം വജ്രം ചക്രം സ്വസ്തിക കുണ്ഡലൌ
കലശം ശശിനം ഛത്രം ശ്രീവത്സാങ്കുരമേവ ച
ത്രിശൂലം യവമാലാശ്ച കുർവ്വീത വസുധാം തഥാ" 55

അർത്ഥം — "ശുഭലക്ഷണമാണെന്നു വിചാരിക്കപ്പെട്ടുവരുന്ന ദേവതകളുടെ ഹസ്തരേഖകളെപ്പററി പറയുന്നു ശംഖ്, പത്മം, ധ്വജം, വജ്രം, ചക്രം, സ്വസ്തികം, കുണ്ഡലം, കലശം, ചന്ദ്രൻ, ഛത്രം, ശ്രീവത്സം, അങ്കുരം, ത്രിശൂലം, യവമാല, വസുധ" എന്നിവയാണു്.

ശില്പിയും കവിയും തമ്മിൽ വലുതായ വ്യത്യാസമൊന്നുമില്ലെന്നു നാം ധരിക്കേണ്ടതാണു്. കലാകാരനും സൃഷ്ടികർത്താവാണു്. അയാളും കവിയെപ്പോലെത്തന്നെ ഒരു വസ്തുവിനെ നിർമ്മിക്കുന്നു. അയാൾക്കും തന്റെ ഉല്പാദനത്തിൽ ആനന്ദമുണ്ടു്. നമ്മുടെ ഭാരതീയ പരമ്പരയനുസരിച്ചു കവി രസത്തെ ഉല്പാദിപ്പിക്കുന്നു. ഭാരതീയ ശില്പിയും രസത്തെ ജനിപ്പിക്കുകയാണു് ചെയ്യുന്നതു്. ഭാരതീയ സാഹിത്യത്തെപ്പററി പ്രസിദ്ധമായ ഒരു പഴഞ്ചൊല്ലുള്ളതു മിക്കജനങ്ങൾക്കും അറിയാമെന്നു വിചാരിക്കുന്നു — "വാക്യം രസാത്മകം കാവ്യം." കേവലം കാവ്യം മാത്രമല്ലാ രസാത്മകമായിട്ടുള്ളു. ശില്പികളുടെ കൃതികളും രസപ്രദമാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. പ്രാചീന ഭാരതീയ ശില്പികൾ തങ്ങളുടെ ശില്പകാര്യങ്ങളിലും രസത്തെ ഉല്പാദിപ്പിക്കുന്നുണ്ടു്. രസം പരമേശ്വരന്റെ പ്രകാശമാണെന്നു അവർക്കറിയാം. ഭാരതീയ ശാസ്ത്രങ്ങളിൽ "രസോവൈ സഃ" എന്നു പറഞ്ഞിട്ടുകൂടിയുണ്ടു്.

എം. നാരായണി പുതുവാൾസ്യാർ.

# സാഹിത്യവും തത്വചിന്തയും

സർവ്വശക്തനും സച്ചിദാനന്ദസ്വരൂപനുമായ ജഗദീശ്വരൻ ആദ്യകാലത്തു തന്നെ സൃഷ്ടിച്ചുവെച്ചിട്ടുള്ള ഈ അമൂല്യസാരമായ പ്രകൃതിഖനിയെ ഖനനം ചെയ്ത് അതിൽക്കിടന്നു തിളങ്ങുന്ന അത്യുജ്വലങ്ങളായ രത്നങ്ങളെ തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്ന വേലയിൽ മനുഷ്യസമുദായം ഏർപ്പെട്ടുവാൻ തുടങ്ങിയിട്ടു എത്രയോ ആയിരം കൊല്ലങ്ങളായിരിക്കുന്നു. ഈ അനവദ്യവും അനുസ്യൂതഗതിയുമായ പരിശ്രമത്തിൻെറ മധുരഫലങ്ങളായി ജ്ഞാനവിജ്ഞാനങ്ങൾ മനുഷ്യക്കു ലഭിച്ചുകൊണ്ടേയിരിക്കുകയും ഈ ജ്ഞാനവിജ്ഞാനങ്ങളെ പ്രതിനിധീകരിക്കുന്നവയായ വിദ്യകൾ ലോകത്തിൽ സമുൽഭവിക്കുകയും ചെയ്യു. മനുഷ്യാന്തഃകരണത്തിൻെറ രണ്ടംശങ്ങളായ മനസ്സിൻേറയും ബുദ്ധിയുടേയും അധികാരവ്യാപാരങ്ങൾക്കനുസരിച്ച് ഈ വിദ്യകളെ കലാവിദ്യകളെന്നും ശാസ്ത്രവിദ്യകളെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഈ കലാവിദ്യകളും ശാസ്ത്രവിദ്യകളും മനുഷ്യസമുദായത്തിൻെറ മാനസികവും ബൗദ്ധവുമായ വളർച്ചയെ പ്രത്യക്ഷീകരിക്കുന്നതോടുകൂടി യഥാക്രമം അതിൻെറ സംസ്കാരപരിഷ്കാരങ്ങളെ സാക്ഷാൽക്കരിക്കുകയും ചെയ്യുന്നു. ആത്മപ്രതിഭാനം മനഃസത്തയോടു ബന്ധപ്പെട്ടതാകയാലും, സർവ്വപ്രധാനമായ ജീവൻെറ നിർവ്വാണവിഷയത്തിൽ ലോകം സമാധാനാഭിപ്രായമാകയാലും, മനുഷ്യൻെറ ആത്മീയോന്നതിക്കുതകുന്നതും മാനസികാംശം നിറഞ്ഞതുമായ കലാവിദ്യകളെ സംസ്കൃതലോകം വളരെക്കാലം മുമ്പു മുതൽക്കുതന്നെ ബഹുമാനിച്ചുവരുവാൻ തുടങ്ങി. ചിദ്രൂപമായ പരമാത്മാവിൻെറ രണ്ടു പ്രതിഭാസപ്രകാരങ്ങളെന്നു പറയാവുന്ന സംസ്കാരപരിഷ്കാരങ്ങളിൽ മതം, സാഹിത്യം, സംഗീതം തുടങ്ങിയവ ആദ്യത്തേതിൻേറയും, കൃഷി, കൈത്തൊഴിൽ തുടങ്ങിയവ രണ്ടാമത്തേതിൻേറയും വിവരണോപാധിയിൽ അടങ്ങുന്ന വിഷയങ്ങളാണെന്നു ചുരുക്കത്തിൽ പറയാം. കലാവിദ്യകളിൽ ആത്മീയതത്വവും ശാസ്ത്രവിദ്യകളിൽ ഭൗതികതത്വവും ആണ് അധികം പ്രതിഫലിക്കുന്നതു്. ഇത്രയും പ്രസ്താവിച്ചതിൽനിന്നു മനുഷ്യൻെറ സംസ്കാരപരിഷ്കാരങ്ങളെ, പ്രത്യേകിച്ചും സംസ്കാരത്തെ, സാക്ഷാൽക്കരിക്കുന്നവയാണു് കലാവിദ്യകളെന്നും ഈ വിദ്യകളിൽ ഏറാവും ഉയർന്ന ഒരു സ്ഥാനത്തിലാണു് സാഹിത്യസംഗീതാദികൾ നില്ക്കുന്നതെന്നും വ്യക്തമായെന്നു കരുതുന്നു.

അതിവിശിഷ്ടങ്ങളായ ലളിതകലകൾക്കെല്ലാം തന്നെ സാർവ്വത്രികമായ ശ്രൈഷ്ഠ്യം വിദ്വൽസുവിദിതമാണെങ്കിൽക്കൂടി, സാർവ്വജനീന

ത്വം, സാർവ്വജനികത്വം, സാർവ്വകാലികത്വം തുടങ്ങിയ പല ഉൽകൃഷ്ട ഗുണങ്ങളുമുള്ള സാഹിത്യത്തിന്നാണ് ഇവയിൽ വെച്ച് സാർവ്വഭൌമത്വം കല്പിച്ചുകൊടുക്കപ്പെട്ടിട്ടുള്ളത്. ഈ സന്ദർഭത്തിൽ കലാവിദ്യകളുടെ ഉൽപ്പത്തിസ്ഥാനത്തെപ്പററിയും മററും അല്പമൊന്നു പ്രതിപാദിക്കേണ്ടിയിരിക്കുന്നു. സകല കലാവിദ്യകളുടേയും ഉൽഭവസ്ഥാനം പ്രകൃതിയാണെന്നും, പ്രകൃതിയെ അനുകരിച്ചുകൊണ്ട് അതിൻെറ സൌന്ദര്യത്താൽ ആകൃഷ്ടഹൃദയനായ ഒരു സംസ്കൃതമനുഷ്യൻ ചെയ്യുവാനാരംഭിക്കുന്ന ആനന്ദലബ്ധിക്കുള്ള ഒരുതരം കൃത്രിമസൃഷ്ടിയാണ് കലയെന്നും ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. "അപാരകാവ്യസംസാരേ കവിരേകഃ പ്രജാപതിഃ" എന്നും മററുമുള്ള വാക്യങ്ങൾ കലാകോവിദന്മാരുടെ സൃഷ്ടിസാമർത്ഥ്യത്തേയും അതിന്നുള്ള അർഹതയേയും സുവ്യക്തമാക്കുന്നുണ്ട്. പ്രകൃതി സൌന്ദര്യാത്മികയാണ്. സൌന്ദര്യമെന്നതു, പ്രകൃതിയിൽ, പാലിൽ നെയ്യെന്നപോലെ വ്യാപിച്ചു കിടക്കുന്നതും, സച്ചിദാനന്ദസ്വരൂപമായ പരബ്രഹ്മത്തിൻെറ ദൃശ്യമുദ്രപോലെ പ്രകാശിക്കുന്നതും, വാസനയും വികാസവും നിറഞ്ഞ ഹൃദയത്തിൽ മാത്രം സാത്വികനിലയിൽ പ്രതിഭാസിക്കുന്നതുമായ ഒരനശ്വര സത്തയല്ലാതെ മറെറാന്നുമല്ല. കലാവിദ്യകളെല്ലാം അത്യുൽകൃഷ്ടമായ ഈ പ്രകൃതിസൌന്ദര്യത്തെ പകർത്തിക്കാട്ടുന്നവയാണ്. എന്നാൽ ഈ "പകർപ്പ്" ഒരുതരം സൃഷ്ടിതന്നെയാണ്. അതായതു് (Idealism) ആദർശധർമ്മത്തെ പുരസ്കരിച്ചു കൊണ്ടു ചെയ്യുന്നതും, പ്രകൃതിയുടെ യഥാതഥമായ അഥവാ വാസ്തവികമായ (Real) രൂപത്തിൽനിന്ന് ഒരു പടികൂടി ഉയർന്നനിലയിലുള്ളതുമായ ഒരുതരം സൃഷ്ടിയാണതു്. "കല, കലയായിത്തിരുന്നതു പ്രകൃതിയെ അതിശയിച്ചുനില്ക്കുന്നതുകൊണ്ടാണെ"ന്നു ഗീഥെ അഭിപ്രായപ്പെടുന്നു. കല പ്രകൃതിയുടെ അനുകരണമാണെന്നഭിപ്രായപ്പെടുന്ന അരിസ്റ്റോട്ടലും ആ "അനുകരണ"ശബ്ദത്തിന്നു മുമ്പു പറഞ്ഞ അർത്ഥമാണ് കല്പിച്ചുകൊടുത്തിട്ടുള്ളതു്.

"നാനാത്വത്തിൽ ഏകത്വം കാണിക്കുകയാണ് കലകളുടെ പ്രയോജനമെന്നും, "മനുഷ്യന്നു കലാവിദ്യകളുടെ സഹായംകൂടാതെ ജീവിക്കുക അസാദ്ധ്യമാണെ"ന്നും മററും പല മഹാന്മാരും അഭിപ്രായപ്പെടുന്നു. "കലകൾ മനുഷ്യനെ മൃഗത്തിൽനിന്നു വ്യാവർത്തിപ്പിക്കുന്നു"വെന്നാണു പിത്താഗോറസ്സ് പറയുന്നതു്. "മനുഷ്യജീവിതത്തെ പരിപൂർണ്ണമാക്കുകയാണ് കലകളുടെ ഉദ്ദേശ്യ"മെന്നു ഡോക്ടർ കസിൻസ് അഭിപ്രായപ്പെടുന്നു.

അരിസ്റ്റോട്ടൽ കലാവിദ്യകളെ ലളിതകലകളെന്നും ഉപയോഗ

കലകളെന്നും രണ്ടായി തരംതിരിക്കുന്നുണ്ട്. ഇതിൽ ലളിതകലകൾ പ്രാധാന്യേന പ്രകൃതിയെ അനുകരിക്കുകയും, ഉപയോഗികലകൾ പ്രകൃതിയെ ദാസീകരിക്കുകയും ചെയ്യുന്നു. ഹൃദയാഹ്ലാദനമാണ് പ്രധാനമായി ലളിതകലകളുടെ ഉപകാരം. സാഹിത്യം സംഗീതം തുടങ്ങിയവ ലളിതകലകളും, കൊത്തുപണി ഗൃഹനിൎമ്മാണം തുടങ്ങിയവ ഉപയോഗികലകളുമാകുന്നു. സാഹിത്യം എന്നതു മനോഹരങ്ങളായ ശബ്ദാൎത്ഥങ്ങളെക്കൊണ്ടു പ്രതിഭാശാലികളായ കവികൾ നിൎമ്മിക്കുന്ന ഒരു കലാവിശേഷമാണ്. സാൎവ്വജനീനത്വം തുടങ്ങിയവയല്ല പുറമെ വ്യഞ്ജകത്വം എന്ന ഗുണവും സാഹിത്യത്തിന്റെ ഔൽകൃഷ്ട്യത്തെ വൎദ്ധിപ്പിക്കുന്നു.

ലോകത്തിൽ സാഹിത്യകലയ്ക്കുള്ള പരിപൂജ്യമായ സ്ഥാനത്തെ അപലപിപ്പാൻ ആൎക്കും സാദ്ധ്യമല്ല. ആചാൎയ്യദണ്ഡിയുടെ "ഇദമന്ധംതമഃ കൃൽസ്നം ജായേത ഭുവനത്രയം യദി ശബ്ദാഹ്വയം ജ്യോതിരാസംസാരം ന ദീപ്യതേ" എന്നുള്ള വാക്യം വളരെ അൎത്ഥവത്താണ്. "സാഹിത്യമപി സംഗീതം സരസ്വത്യാഃ സ്തനദ്വയം" എന്നും മററുമുള്ള പദ്യങ്ങൾ അറിയാത്തവരായിട്ടൊരാളും ഭാഷാപരിജ്ഞാനമുള്ളവരിൽ ഉണ്ടാവില്ല. "കൎണ്ണം ഗതം ശുഷ്യതി ഏവ" എന്ന പദ്യം നീലകണ്ഠദീക്ഷിതരുടെ സാഹിത്യപക്ഷപാതിത്വത്തെ കാണിക്കുന്നു. സാഹിത്യം ജനസമുദായത്തിന്റെ പൊതുവിലുള്ള ഒരനശ്വരസമ്പത്താണ്. ഹോമറും ഷേക്സ്പിയറും, വാല്മീകിയും കാളിദാസരും ഇന്നിതുവരെയും മരിച്ചിട്ടില്ല; ഇനി മരിക്കുകയുമില്ല. സാഹിത്യം ലോകോത്തരമായ ഒരു ദിവ്യാമൃതമാകുന്നു. സാഹിത്യകാരന്മാർ വെറും ശബ്ദമുണ്ടാക്കുന്ന കൂട്ടരെന്നഭിപ്രായപ്പെട്ടിരുന്ന നെപ്പോളിയന്നുകൂടി അന്ത്യകാലത്തിൽ ആ അഭിപ്രായം മാറേറണ്ടി വന്നതായിപ്പറയപ്പെടുന്നു. മോസ്ക്കോ നശിപ്പിച്ച അലക്സാൻറർ പിണ്ഡാരിസ്സിന്റെ ഗൃഹം രക്ഷിപ്പാൻ കല്പിച്ചതും, മററു ധനങ്ങളെയെല്ലാം ഉപേക്ഷിച്ചു ശിലാദിത്യൻ ഭവഭൂതിയെക്കൊണ്ടുപോയതും സാഹിത്യകാരന്മാരോടു മഹാന്മാൎക്കുള്ള പക്ഷപാതത്തെ കാണിക്കുന്നു. ഇങ്ങിനെ സാഹിത്യത്തിന്റെ സൎവ്വപ്രാധാന്യത്തെ തെളിയിപ്പാൻ എത്രയെത്ര ഉദാഹരണങ്ങളും പ്രമാണങ്ങളും ഉദ്ധരിപ്പാൻ സാധിക്കുന്നതാണ്.

ഇനി നമുക്കിവിടെ അല്പം ആലോചിപ്പാനുള്ളതു സാഹിത്യത്തിന്റെ പ്രയോജനത്തെപ്പററിയാണ്. ഈ വിഷയത്തിൽ ചില അഭിപ്രായവ്യത്യാസങ്ങളെല്ലാമുണ്ട്. കലകൾ ആനന്ദകരങ്ങളായിരിക്കേണമെന്നതിനെപ്പററി തൎക്കത്തിന്നവകാശമില്ല. എന്നാൽ ആനന്ദദാനം മാത്രമാണോ അവയുടെ ഉദ്ദേശ്യം? ഇതാണിവിടെ ആലോചിക്കേണ്ടതായിട്ടുള്ള

തു്. കല കലയ്ക്കുവേണ്ടി മാത്രമോ അതോ അതിൽക്കവിഞ്ഞ വല്ലതും അതുകൊണ്ടു സാധിയ്ക്കേണ്ടതായിട്ടുണ്ടോ?

"കാവ്യം യശസേऽർത്ഥകൃതേ വ്യവഹാരവിദേ ശിവേതരക്ഷതയേ സദ്യഃപരനിർവൃതയേ കാന്താസമ്മിതതയോപദേശയുജേ" എന്നും മററുമുള്ള വചനങ്ങൾ, ഭാരതീയരുടെ അഭിപ്രായത്തിൽ, കവിതയുടെ ഉദ്ദേശ്യം വെറും ആനന്ദിപ്പിയ്ക്കുക മാത്രമല്ല, എന്നു തെളിയുന്നുണ്ട്. തത്വോപദേശം ചെയ്തു മനുഷ്യനെ സംസ്കരിയ്ക്കുകകൂടി ചെയ്യേണ്ടതു് കവിതയുടെ കടമയാണെന്നു് ഇങ്ങിനെ സംസ്കൃതാലങ്കാരികന്മാർ സിദ്ധാന്തിയ്ക്കുന്നു. "സാഹിത്യം എന്നതു സദാചാരശുദ്ധമായ മനുഷ്യസ്വഭാവത്തിൻെറ ഭാഷാരൂപത്തിലുള്ള ബഹിഃപ്രകാശനമാണെന്നു ന്യൂമാൻ അഭിപ്രായപ്പെടുന്നതു സാഹിത്യത്തിൻെറ ഗൗരവത്തെ തെളിയിയ്ക്കുന്നുണ്ടു്. "കവിത ജീവിതത്തിൻെറ വിമർശനമാണെ"ന്ന മാത്യൂ ആർനോൾഡിൻെറ അഭിപ്രായവും ഈ തത്വത്തെ വെളിപ്പെടുത്തുന്നതായിക്കാണാം. "ശാസ്ത്രത്തോടു വിപരീതമാണു കവിത; താൽക്കാലികമായ തദ്ദുഃഖം ദോഷമാണു്; തത്വമല്ല" എന്നു കോൾറിഡ്ജ് അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ 'താൽക്കാലികമായ ദോഷ'ത്തിലും കവിഞ്ഞൊരുദ്ദേശ്യം കവിതയ്ക്കില്ലെന്നു് ഇതിൽ നിന്നു വരുന്നില്ല.

വാസ്തവത്തിൽ മനുഷ്യൻെറ ഹൃദയത്തെ സംസ്കരിച്ചു ഉയർത്തുവാൻ യത്നിയ്ക്കാത്ത ഒരു കലാവിദ്യയും ആ പേരിനെ അർഹിയ്ക്കുന്നില്ല. മനുഷ്യൻെറ വികാരങ്ങളേയും വിചാരങ്ങളേയും പകർത്തിക്കാണിച്ചു അതിൽക്കാണുന്ന സൽഗുണങ്ങൾ നിറഞ്ഞ ഭാഗങ്ങളെ സ്വീകരിയ്ക്കുവാനും, മററുള്ളവയെ തള്ളുവാനും അനുവാചകന്മാരെ പ്രേരിക്കുകയാണു് യഥാർത്ഥത്തിൽ സാഹിത്യഗ്രന്ഥങ്ങൾ ചെയ്യേണ്ടതു്. വെറും ഭൗതികതയിലേയ്ക്കോടിപ്പോയിക്കൊണ്ടിരിയ്ക്കുന്നതും, താമസപ്രകൃതിയിലേയ്ക്കാണ്ടുപോയിക്കൊണ്ടിരിയ്ക്കുന്നതുമായ മനുഷ്യാത്മാവിനെ സംസ്കരിച്ചു സത്വഗുണത്തിലേയ്ക്കുയർത്തിക്കൊണ്ടു വരത്തക്കവിധത്തിൽ മധുരങ്ങളായ ഉപദേശങ്ങൾ അടങ്ങിയതായിരിക്കണം സാഹിത്യപുസ്തകങ്ങൾ. മനുഷ്യരിൽ സന്മാർഗ്ഗബോധത്തേയും കർത്തവ്യജ്ഞാനത്തേയും ഉണ്ടാക്കുവാൻ പര്യാപ്തമായ തത്വങ്ങൾ സാഹിത്യത്തിൽനിന്നു മനുഷ്യന്നു മനസ്സിലാക്കുവാൻ സാധിയ്ക്കുമാറാകണം. ഉയർന്ന ചിന്തകൾ കവിതകളിൽ അത്യാവശ്യമാണു്. മാത്യൂ ആർണോൾഡ് കവിതയെപ്പററി നിരൂപണം ചെയ്യുമ്പോൾ, High Seriousness 'ഒരുയർന്നഗൗരവം' എന്ന ഗുണം കവിതയിൽ ധാരാളമായി വേണമെന്നു പറയുന്നുണ്ടു്. ഈ ഗുണം ഉണ്ടാവണമെങ്കിൽ കവി മനസ്സിനെ അല്പം അന്തർമ്മുഖമാക്കിച്ചെയ്യേണ്ടതുണ്ടു്. എന്നാൽ

മാത്രമേ ഉൽകൃഷ്ടചിന്തകൾ ഉണ്ടാവുകയുള്ളു. ഈ ചിന്തകൾക്കു സാർവ്വത്രികത്വവും സാമാന്യത്വവും ഉണ്ടായിരിക്കണം. എമേഴ്സൺ പറയുന്നു:—"ലോകം കെട്ടിപ്പടുത്തിട്ടുള്ളതു് കല്ലുകൊണ്ടോ ഇഷ്ടികകൊണ്ടോ അല്ല; ഉൽകൃഷ്ടചിന്തകൾകൊണ്ടാകുന്നു." കവിത കവിതയായിത്തീരുന്നതു "സാമാന്യ"ത്തെ അധികരിച്ചെഴുതുന്നതുകൊണ്ടാണ്. അല്ലാതെ, "വിശേഷ"ത്തെ ആസ്പദമാക്കി എഴുതുന്നതുകൊണ്ടല്ല എന്നു അരിസ്റ്റോട്ടൽ പ്രഭിപ്രായപ്പെട്ടനുണ്ട്; അതായതു് 'വ്യക്തിത്വം' Individuality അല്ല "സാർവ്വജനീന"ത്വം (Universality) ആയിരിക്കണം കവിയുടെ ലക്ഷ്യം എന്നർത്ഥം. "ഘടപടാ"ദികളെക്കൊണ്ടും, "ആകാശസൂനവന്ധ്യാപുത്രാ"ദികളെക്കൊണ്ടും ചില "പണി"കൾ കാണിച്ചതുകൊണ്ടു ചിന്താപരമായ കവിതയാവുകയില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കവിയുടെ വാക്യം സർവ്വലൗകികമാണ്. ഏതു മഹാകവിയുടെ കൃതികളെടുത്തുനോക്കിയാൽ മേൽപ്പറഞ്ഞ വിധത്തിലുള്ള ഉയൎന്ന ചിന്തകളുടെ അംശങ്ങൾ അവയിൽ സവിശേഷം കാണാവുന്നതാണ്.

സാഹിത്യവും സദാചാരവും തമ്മിൽ അഖണ്ഡമായ ബന്ധമുള്ളതുകൊണ്ടാണ് കവിതയിൽ ഗൗരവാവഹങ്ങളായ ഉയൎന്ന ചിന്തകൾക്കു സ്ഥാനം ലഭിച്ചതു്. തത്വചിന്തകൾ ധാരാളമുള്ള സാഹിത്യഗ്രന്ഥം നമ്മുടെ മനസ്സിനെ, സന്തോഷിപ്പിക്കുകയും, സമാധാനിപ്പിക്കുകയും, തൃപ്തിപ്പെടുത്തുകയും, പ്രപഞ്ചത്തെപ്പററി സ്വയം ചിന്തിപ്പാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഇത്തരം ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ഏതു ദുഃഖവും നാം മറക്കുന്നു. ശാന്തിയും, ശുദ്ധിയും നമ്മുടെ മനസ്സിനുണ്ടായിത്തീരുകയും ചെയ്യുന്നു. "വൈദികഋക്കുകളും സദാചാരപദ്യങ്ങളും ഒഴിച്ചു എല്ലാ കാവ്യങ്ങളും തിരസ്കരിക്കേണ്ടവയാണെന്നു പ്ലേറേറാ പറയുന്നതിൻെറ അർത്ഥം ഈ സന്ദർഭത്തിൽ ആലോചിക്കേണ്ടതാണ്.

മലയാളസാഹിത്യത്തിൽ തത്വചിന്താപരങ്ങളായ കവിതകൾ ഉണ്ടായിത്തുടങ്ങിയിട്ടു വളരെക്കാലമായിട്ടില്ല. മഹാകവി ആശാനാണ് ഇത്തരം കവിതകൾ ആദ്യമായി ധാരാളം എഴുതിത്തുടങ്ങിയതു്. തുഞ്ചൻെറ രാമായണഭാരതാദികളിലും മററും തത്വചിന്തകളുണ്ടെന്നുള്ളതു ശരിതന്നെ; പക്ഷെ ഓരോ പ്രത്യേകസന്ദർഭങ്ങളിൽ വേദാന്തത്തെ സംബന്ധിച്ച ദീർഘമായ ഓരോ ഉപദേശങ്ങൾ ഉള്ളതു ശുഷ്കവേദാന്തികളെ മാത്രമെ അത്യധികം ആനന്ദിപ്പിക്കുകയുള്ളുവെന്ന സംഗതി ഇവിടെ സ്മരണീയമാണ്. കവിതയിൽ തത്വോപദേശം ചെയ്യുന്നതു് 'ശാസ്ത്രീയ'രീതിയിലായാലും, വളരെ ദീർഘമായിരുന്നാലും സഹൃദയന്മാർക്ക് ഹൃദയോല്ലാസം ഉണ്ടാക്കുന്നതല്ല.

"സാധിച്ചവേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ, സദാനിശിപാന്ഥപാദം
ബാധിച്ചരുക്ഷശില വാഴ്വതിൽനിന്നുമേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിത മല്ലികാമ്യം."

എന്നും,

"തിരിയും രസബിന്ദുഃ പോലെയും
പൊരിയും നെന്മണിയെന്നപോലെയും
ഇരിയാതെമനം ചലിപ്പഹാ!
ഗുരുവായും ലഘുവായു മാത്തിയാൽ."

എന്നും,

"കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ
വരുതിലഭിച്ചതിൽ നിന്നിടാവിചാരം.
പരമഹിതമറിഞ്ഞുകൂട, യായു
സ്ഥിരതയുമില്ല,തിവിന്ദ്യമീനരത്വം!"

എന്നും മററുമുള്ള മഹാകവി ആശാൻെറ സൂക്തിശകലങ്ങൾ ഏതൊരു ഹൃദയാലുവിനെയാണ് ഉയൎന്ന ചിന്തയിലേയ്ക്കും ശുദ്ധമായ ആനന്ദത്തിലേയ്ക്കും പ്രവേശിപ്പിക്കാതിരിക്കുന്നത്? ശ്രീമാൻ നാലപ്പാടിൻെറ,

"അനന്തമജ്ഞാതമവൎണ്ണനീയ-
മീലോകഗോളം തിരിയുന്ന മാൎഗ്ഗം;
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്നമൎത്ത്യൻ കഥയെന്തുകണ്ടു?"

എന്ന പദ്യം വായിക്കുന്നതോടുകൂടി ഏതൊരു മുഗ്ദ്ധഹൃദയവും പ്രപഞ്ചത്തിൻെറ ചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിപ്പാൻ നിബ്ബന്ധിതമായിത്തീരുന്നു. ഇത്തരം പദ്യങ്ങൾ കെ. കെ. രാജൻേറയും മററും കവിതകളിലും ധാരാളം കാണുന്നുണ്ട്.

ആത്മീയചിന്തയുടെ ആധിക്യമാണ് ഷെല്ലി, ഉമാർഖയ്യാം, ടാഗോർ തുടങ്ങിയ മഹാകവികളുടെ കവിതക്കു മാഹാത്മ്യം സമ്പാദിച്ചുകൊടുത്തിട്ടുള്ളതു്.

ഷെല്ലിപ്രാത്ഥിക്കുകയാണു്;—"അല്ലയോസൂക്ഷ്മജീവികളുടെ

മുള്ളുമെത്തയിൽക്കിടന്ന് എന്റെ ദേഹം മുഴുവൻ മുറിഞ്ഞുകഴിഞ്ഞു. എന്നിൽനിന്നു രക്തം ധാരധാരയായി ഒഴുകുന്നു. എന്നെ ഒരുതിരയെപ്പോലെയോ ഇലയെപ്പോലെയൊ മേഘത്തെപ്പോലെയൊ മേല്പ്പോട്ടുയർത്തിയാലും". ഈ മഹാകവി വേറൊരിക്കൽ പറയുന്നു:—"വിളക്കിന്റെ അവസാനനാളംപോലെയും സൂര്യരശ്മിതട്ടി നശിപ്പാൻ തുടങ്ങുന്ന മഞ്ഞുതുള്ളിപോലെയും ഇതാ എന്റെ ഹൃദയം വിറച്ചുകൊണ്ടിരിക്കുന്നു." ഇതിലെല്ലാം തത്വചിന്ത അടങ്ങിയിരിക്കുന്നു. യഥാർത്ഥജീവിതവിമർശനമാണ് ഇവയിലടങ്ങിയിരിക്കുന്നത്. ടാഗോർ തന്റെ ജീവിതവേണുവിൽ കാററു നിറച്ചുകൊണ്ട് അതുമായി കാട്ടിൽക്കൂടെയും മേട്ടിൽക്കൂടെയും കൊണ്ടു നടന്നുകൊണ്ടിരിപ്പാൻ നാഥനോടു പ്രാർത്ഥിക്കുന്നു. പേഴ്സ്യൻ മഹാകവി ഉമർ ഇങ്ങിനെ പാടുന്നു:—

"കാലമാകും പലകമേൽ വിധിയുടെ ചതുരംഗ—
ലീലനിസ്സഹായകരെനിര നിരത്തി,
നീക്കുമങ്ങുമിങ്ങുമവ നിരോധിയ്ക്കും നിഗ്രഹിയ്ക്കു—
മാകെ മടങ്ങൊരു ദിയ്ക്കിലോരോന്നായെല്ലാം"

(ശങ്കരക്കുറുപ്പിന്റെ "വിലാസ ലഹരി") ഇത്തരം പദ്യങ്ങളിൽ കാണുന്ന ചിന്താഗതി ആരേയും വിസ്മയിപ്പിക്കാതിരിക്കയില്ല.

"സദാചാരം പഠിപ്പിയ്ക്കുകയാണ് കലാവിദ്യകളുടെ ഉദ്ദേശ്യം" എന്ന് ടോൾസ്റ്റോയ് പറയുന്നുണ്ട്. മനുഷ്യനെ സംസ്കരിച്ചുയർത്തുവാൻ തത്വചിന്താപരങ്ങളായ കവിതകൾക്കു യഥാർത്ഥത്തിൽ സാധിയ്ക്കുകയുള്ളുവെന്നു ഇത്രയും പ്രസ്താവിച്ചതിൽ നിന്നു വ്യക്തമായെന്നു വിശ്വസിക്കുന്നു. വെറും "പച്ചശൃംഗാരം" എഴുതുന്നതിൽ നിന്നു നമ്മുടെ യുവകവികളിൽ പലരും വിരമിയ്ക്കേണ്ടകാലം അതിക്രമിച്ചുകഴിഞ്ഞു.

കെ. എൻ. എഴുത്തച്ഛൻ.

---

# ആദ്യ പുഞ്ചിരി

(അന്നമ്മ)

ചരമ ഭാസ്കർ തലോടിട്ടോമൽ-
ക്കവിളൊട്ടുമൊത്ത കലേശനേർ മുഖി
തെളിമൃദുസ്മിതക്കളിയാവെ ബിംബാ-
ധരത്തിൻ മാധുരിയിരട്ടിയാക്കിയും,

വിവിധഭാവങ്ങൾ തിരയടിച്ചിടും
വികസിതേക്ഷണ മിവനിലപ്പിച്ചും,
ചുരുണ്ട കററക്കാർ മുടിമനോജ്ഞമായ്
വശം വകഞ്ഞു തെല്ലൊതുക്കികെട്ടിയും,
ഉയന്ന മാത്തട്ടിൽ സരാഗം വെച്ചിടും
സുവണ്ണമാം മാല്യം മനോഹരം ചേത്തും,
പദസരം പുണന്നതി മധുരമായ്-
കളാലാപം ചെയ്യും പദതലങ്ങളാൽ-
പ്രകടരാഗമാം മധുര മദ്ധ്യമാ-
ഗളം കഴിയ്ക്കയാൽ സ്ഖലിയ്ക്കും കാൽകളാൽ
പൊടിയിലും, വെമ്പിത്തുടിച്ചിടുമെൻറ
കരൾത്തടത്തിലും ചില വികാരങ്ങൾ
വരുത്തിയെന്നോമൽ വരവെ, ഹന്ത! ഞാൻ
മറന്നു പുഞ്ചിരി പൊഴിച്ചെതിരേൽപ്പാൻ;
അര ഞൊടിയിടയ്ക്കകം കുളിപ്പിക്കും
മധുമധുരപ്പുഞ്ചിരി മറഞ്ഞുപോയ്!
പരിണതശരന്നിശാകരബിംബം
വിരളശോഭമായ് മുകിലേറുകയാൽ.
അഭിമുഖമായിക്കടന്നുപോയൊരാ-
മദീയജീവിതഭവ്യകാധീശ്വരി
തിരിഞ്ഞുനോക്കിപ്പോയ്മറഞ്ഞു സത്രപം
പരിഭവച്ഛായ തിരണ്ടകണ്ണുകളാൽ.

അനഘമാം പല ഗുണഗണങ്ങളും
നിസഗ്ഗസിദ്ധമാം ഭവാനെന്നാകിലും
പ്രണയമേ, യതിചപലയാണുനീ;
പ്രസിദ്ധം നിന്നല്പരസവും പണ്ടുതാൻ.

വിനിഗ്ഗളൽബ്ഭാവകടാക്ഷമെന്നൊടാ-
യിനിയൊരിക്കലെങ്കിലും മൃദുസ്മിതം
പൊഴിക്കുകില്ലയോ? ഹതഭാഗ്യനിവൻ
മറന്നുപുഞ്ചിരി പൊഴിച്ചെതിരേൽപ്പാൻ.

കെ. എസ്. എഴുത്തച്ഛൻ.

# അതെന്തേ...? *

ഒരു സ്ത്രീയുടെ നിരാഡംബരമായ ജീവിതത്തെപ്പററിയാണ് ഈ കഥ. നിസ്സാരമായ സംഭവങ്ങൾ മാത്രമേ ഇതിൽ അടങ്ങിയിട്ടുള്ളൂ. മനുഷ്യസമുദായ ശൃംഖലയുടെ ഒരു ചെറിയ കണ്ണി. എങ്കിലും സ്വർഗ്ഗോന്മുഖമായ ഒരു ഹൃദയമായിരുന്നു അവളുടേത്. ഒരു ഹൈന്ദവസ്ത്രീയുടെ ലോകം സങ്കുചിതമാണ്. ഈ കൊച്ചുലോകത്തെ മഹനീയമാക്കുന്ന, പരിശുദ്ധവികാരങ്ങളുടെ സങ്കേതമാക്കുന്ന ഒരു ഹൃദയസ്പന്ദം, ഒരു ജീവിതോദ്ദേശം, ഒരു ജീവിതാദർശം, ഒരു ജീവിതാശ, അവൾക്കു ഉണ്ടായിരുന്നു. അവളുടെ ജീവിതം ഒരു വലിയ പ്രേമമാണ്. ഭർത്തൃസമ്മേളനദിനം മുതൽ ജീവിതാവസാനം വരെ ആ മഹത്തരമായ സ്നേഹം, അന്യവിഷയങ്ങളിൽ ശ്രദ്ധ പതിയാതിരിക്കത്തക്കവണ്ണം അവളുടെ ഹൃദയത്തിൽ തുളുമ്പിക്കൊണ്ടിരിക്കും; അവളുടെ ജീവിതത്തിൽ നിറഞ്ഞിരിക്കും. സ്നേഹഭരിതമായ ഹൃദയത്തിനു സ്നേഹഭരിതമായ ഹൃദയം തന്നെയാണ് പകരം ലഭിക്കേണ്ടതു്. തജ്ജന്യമായ ആനന്ദത്തിന്റെ അഗാധത ദൈവത്തിന് മാത്രമേ അളക്കാവൂ! മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ സ്ത്രീയുടെ ലോകം ശുദ്ധശൂന്യമാണ്. ജീവിതത്തിന്നു അവൾക്കു നൽകുവാനുള്ളതായ ഏകവസ്തു നഷ്ടമാകുന്നു. തൽസ്ഥാനത്തു മറെറാന്നു പകരം വയ്ക്കുവാൻ സാധിക്കുന്നതല്ല.

ഞാൻ ഒരു ഹൈന്ദവസ്ത്രീയാകുന്നു. ഞാൻ ദുഃഖിതയാണ്; ഏകാകിനിയാണ്. എന്റെ ശ്വശ്രൂ. ആ സ്ത്രീ എന്നെ അതിരില്ലാതെ സ്നേഹിച്ചു. എല്ലായ്പ്പോഴും എന്നെ ആനന്ദമയിയായികാണണമെന്നായിരുന്നു ആ ശുദ്ധഹൃദയയുടെ ഏകോദ്ദേശം. എനിക്കു് സന്താനമുണ്ടായിരുന്നില്ലേ? ഉവ്വ്. സുകുമാരനും ബുദ്ധിമാനുമായ ഒരു ആൺകുട്ടിയെ ദൈവം എനിക്കു തന്നിട്ടുണ്ടായിരുന്നു. അമ്മയുടെ ക്രൂരമായ വാക്കുകൾ നിമിത്തം ഭർത്താവു് വീടു വിട്ടു പുറത്തിറങ്ങി. അതു മുതൽ ഞാൻ ഏകാകിനിയായിത്തീർന്നു. അദ്ദേഹത്തെ ഓർത്തു ഞാൻ എല്ലായ്പ്പോഴും വ്യസനിക്കുന്നു.

പതിനഞ്ചു ദിവസം കഴിഞ്ഞു അദ്ദേഹം പോയിട്ടു്. അതിൽപ്പിന്നെ യാതൊരു വിവരവുമില്ല. ഭർത്താവിനെ അന്വേഷിക്കുവാൻ ഞാൻ ആളുകളെ അയച്ചു. "അദ്ദേഹം അവിടെയില്ല. ഗൃഹം പൂട്ടിയിരിക്കുന്നു", വ്യസനകരമായ ഒരു മറുപടിയാണ് എനിക്കു കിട്ടിയതു്. ശ്വശ്രൂവിന്റെ ഉൽക്കണ്ഠയ്ക്കു് അറുതിയുണ്ടായിരുന്നില്ല. എന്റെ കഥയോ?

* സ്വർണ്ണകുമാരീദേവിയുടെ ഒരു ചെറുകഥ.

എനിക്കു ഊണും ഉറക്കവും ഇല്ലാതായി. ദുസ്സഹമായ ദുഃഖത്തിൽ എന്റെ ഓമനയെ ഞാൻ മാറോടണച്ചു. എന്റെ ദുർബ്ബലമായ ഹൃദയത്തിനു് ചുമക്കുവാൻ വയ്യാതായി ആ ദുഃഖം. എന്നാലും ഈശ്വരൻ മനുഷ്യന്റെ നേരെ ഉദാസീനനല്ല. അനുകമ്പാപൂൎണ്ണനായ അദ്ദേഹം ദുഃഖിതരെ സമാധാനിപ്പിക്കുന്നു.

പ്രഭാതം. നീണ്ടനീണ്ടയാമങ്ങൾ ഞാൻ കരഞ്ഞു കരഞ്ഞു കഴിച്ചുകൂട്ടി. അങ്ങിനെ ഞാൻ ഒന്നു മയങ്ങി. മയക്കത്തിൽ ഞാൻ അത്ഭുതകരമായ ഒരു സ്വപ്നം കണ്ടു. ആകാശം പ്രകാശമാനമായി. ആ പ്രകാശത്തിൽ മനോഹരമായ ഒരു പൂവ്വ് എന്റെ നേരെ നീട്ടിക്കൊണ്ടു ഒരു സ്ത്രീ രൂപം എന്റെ മുൻപിൽ ആവിർഭവിച്ചു. "വത്സേ, ഈ പൂവ്വെടുത്തു നിന്റെ തലയിൽ ചൂടു. ഭൎത്താവ് നിന്നെ സ്നേഹിക്കും," ആ രൂപം പറഞ്ഞതായി എനിക്കു തോന്നി. ഞാൻ പൂവ്വെടുക്കുകയും ഉണരുകയും ചെയ്തു. പ്രഭാതയാമം കഴിഞ്ഞിട്ടില്ല. ഞാൻ എഴുന്നേററു അമ്മയുടെസമീപത്തുചെന്നു കണ്ടതെല്ലാം പറഞ്ഞു. "നിന്റെ കൈയിൽ ആ പൂവുണ്ടോ" എന്നു അമ്മ എന്നോടു ചോദിച്ചു.

"ഇല്ല. ഞാൻ സ്വപ്നത്തിലാണു് പൂവുകണ്ടതു്."

"വത്സേ, നീ കാളീക്ഷേത്രത്തിൽപോയി കുളിച്ചുതൊഴുതു് ഒരു പൂവെടുത്തു ചൂടു. വേഗമാവട്ടെ. സമയം വെറുതെ കളയരുതു്."

ii

ഞങ്ങൾ ഭവാനിപുരത്തിൽ താമസിക്കുന്നു. കാളീക്ഷേത്രം ഞങ്ങളുടെ വീട്ടിൽ നിന്നും കുറെ ദൂരെയാണു്. ഞാൻ കാളീക്ഷേത്രത്തിൽ പോയി ദേവിയെ ഭജിക്കുകയും എന്റെ ദുഃഖത്തെ നിവേദിക്കുകയും ചെയ്യാറുണ്ടു്. എന്നാൽ ഇന്നു രക്തം പ്രവഹിച്ചുകൊണ്ടിരിക്കുന്ന തിരുമുററത്തുകൂടി ഞാൻ ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ എനിക്കു തലചുററുന്നതായി തോന്നി.

കാളിയുടെ രൂപം എത്ര ഭയങ്കരമാണെന്നു് അന്യമതക്കാർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ അവൎക്കു് അറിഞ്ഞുകൂടാ, ഹിന്ദുമതാനുസാരികൾക്കു കാളി ഒരു ആനന്ദമയിയാണെന്നു്. മററുള്ളവൎക്കു് എങ്ങിനെ തോന്നിയാലും വേണ്ടതില്ല, കുട്ടിൾക്കു് അമ്മ എന്നും സുന്ദരിയാണു്. ഭക്തിയും വിശ്വാസവും ഉള്ളവർ കാളിയെ ആനന്ദമായിട്ടാണു കാണുന്നതു്. എന്നാൽ ഇന്നുമാത്രം ഞാൻ ദേവിയെ ഭയങ്കരസ്വരൂപിണിയായി കണ്ടു. നീണ്ട നാവു്, ഒരു കൈയിൽ കപാലം, ഒരു കൈയിൽ കൃപാണം, ചുററും ബലികഴിച്ച മൃഗങ്ങളുടെ രക്തപ്രവാഹം, ഇത്ര ഭയങ്ക

രസ്വരൂപിണിയായി ഞാൻ ദേവിയെ ഒരിക്കലും കണ്ടിട്ടില്ല. രണ്ടു കൈകളിൽ ആയുധങ്ങളേന്തിയിരിക്കുന്നു; മറേറ രണ്ടു കൈകൾകൊണ്ടു് അനുഗ്രഹിക്കുന്നു. ദേവിയുടെ അനുഗ്രഹം എനിക്കു പലപ്പോഴും സഫലമായിട്ടുണ്ടു്. എന്റെ സ്വപ്നത്തിൽ കാളിയുടെ രൂപം കണ്ടതുപോലെ ഞാൻ ഇപ്പോൾ കണ്ടില്ല. ഉറക്കമുണൎന്നപ്പോൾ എനിക്കു ചില മനോവികാരങ്ങളുണ്ടായി. വികാരസംകുലതയാൽ പരവശയായി ഞാൻ ആ ക്ഷേത്രസോപാനാന്തത്തിൽ മൂർച്ഛിതയായി വീണുപോയി.

എന്നെ അനുഗമിച്ചിരുന്ന ഉമ ഭയപരവശയായി സഹായത്തിനു നിലവിളിച്ചു. പൂജകൻ എന്റെ മേൽ കുറെ തീൎത്ഥം തളിച്ചു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ഉമ എന്നെ മരത്തിന്റെ തണലിൽ കൊണ്ടുപോയി കിടത്തി. അവിടെ ഞാൻ മറെറാരു സ്ത്രീയെ കണ്ടു. അപരിചിതയായ ആ സ്ത്രീയുമായി പരിചയമാകുവാൻ ഉമയ്ക്കു് അധികം താമസം വേണ്ടിവന്നില്ല. എന്റെ ജീവിതാവസ്ഥയെപ്പററി ഉമ അവളോടു വിസ്തരിച്ചു. "നിങ്ങൾ എവിടെയാണു താമസിക്കുന്നതു്?" എന്ന ഞങ്ങളുടെ അന്വേഷണത്തിനു് "അല്പം അകലെ" എന്നു മന്ദസ്വരത്തിൽ ആ അപരിചിത മറുപടി പറഞ്ഞു. "നിങ്ങളാരും എന്നെ അറിയില്ല. എവിടെയാണു താമസിക്കുന്നതു് എന്നു മന്ദസ്വരത്തിൽ ആ സ്ത്രീ തുടൎന്നു ചോദിച്ചു.

"ഞങ്ങൾ ഭവാനിപുരത്തിൽ താമസിക്കുന്നു. ഗോപാലബാബുവിനെപ്പററി നിങ്ങൾ കേട്ടിട്ടില്ലേ? ഒരു കാലത്തു് അദ്ദേഹം ബഹുമാന്യനായ ഒരാളായിരുന്നു. എന്നാൽ ഇപ്പോഴോ, ഹാ!" "ഈ സ്ത്രീ അദ്ദേഹത്തിന്റെ ആരാണു്? ആ അപരിചിത ഉമയോടു ചോദിച്ചു. "ഇവളോ, അദ്ദേഹത്തിന്റെ പ്രിയതമ. അദ്ദേഹത്തിന്റെ ഇന്നത്തെ സ്ഥിതി ആലോചിക്കുമ്പോൾ എന്റെ ഹൃദയം തളരുന്നു. നോക്കു! എന്തൊരു സ്ത്രീരത്നമാണു് അവൾ." ഉമ ശക്തിപൂൎവ്വം സംസാരിച്ചുതുടങ്ങി. ബാബു അവളുടെ യജമാനനാണെന്നുള്ള ബോധം അവൾക്കു് ഇല്ലാതെയായി. ഉമയുടെ സംസാരത്തിൽ എനിക്കു് അസുഖം തോന്നി. "എന്താണു് ഉമേ, നീ അദ്ദേഹത്തെ അധിക്ഷേപിക്കുന്നതു്? ലോകത്തിൽ സുഖമായി ജീവിച്ചിരിക്കുവാൻ എനിക്കു യോഗമില്ലായിരിക്കാം. അതിനു നീ അദ്ദേഹത്തെ ആക്ഷേപിക്കുന്നതെന്തിനാണു്?" ആ സമയത്തു് ആ അപരിചിതയായ സ്ത്രീ ദയനീയമായ മുഖഭാവത്തോടുകൂടി എന്നെ നോക്കി. ഇതുകൊണ്ടും ഉമയ്ക്കു് തൃപ്തിയായില്ല. ഗോപാലബാബുവിനേയും അദ്ദേഹത്തിന്റെ പത്നിയേയും പററി അവൾ ഓരോന്നു പറഞ്ഞുതുടങ്ങി.

''സ്നേഹപൂർവമായ യാതൊരു വിചാരവും ഗോപാലബാബുവിന്ന് ഇവളിൽ ഉണ്ടായിരുന്നില്ല. പണത്തിനു തിട്ടക്കം വരുമ്പോൾ മാത്രമേ അയാൾ ഇവളെപ്പററി വിചാരിക്കുകപോലും ചെയ്യാറുള്ളു. ഇവളുടെ ആഭരണങ്ങൾ മോഷ്ടിച്ചു വല്ലവൎക്കും വിററ പണം കൈക്കലാക്കുന്നതു് അയാളുടെ പതിവായിരുന്നു. ഭാൎയ്യയെ മോഹിപ്പിക്കത്തക്ക മധുരവാക്കുകൾ പറഞ്ഞു വേണ്ടതു കൈക്കലാക്കുന്നതിന്ന് അയാൾക്കു് എന്തൊരു സാമൎത്ഥ്യമാണെന്നോ! കാൎയ്യം കഴിഞ്ഞാൽ പിന്നെ ഒരു നിമിഷംപോലും അയാൾ അവിടെ നിൽക്കുകയില്ല. അതിയായ വ്യസനം നിമിത്തം ഇവൾക്കു ചിത്തഭ്രമം തുടങ്ങി. അയാൾക്കുവേണ്ടി ആത്മത്യാഗം ചെയ്യുന്നതിനുകൂടി ഇവൾ തയ്യാറായിരുന്നു.'' ഉമയുടെ നീണ്ട പ്രസംഗം അവസാനിച്ചപ്പോൾ ആ അപരിചിത ആശ്ചൎയ്യഭരിതയായി എന്നോടു പറഞ്ഞു, ''ഇത്തരത്തിലുള്ള ഒരു ഭൎത്താവിനെ അടുത്തുവരുവാൻ പോലും ഞാൻ അനുവദിക്കുകയില്ല. ഭദ്രേ, ദൈവം നിന്നെ ഒരിക്കലും മനോവേദന അനുഭവിപ്പിക്കുകയില്ല. മഹാകാളി നിന്നെ അനുഗ്രഹിക്കട്ടെ!'' ഇത്രയും പറഞ്ഞു് അവൾ പോകുവാൻ ഭാവിച്ചപ്പോൾ ദൈവികമായ ഒരു തേജസ്സു ഞാൻ അവളിൽ കണ്ടു. ഞാൻ സ്വപ്നത്തിൽ കണ്ട സ്ത്രീതന്നെയായിരുന്നുവോ അവൾ?

III.

ദിവസങ്ങൾ വളരെ കഴിഞ്ഞു. ഉച്ചസമയം. വഴിയാത്രക്കാരിയായ ഒരു വൃദ്ധസ്ത്രീ എന്റെ വീട്ടിൽ കയറിവന്നു. അവൾക്കു യാതൊരു പരിചയക്കേടുമുണ്ടായില്ല. അവൾ പറഞ്ഞു, ''നിങ്ങളുടെ പണ്ടങ്ങളെല്ലാം ഇതാ. ബാബു തന്റെ സാമാനങ്ങളെല്ലാം കടക്കാൎക്കുവേണ്ടി കൊടുത്തു. ഇതെല്ലാം നിങ്ങളെ ഏല്പിച്ചു തരുവാൻ പറഞ്ഞിരിക്കുന്നു. ദയവു ചെയ്തു ഇതുതന്നെയല്ലെ നിങ്ങളുടെ പണ്ടങ്ങൾ എന്നു നോക്കി എടുത്തു വെയ്ക്കുവിൻ.'' ആഭരണങ്ങളെല്ലാം തിരിച്ചു കൊണ്ടുവന്ന വൎത്തമാനം ഉമ ബാബുവിന്റെ അമ്മയെ അറിയിച്ചു. എനിക്കു് ആഭരണങ്ങളിൽ തീരെ ആഗ്രഹമില്ലെന്നു പറഞ്ഞു എല്ലാം ഞാൻ അമ്മയുടെ കൈയിൽ കൊടുത്തു. ''എനിക്കു ഭൎത്താവിനെ കാണുവാൻ ആഗ്രഹമുണ്ടു്. നിങ്ങൾ എപ്പോഴാണു് അദ്ദേഹത്തെ കണ്ടതു്? അദ്ദേഹത്തെപ്പററി വല്ലതും കേൾക്കുമ്പോൾ എന്റെ ഹൃദയം തുടിക്കുന്നു. എപ്പോഴാണു് ഈ ആഭരണങ്ങൾ ബാബു നിങ്ങളുടെ കൈയിൽ തന്നതു്?'' ഞാൻ ആ വൃദ്ധയുമായി സംഭാഷണം ആരംഭിച്ചു. ''ഏകദേശം ഒരാഴ്ച മുൻപു്. വേറെ ചില ജോലിത്തിരക്കുകൾ കാരണം അന്നുതന്നെ എത്തിക്കുവാൻ സാധിച്ചില്ല. എന്റെ കൈയിൽ കിട്ടിയതിനുശേഷം ഇതേവരെ ഞാൻതന്നെ

യാണു് സൂക്ഷിച്ചിരുന്നതു്." ഇതായിരുന്നു ആ വൃദ്ധസ്ത്രീയുടെ മറുപടി. "എന്റെ മകൻ എന്നാണു തിരിച്ചുവരിക" എന്നു അമ്മ ചോദിച്ചതിനു് "എനിക്കു് അറിഞ്ഞുകൂടാ, ആഭരണങ്ങളെല്ലാം തിരിച്ചുതന്നിട്ടുണ്ടു്. ഞാൻ പോണു. നിങ്ങൾക്കെല്ലാം നമസ്കാരം" എന്നുപറഞ്ഞു ആ വൃദ്ധ അവിടെനിന്നു പോയി.

അദ്ദേഹത്തെപ്പററി ആ സ്ത്രീ യാതൊന്നും പറയാത്തതിനാൽ എനിക്കു കരച്ചിൽ വന്നു. ഞാൻ കുറെ കരഞ്ഞു. അന്നു വൈകുന്നേരം അദ്ദേഹം തിരിച്ചെത്തി. ഭർത്താവിന്റെ പ്രത്യാഗമനത്തിൽ വീടു മുഴുവനും സന്തോഷസാഗരത്തിൽ മുങ്ങി. അദ്ദേഹം ഭക്ഷണം കഴിക്കുവാൻ ഇരുന്നപ്പോൾ "നീ ആ ആഭരണങ്ങൾ മടക്കി അയച്ചതുകൊണ്ടും തിരിച്ചെത്തിയതുകൊണ്ടും ഞാൻ വളരെ സന്തോഷിക്കുന്നു"വെന്നു അമ്മ പറഞ്ഞു. ഇതു കേട്ടു് അദ്ദേഹം ഒന്നു പരിഭ്രമിച്ചു.

"എന്തു് ആഭരണങ്ങൾ? അമ്മ എന്താണു പറഞ്ഞതു്?"

"നീ ആ വൃദ്ധസ്ത്രീയുടെ കൈയിൽ പണയം വെയ്ക്കുവാൻ കൊടുത്തിരുന്ന ആഭരണങ്ങൾ. അവൾ ഇന്നു ഉച്ചയ്ക്കു് അതെല്ലാം ഇവിടെ കൊണ്ടുവന്നു തന്നു."

ആഭരണങ്ങൾ കൊണ്ടുവരുവാൻ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ചു് അമ്മ അവ അവിടെ കൊണ്ടുവന്നു വെച്ചു. അദ്ദേഹം അതു ഓരോന്നും എടുത്തു പരിശോധിച്ചതിനു ശേഷം "നീ ഇതെല്ലാം ഇനി നിത്യം ഉപയോഗിക്കണം" എന്നു പറഞ്ഞു് എനിയ്ക്കു തന്നു. ഞാൻ അതെല്ലാം ഭർത്താവിനോടു് എടുത്തുകൊള്ളുവാൻ പറഞ്ഞു.

വല്ലപ്പോഴും ഗൃഹത്തിൽ വന്നാൽ അദ്ദേഹം ഉടനെ പോകുക പതിവായിരുന്നു. ഭർത്താവിന്റെ വ്യസനഭാവം എന്നെ നന്നെ വ്യാകുലപ്പെടുത്തി. കൂരിരുട്ടിന്റെ യവനിക നീക്കിക്കൊണ്ടാണു സൂര്യൻ ഉദിക്കുന്നതു്. ഈശ്വരൻ ദയാലുതന്നെ. ഇത്ര സുഖപ്രദമായ ഒരു രാത്രി ഉണ്ടായിട്ടില്ല. ഞാൻ ഓമനയെ മാറോടണച്ചു കിടക്കമേൽ വീഴുകയും ഉറങ്ങുകയും ചെയ്തു. പ്രഭാതമായപ്പോൾ കുട്ടി ഉണർന്നു് അച്ഛാ! അച്ഛാ! എന്നു വിളിതുടങ്ങി. ഇതു കേട്ടുകൊണ്ടാണു ഞാൻ ഉറക്കമുണർന്നതു്. കൺ തുറന്നപ്പോൾ എന്റെ പ്രാണപ്രിയൻ മുൻപിൽ നിൽക്കുന്നതായിട്ടാണു് ഞാൻ കണ്ടതു്. അദ്ദേഹം എന്നെയും ഓമനയെയും മാറി മാറി സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. ദേഹം വളരെ ക്ഷീണിച്ചതുപോലെ തോന്നി. മുഖത്തിനു യാതൊരു പ്രസന്നതയും ഉണ്ടായിരുന്നില്ല. "അവിടുത്തേയ്ക്കെന്താണിത്ര ക്ഷീണം" എന്നു ഞാൻ ഒരുവിധം തൊണ്ടയിടറിക്കൊണ്ടു ചോദിച്ചു. അദ്ദേഹം അതിന്നു മറുപടിയായി ഓമനയെ എ

ട്ടുത്തു ചുംബിക്കുകയും മാറോടണക്കുകയുമാണു ചെയ്തതു്. ഭർത്താവിന്റെ നയനങ്ങളിൽനിന്നു് അശ്രു കുട്ടിയുടെ ദേഹത്തിൽകൂടി ധാരധാരയായി ഒഴുകി. എന്റെ പ്രാണനാഥനെ ഒരിക്കലും ഞാൻ ഇങ്ങിനെ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ മുഖഭാവം എന്നെ വ്യാകുലചിത്തയാക്കി.

"നാഥ, അങ്ങയുടെ പ്രസന്നമായ മുഖം കാണുവാൻ ഞാൻ എത്ര കൊതിച്ചു! ഇനിയും ഈ മ്ലാനമായ മുഖഭാവത്താൽ എന്റെ ഹൃദയത്തെ തകർക്കരുതേ" ഞാൻ എങ്ങിനെയാണു് അതു പറഞ്ഞു തീർത്തതെന്നു് എനിക്കു് അറിഞ്ഞുകൂടാ.

അദ്ദേഹം എന്നെ മാറോടു ചേർത്തു. "എന്റെ അപരാധം ക്ഷമിക്കൂ" അദ്ദേഹത്തിന്റെ സ്വരം ഇടറി. ആ മധുരമായ മൃദുസ്വരം എന്റെ ചെവിയിൽ ഇന്നും മാറ്റൊലിക്കൊള്ളുന്നു. അനന്തരസംഭവങ്ങളെക്കുറിച്ചു് എനിക്കു് ഒന്നും അറിഞ്ഞുകൂടാ. മൂർഛിതയായി ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണു. അത്ര മാത്രമേ എനിക്കു് ഓർമ്മയുള്ളു.

മുൻപിലത്തെപ്പോലെയല്ല ഇപ്പോൾ ഭർത്താവിന്റെ പെരുമാറ്റം. വീട്ടിൽനിന്നു പുറത്തിറങ്ങുവാൻ അദ്ദേഹത്തിനു വളരെ മടിയാണു്. എനിക്കും ഓമനക്കും വേണ്ടിയാണു് അദ്ദേഹത്തിന്റെ ജീവിതം. ഇതിന്റെ രഹസ്യമൊന്നും എനിക്കിതുവരെ മനസ്സിലായിട്ടില്ല. ഭർത്താവു് അതിനെപ്പറ്റി സംസാരിക്കാറെ ഇല്ല. ഒരിക്കൽ യാദൃച്ഛികമായി ഞാൻ അതിനെപ്പറ്റി സൂചിപ്പിച്ചു. കഴിഞ്ഞുപോയതിനെക്കുറിച്ചുള്ള സ്മരണ അദ്ദേഹത്തെ ശല്യപ്പെടുത്തുന്നുണ്ടെന്നു് അപ്പോഴാണു് എനിക്കു മനസ്സിലായതു്. എങ്കിലും ആ സംഗതി എന്റെ ഹൃദയത്തെ പ്രക്ഷുബ്ധമാക്കിക്കൊണ്ടിരിക്കുന്നു. ഞാൻ പലപ്പോഴും അതിനെപ്പറ്റി ചിന്തിക്കാറുണ്ടു്. ഇതെല്ലാം എങ്ങിനെ സംഭവിച്ചു! ചിന്തിക്കുംതോറും ആ രഹസ്യത്തിന്റെ അഗാധത കൂടിക്കൂടി വരുന്നേ ഉള്ളു. അതെന്തേ ഇങ്ങിനെ വരാൻ? എന്റെ വായനക്കാരിൽ ചിലർക്കെങ്കിലും അതു മനസ്സിലായിട്ടുണ്ടാവും.

---

പി. എസ്സ്. എ.

ഘോരാഹവം നൂനം ജീവിതമൊന്നു ഞാനും
പോരാടിടട്ടെ നിയതം വിജയം ലഭിക്കും;
മാർഗ്ഗം വിപത്ക്രമനിരുദ്ധമതാകിലാട്ടേ
ഞാൻ കാണുമന്നു വഴി വെട്ടിടുമല്ലയെങ്കിൽ."

രഞ്ജൻ.

# ഗ്രന്ഥങ്ങൾ

അജ്ഞനായാലും വിജ്ഞനായാലും ശരി, മാടത്തിൽ അരിഷ്ടിക്കുന്നവനും മാളികയിൽ സുഖിക്കുന്നവനും ശരി, ജീവിതം ക്ഷണികമാണു; കിരീടം ചൂടുന്നതലയ്ക്കും ചുമ്മാടു ചുമക്കുന്ന തലയ്ക്കും ജീവിതം ക്ഷണികമാണ്. സാഹിത്യരസികനായിരിക്കട്ടെ, സംഗീതചതുരനായിരിക്കട്ടെ, ക്ഷണഭംഗുരമായ ജീവിതമല്ലാതെ ലഭ്യമല്ല. ജീവിതത്തിന്റെ ക്ഷണികതയെപ്പററി ചിന്തിക്കാത്ത തലയോ, തുടിയ്ക്കാത്ത ഹൃദയമോ, സുദുർല്ലഭമത്രെ.

എന്നാൽ ജീവിതം ക്ഷണികമായതുകൊണ്ടു, വിവിധദുഃഖപൂൎണ്ണമായതുകൊണ്ടു, മാത്രം അതു കേവലം ഗർഹണീയമല്ല.

'Tell me not in mournful numbers, life is but empty dream.'' മാന്ദ്യം, ആലസ്യം, വ്യസനം എന്നിവ ഇടകലൎന്നുകൊണ്ടുള്ള ഒരു ദൃഷ്ടിയിൽക്കൂടെ ജീവിതത്തെ വീക്ഷിച്ചു, അതിന്റെ ചഞ്ചലതയിൽ പരിതപിച്ചുംകൊണ്ടു പാടുന്നവരെ എതിൎത്തുകൊണ്ടു ലോങ്ങ്ഫെല്ലോ പറയുന്നു. "Life is real, life is earnest................" ഒട്ടും അപ്രധാനനല്ലാത്ത ഒരു ആധുനിക കവി പാടുന്നു:—

"ക്ലേശത്തിൽ ബാഷ്പത്താലല്പം പുളിപ്പോലു-
മാശാമധുരമാം സൽഫലങ്ങൾ
ജീവിതത്തിൻ മടിക്കുത്തു നിറയട്ടെ
ജീവിതേശൻ വിളിക്കാറായല്ലോ."

വേണ്ടവിധത്തിൽ നയിക്കയാണെങ്കിൽ മനുഷ്യജീവിതത്തെപ്പോലെ മഹത്തായിമററൊന്നുംതന്നെ ജഗദീശ്വരനാൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. മനുഷ്യജീവിതത്തെ മധുരമധുരമാക്കുന്ന എന്തെല്ലാം വസ്തുക്കളാണു ലോകത്തിലുള്ളതു! എന്തെല്ലാം സുന്ദരവസ്തുക്കൾ! എത്രയെത്ര സുകുമാരകലകൾ! എന്തെന്തു സൽഗുണങ്ങൾ! അവയിൽ ഓരോന്നിന്റേയും മാഹാത്മ്യമാധുൎയ്യങ്ങളെ അറിയുകതന്നെ ഒരുതരം ആനന്ദമാണ്. അവയെ ആസ്വാദിക്കുക അതിലും ആനന്ദദായകമത്രെ.

ജീവിതത്തെ സുഗമവും സുന്ദരവുമാക്കുന്ന ഒരുതരം കലകളുണ്ടു്. സാഹിത്യം സംഗീതം, മുതലായവ. അവയിൽ സാഹിത്യത്തിന്റെ 'കലവറ'കളായ ഗ്രന്ഥങ്ങളുടെ സീമാതീതങ്ങളായ ഗുണഗണങ്ങളിൽ ചിലവയുടെ ചെറിയ ഒരു വിവരണമാണ് ഈ ഇളന്തൂലിക ചെയ്യുന്ന പിച്ചക്കളിയുടെ ഉദ്ദേശം.

അല്പാചിന്തക്കു സിദ്ധിച്ചിട്ടുള്ള പ്രത്യേകാനുഗ്രഹങ്ങളിൽ തുല്യം

പ്രധാനമായ ഒരു ഗ്രന്ഥങ്ങളുടെ അസാമാന്യമായ വർദ്ധനയാണ്. നമുക്ക് അവയോടുള്ള കടമ സീമാതീതമത്രെ. പതിമൂന്നാം ശതാബ്ദത്തിലെ ഒരു സാഹിത്യകാരനായിരുന്ന "റിച്ചാഡ് സിബറി" എഴുതുന്നു, മഹൽഗ്രന്ഥങ്ങളോടു നമുക്കുണ്ടാവേണ്ടതായ നന്ദിയെപ്പററി, സാഹിത്യത്തിൽനിന്നും ലഭിക്കുന്ന ആനന്ദങ്ങളെപ്പററി, ആംഗലഭാഷയിലുള്ള ഏററവും പ്രാചീനമായ ഒരു വിവരണമാണിതു്. അദ്ദേഹം പറയുന്നു:— "ഗ്രന്ഥങ്ങൾ നമ്മുടെ ഗുരുനാഥന്മാരാണ്, ചൂരലും പുലഭ്യവും കൂടാതെ, വസ്ത്രം ധനം മുതലായ പ്രതിഫലേച്ഛയും കൂടാതെ, ശാന്തമായി നമ്മെ പഠിപ്പിക്കുന്നവർ. അടുത്തുചെല്ലുക, അവർ ഉറങ്ങുകയില്ല. സംശയം ചോദിക്കുക, അവർ ഒളിച്ചുവെയ്ക്കുകയില്ല. അവരോടു് അപരാധം ചെയ്യുക, അവർ മറുമറുക്കുകയില്ല. അവർ അജ്ഞതയെ പരിഹസിക്കുകയുമില്ല. വിജ്ഞാനത്തിന്റെ ഈ ഭണ്ഡാരങ്ങൾ തീർച്ചയായും, മറെറല്ലാ ഭണ്ഡാരങ്ങളെക്കാളും മഹനീയമത്രെ. ആശിക്കപ്പെടേണ്ട വസ്തുക്കളിൽ വെച്ചു മറെറാന്നുംതന്നെ ഇതിനോടു സമമല്ല. അതിനാൽ സത്യം സുഖം, വിജ്ഞാനം, ശാസ്ത്രം, വിശ്വാസം എന്നിവയുടെ ഒരനുയായി ഒരു പുസ്തകസ്നേഹിയായിരിക്കേണ്ടതു് അത്യാവശ്യമാണ്." കൊഴിഞ്ഞുപോയ ആ 13-ാം നൂററാണ്ടിൽ പോലും ഇങ്ങിനെ എഴുതിയിരിക്കുന്ന സ്ഥിതിക്കു ഗ്രന്ഥങ്ങൾ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ഇക്കാലത്തെ സ്ഥിതിയെന്താണ്? പുസ്തകപാരായണത്തിൽ അഭിരുചിയുള്ള ഏതൊരുവനും തോന്നാവുന്നതാണ്, പുസ്തകങ്ങൾ യഥാർത്ഥസ്നേഹിതന്മാരാണെന്ന്. മറെറാരു മഹാനെഴുതുന്നു:—'എനിക്കുണ്ടു് ഒരുതരം സുഹൃത്തുക്കൾ. അവരുമായുള്ള സംസർഗ്ഗം എല്ലാംകൊണ്ടും യുക്തവും എല്ലായ്പോഴും ഇഷ്ടപ്രദവുമാണു്. അവർ സകല കാലങ്ങളിലുമുണ്ടു്, സകല രാജ്യങ്ങളിലുമുണ്ടു്. അവരിൽ ചിലർ മന്ത്രസഭയിൽ പ്രസംഗിക്കുവനും പടക്കളത്തിൽ പയററുവാനും പ്രവീണരാണ്; ചിലർ ശാസ്ത്രീയവിജ്ഞാനത്താൽ വിശ്രുതരാണ്. എന്നാൽ അവരുടെ സമീപത്തിൽപ്രവേശിക്കുവാൻ യാതൊരു വിഷമവുമില്ല. എന്തുകൊണ്ടെന്നോ? അവർ എന്നെ സഹായിക്കുന്നതിനു സർവ്വദാ സന്നദ്ധരാണ്. അവരെ എന്റെ കൂട്ടത്തിൽ ചേർക്കുന്നതിനും ഇഷ്ടമുള്ളപ്പോൾ പിരിച്ചുവിടുന്നതിനും എനിക്കു സാധിക്കും. ഒരിക്കലും ഉപദ്രവികളല്ലെന്നു മാത്രമല്ല, ഏതു ചോദ്യത്തിനും ഉടനടി ഉത്തരം പറയുന്നതിൽ ഉത്സുകരുമാണവർ. പൌരാണിക സംഭവങ്ങളെ ചിലർ വിസ്തരിക്കും. ചിലർ പ്രകൃതിരഹസ്യങ്ങളെ വ്യക്തമാക്കും. ജീവിക്കുന്നതെങ്ങിനെയെന്നു ചിലർ പഠിപ്പിക്കും. മററുചിലർ മരണത്തെപ്പററി പറഞ്ഞുതരും. ചിലർ സ്വചൈതന്യത്താൽ എന്റെ

മനശ്ശല്യങ്ങളെ കഴിക്കുകയും എന്നെ ഉത്സാഹഭരിതനാക്കുകയും ചെയ്യും. വേറെ ചിലർ മനസ്സിനു ധൈര്യത്തെ പ്രദാനം ചെയ്യും; ആത്മനിയന്ത്രണത്തിൻെറ സൂക്ഷ്മമർമ്മത്തെ ഉപദേശിക്കും; സ്വാശ്രയശക്തിയെ എന്നിൽ ഉൽപ്പാദിപ്പിക്കും. ചുരുക്കത്തിൽ സകല ശാസ്ത്രങ്ങളുടേയും കലകളുടേയും വിവിധങ്ങളായ പ്രവേശനദ്വാരങ്ങൾ എനിക്കു് അവർ തുറന്നു തരും. എൻെറ ആവശ്യങ്ങൾ അവരുടെ സഹായത്തെ അവലംബിക്കാം. അപരിമേയമായ ഈ ഉപകാരങ്ങൾക്കു് അവർ ആവശ്യപ്പെടുന്ന പ്രതിഫലമേതു? തുഛം! പാവപ്പെട്ട എൻെറ പാർപ്പിടത്തിൽ ഏതെങ്കിലും ഒരൊഴിഞ്ഞ മൂലയിൽ സൌകര്യമുള്ളതായ അല്പം സ്ഥലംമാത്രം, ശാന്തമായും നിരുപദ്രവമായും കഴിച്ചുകൂട്ടുവാൻ. ഈ യോഗീശ്വരന്മാരുടെ സുഖം, ഏകാന്തതയുടെ ശാന്തതയിലാണു്; സംഘങ്ങളുടെ സംഘട്ടനത്തിലല്ല.

"പുസ്തകപ്രണയിക്കു്", ഐസക്കു് ബാരോ പറയുന്നു, "ഒരു വിശ്വസ്ത സുഹൃത്തും, ഉത്തമനായ ഒരു ഉപദേഷ്ടാവും വേറെ വേണ്ട. ഒരു ഉല്ലാസിയായ ചങ്ങാതിയും, ഒരുൽകൃഷ്ട സമാശ്വാസദായകനും. വായിക്കുക, പഠിക്കുക, ചിന്തിക്കുക—ഇങ്ങിനെ സന്തോഷത്തോടും സമാധാനത്തോടും ഒരുവനു കാലം കഴിക്കാം—ഏതു ഭാഗ്യത്തിലും നിർഭാഗ്യത്തിലും, ഏതു ശീതത്തിലും ഉഷ്ണത്തിലും". റോബർട്ടു് സതി അല്പം വ്യസനഭാവത്തിലാണു നിരീക്ഷിക്കുന്നതു്: "ഹാ! പുരാതനരുടെ ഇടയിലുള്ള എൻെറ കാലം പോയല്ലോ! ഈ മാംസചക്ഷുസ്സുകൾ എങ്ങോട്ടു തിരിഞ്ഞാലും വേണ്ടില്ല, അവിടെ എൻെറ ചുററം എന്താണു ഞാൻ കാണുന്നതു്? പണ്ടത്തെ ബലിഷ്ഠഹൃദയങ്ങൾ. അവർ എൻെറ ഉററ സ്നേഹിതന്മാരാണു്. എനിക്കു് അവരോടു് എന്തും സംസാരിക്കാം." "അക്കിൻ" എന്ന മഹാൻ പറയുന്നതു് ആലോചിച്ചുനോക്കുക. "ഒരു കാലത്തു ലോകത്തെ അലങ്കരിച്ചിരുന്ന ബലവാന്മാരുടേയും ബുദ്ധിമാന്മാരുടേയും നിഴലുകളെ നമ്മുടെ മുമ്പിൽ വരുത്തുവാനും രസകരങ്ങളായ വിഷയങ്ങളെപ്പററി അവരോടു ചോദിക്കുവാനും നമുക്കു കഴിയും. എത്ര അനർഘമായ ഒരു അനുഗ്രഹം! എന്തു് അനിതരസാധാരണമായ ആനന്ദം! എന്നാൽ ഒരൊന്നാംതരം വായനശാലയിൽ മാത്രമേ നമുക്കിതിനു ശക്തിയുള്ളു. സീസറുടേയും പോംപിയുടേയും പടവാളുകൾ കൂട്ടിമുട്ടുമ്പോളുണ്ടാകുന്ന തീപ്പൊരിപ്പാറൽ നമുക്കു കാണാം. നമ്മുടെ മുമ്പിൽ വെച്ചു ഡെമോസ്തനീസ്, സിസ്സേറാ എന്നിവരെക്കൊണ്ടു വാദപ്രതിവാദം ചെയ്യിക്കാം. സോക്രട്ടീസ്സ്, പ്ലേട്ടോ മുതലായവരെക്കൊണ്ടു പ്രസംഗിപ്പിക്കാം. ന്യൂട്ടൻ, യൂക്ലിഡ് മുതലായവരുടെ ശാസ്ത്രീയദർശനങ്ങളെ

സ്വീകരിക്കാം. ലോകത്തിലെ മഹാന്മാരുടെ ഉയൎന്ന ചിന്തകളെ ഉജ്വലവേഷത്തിൽ നമുക്കു കാണാം." ജെർമി കോളിയർ പറയുന്നു. "ആരബ്ധയൌവ്വനത്തിനു മാൎഗ്ഗദൎശികളായ ഗ്രന്ഥങ്ങൾ വാൎദ്ധക്യത്തിലിവിനു വിനോദദായികളത്രെ. ഏകാന്തതയിൽ നമ്മെ അവർ രക്ഷിക്കുന്നു. നാം നമുക്കുതന്നെ ഒരു ഭാരമായിത്തീരുന്നതിൽനിന്നും അവർ നമ്മെ രക്ഷിക്കുന്നു. ഹാ! ഗ്രന്ഥങ്ങൾ!—അവ നമ്മെ എത്രതന്നെ സഹായിക്കുന്നില്ല!—മനുഷ്യരുടേയും വസ്തുക്കളുടേയും ദൌഷ്ട്യത്തെ വിസ്മരിക്കുവാൻ, ഉൽക്കണ്ഠകളേയും വികാരങ്ങളേയും ശമിപ്പിക്കുവാൻ, ഇച്ഛാഭംഗം ഉപേക്ഷിക്കുവാൻ. ജീവിതത്തിൽ മുഷിഞ്ഞാൽ നമുക്കു മരിച്ചവരൊത്തു ജീവിക്കാം. അവൎക്കു വെറുപ്പില്ല, ദുരഭിമാനമില്ല, സംസാരത്തിൽ കളവില്ല.

(തുടരും)

കെ. പി.

---

# സംസ്കൃതസാഹിത്യവും നവീനഭാരതവും

ഒരു ദേശത്തിൻെറ വിജ്ഞാനത്തേയും സംസ്കാരത്തേയും മാനസികമായ വളൎച്ചയേയുമാണു് അതിൻെറ സാഹിത്യം രേഖപ്പെടുത്തുന്നതു്. വാസ്തവത്തിൽ സാഹിത്യം ദേശത്തിൻെറ ചിന്തയാണു്, ചൈതന്യത്തിൻെറ നിചയമാണു്. അതുകൊണ്ടുതന്നെ ഒരു ദേശത്തിൻെറ മാഹാത്മ്യത്തെ അളക്കുന്ന അളവുകോലാണു് അതിൻെറ സാഹിത്യം. ഈ സാമാന്യമായ തത്വത്തെ വെച്ചു് അളന്നുനോക്കുകയാണെങ്കിൽ അന്യദേശങ്ങളെ അപേക്ഷിച്ചു് ഇന്ത്യയ്ക്കുള്ള സ്ഥാനമെന്താണു്? ഏതാണ്ടു പതിനായിരം വൎഷത്തെ ഇന്ത്യയുടെ മാനസികമായ പ്രവൎത്തനത്തിൻെറയും വളൎച്ചയുടേയും ഫലമാണു ഭാരതീയസാഹിത്യം. മനുഷ്യൻെറ ചിന്തയ്ക്കു വിഷയീഭവിക്കുവാനിടയുള്ള വിവിധ വിഷയങ്ങളേയും ചുംബിച്ചു പോന്നിട്ടുള്ള ഒരു സാഹിത്യം അനാദികാലം മുതൽ ഇന്ത്യയുടെ അനശ്വരസമ്പത്തായിത്തീൎന്നിട്ടുള്ളതിൽ യാതൊന്നുമില്ലാ അത്ഭുതാവഹമായിട്ടു്.

ഇന്ത്യയുടെ മഹനീയമായ സംസ്കാരവും വിപുലമായ സാഹിത്യവും ഹിമാലയനിരകളേയും കടന്നു ടിബെററു്, ചൈനാ, ജപ്പാൻ, കൊറിയ മുതലായ വിദൂരമായ പൌരസ്ത്യദേശങ്ങളിൽ പ്രചരിച്ചു് അവിടത്തെ ജനങ്ങളെ അന്യാദൃശമായ ശക്തിയോടുകൂടി ആകൎഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു സൎവ്വവിദിതമാണല്ലോ. അവയ്ക്കു കടപ്പെട്ടാത്ത സാഹിത്യവും സംസ്കാരവും ചുരുക്കമൊന്നു്. സം

സ്കാരപരമായി എന്തൊരു സ്ഥാനത്തേയാണ് ഇന്ത്യ അർഹിക്കുന്നതു്? അലങ്കരിക്കുന്നതു്?

ഇന്ത്യയോടും സംസ്കൃതസാഹിത്യത്തിനോടും യൂറോപ്പിന് എത്ര മാത്രം കടപ്പാടുണ്ടെന്നു ഭാരതീയസംസ്കാരത്തെ നല്ലപോലെ അറിഞ്ഞിട്ടുള്ള പാശ്ചാത്യ പണ്ഡിതന്മാർക്ക് എല്ലാവർക്കും അറിയാം. സംസ്കൃതഭാഷാസരണിയിൽക്കൂടെ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു് ഒഴുകിയ ഇന്ത്യയുടെ സാഹിത്യവും തത്വചിന്തയുമാണ് ഹോമർ, പിത്തഗോറാസ്, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ പ്ലേറ്റോ, സെനെക്കാ, വെർജിൽ മുതലായ മഹാകവികളേയും തത്വചിന്തകന്മാരേയും അവരുടെ നീണ്ടനിദ്രയിൽനിന്നു ഉണർത്തിയതു്. ഇന്ത്യയുടെ സംസ്കാരസമ്പത്താണ് ആ ദീർഘചിന്തകന്മാരെ യശഃശരീരികളാക്കിയതു്.

മഹനീയമായ ഒരു ദേശത്തിനു മാത്രമേ മഹാത്മാവായ ഒരു തത്വചിന്തകനെ—പരിപൂർണ്ണമായ ഒരു തത്വചിന്താപദ്ധതിയെത്തന്നെ പ്രസവിക്കുവാൻ സാധിക്കുകയുള്ളൂവെന്ന അഭിജ്ഞവചനം വിശ്വസനീയമാണെങ്കിൽ അന്നും ഇന്നും ഇന്ത്യയെപ്പോലെ മഹനീയമായ ഒരു ദേശത്തെ ചരിത്രം ദർശിച്ചിട്ടില്ലെന്നും ഇനി ദർശിക്കുവാനിടയില്ലെന്നും നിശ്ശങ്കം പറയാവുന്നതാണ്. തത്വചിന്തയുടെ വിവിധപദ്ധതികളും അവയെ പുരസ്കരിച്ചുള്ള വിവിധാഭിപ്രായങ്ങളും അന്നുതന്നെ ഇന്ത്യയ്ക്കു സുപരിചിതങ്ങളായിരുന്നു. മാത്രമല്ല ഭാരതീയർ അവയെ എളുപ്പത്തിൽ മനസ്സിലാകത്തക്കവണ്ണം ലളിതമായി വ്യാഖ്യാനിച്ചിട്ടുമുണ്ടു്. മനുഷ്യന്റെ ചിന്താശീലത്തിന് എത്രമാത്രം വ്യാപരിക്കാമൊ അത്രയും ഹിന്തുക്കളുടെ ബുദ്ധി വ്യാപരിച്ചിരുന്നു. സംസ്കൃതസാഹിത്യത്തെപ്പററി സുപ്രസിദ്ധ ജർമ്മൻ പണ്ഡിതനായ മാക്സ്മുള്ളർ ഇങ്ങിനെ പറയുന്നു: "മനുഷ്യസമുദായ സംസ്കാര ചരിത്രത്തിൽ എതിരില്ലാത്ത ഒരു അദ്ധ്യായത്തെയാണു സംസ്കൃതസാഹിത്യം കുറിക്കുന്നതു്. വിശ്വസാഹിത്യത്തിൽ മററൊരു സാഹിത്യഗ്രന്ഥത്തിനും അടക്കുവാൻ സാധിച്ചിട്ടില്ലാത്ത വിടവു് അടക്കുവാൻ വേദങ്ങൾക്കു സാധിച്ചു."

ഭാരതീയസാഹിത്യത്തെപ്പററി പണ്ഡിതവര്യന്മാരായ പാശ്ചാത്യർക്ക് എത്രമാത്രം ആദരമുണ്ടെന്നു് അറിഞ്ഞുവല്ലോ. ഇവിടെ നമുക്കു നമ്മോടുതന്നെ ഒരു ചോദ്യം ചോദിക്കുവാനുണ്ടു്. പൂർവ്വികന്മാരിൽനിന്നും പരമ്പരയാ സിദ്ധിച്ച അനർഘമായ ആ സാഹിത്യസമ്പത്തിനെ ആധുനികഭാരതം എങ്ങിനെയാണു വിനിമയം ചെയ്യുന്നതു്? പൈതൃകവും മഹനീയമായ സംസ്കാരത്തെ പുലർത്തുന്നതിലല്ല, ഇന്ത്യക്കാരെ വിജ്ഞാനത്തിലും സംസ്കാരത്തിലും വിദേശീയരാക്കുന്ന ഇന്നത്തെ സർവ്വ

കലാശാലകളെ പുലത്തുന്നതിലാകുന്നു നാം അഭിമാനിക്കുന്നതു്. ഇതാണൊ ഉത്തമമായ ദേശാഭിമാനം! ഇന്ത്യയിലെ സവ്വകലാശാലാ വിദ്യാഭ്യാസത്തിൻെറ ശോചനീയമായ സ്ഥിതിയെപ്പററി ഡോക്ടർ എ. കെ. കുമാരസ്വാമി പറയുന്നു:— നിങ്ങൾ ഒരു സാധാരണ ബി. എ. ക്കാരനോടു സംസാരിക്കുക, അപ്പോൾ "നിങ്ങൾക്കു മനസ്സിലാകും" ഷേയ്ക്സ്പിയരുടെ അപദാനങ്ങളെ വാഴ്ത്തുന്നതിലും തൻെറ ഷേയ്ക്സ്പിയർ ജ്ഞാനത്തെ പ്രകടിപ്പിക്കുന്നതിലുമാണ് അയാൾ അഭിമാനിക്കുന്നതെന്ന്. അയാളോടു തത്വചിന്തയെപ്പററി സംസാരിക്കുക, അപ്പോൾ അറിയാം അയാൾ ഒരു നിരീശ്വരമതക്കാരനാണെന്ന്. അതേ, അനേകശതകങ്ങളോളമായി യൂറോപ്പിനെ ബാധിച്ചിരിക്കുന്ന ആ മഹാവ്യാധി അയാളേയും വിട്ടു് ഒഴിച്ചിരിക്കയില്ല. ഭാരതീയ ചിത്രകലയെപ്പററി അയാളോടു സംസാരിക്കുക; അതു് അയാൾക്കു് ഒരു പുതിയ വത്തമാനമായിരിക്കും. അങ്ങിനെ ഒന്നുണ്ടെന്നു് അയാൾ അറിയുന്നതു് ഇദംപ്രഥമമായിട്ടാണു്. ഇന്ത്യൻ വസ്ത്രധാരണരീതിയേയും ആഭരണങ്ങളേയുംപററി അയാൾക്കു വലിയ അവജ്ഞയാണ്. അതു ശുദ്ധ "നാടൻമട്ട്," അപരിഷ്കൃതം. മാതൃഭാഷയിൽനിന്നു രണ്ടുവരി അന്യഭാഷയിലേയ്ക്കു തർജ്ജിമ ചെയ്യുവാൻ ആ പരിഷ്കൃതാശയനു് അറിഞ്ഞുകൂടാ. സ്വരാജ്യത്തിൽ അയാൾ ഒരു വിദേശിച്ചരക്കായിക്കഴിഞ്ഞുകൂടുന്നു."

മനുഷ്യൻ പ്രകൃത്യാ ഒരു വ്യക്തിയാണ്. പരസ്പരാപേക്ഷിതങ്ങളായ അനവധി വ്യക്തികളുടെ ഏകീകരണമാണു സമുദായം. ഓരോ വ്യക്തിയുടേയും പ്രത്യേകതയെ നശിപ്പിക്കാതെ സമുദായത്തിൻെറ പരിഷ്കരവിധാനത്തിൽ ദേശീയബോധത്തെ ജനിപ്പിക്കത്തക്ക ഒരു വിദ്യാഭ്യാസമാണു നമുക്കു് ഇന്നു് ആവശ്യം. ദേശീയചൈതന്യം മുന്നിട്ടുനിൽക്കത്തക്കവണ്ണം വിദ്യാഭ്യാസത്തെ പരിഷ്കരവിധാനത്തിന്നു് അനുയോജ്യമായി ശരിപ്പെടുത്തണം. വിദേശസംസ്കാരത്തിനോടുള്ള അതിയായ ഭ്രമമാണു നമ്മുടെ മാനസികമായ ദാരിദ്ര്യത്തിന്നു നിദാനം. പരമ്പരാഗതമായ സംസ്കാരത്തെക്കുറിച്ചു സാമാന്യമായ ഒരു ബോധമുണ്ടാകുന്നതിനും തന്മൂലം നമുക്കു നമ്മോടുതന്നെയുള്ള അതൃപ്തിയെ നശിപ്പിക്കുന്നതിനും സംസ്കൃതസാഹിത്യത്തെപ്പററി സാമാന്യമായ ഒരു ജ്ഞാനം അത്യാവശ്യമാകുന്നു. സംസ്കൃതപഠനമായിരിക്കണം ഇൻഡ്യൻ വിദ്യാഭ്യാസത്തിൻെറ അടിക്കല്ല്. പാശ്ചാത്യസംസ്കാരത്തിലെ ഉത്തമമായ അംശങ്ങൾ അംഗീകരിക്കുന്നതിന് അതു സഹായകമാകുന്നതാണ്.

ദേശീയമായ വ്യക്തിത്വത്തേ പുലത്തണമെങ്കിൽ സംസ്കൃതജ്ഞാനം അപരിത്യാജ്യമാണ്. പുരാണകഥകളും ചരിത്രസ്മരണകളുമാണു

നമ്മിൽ ആദ്യമായി ദേശീയബോധത്തിൻെറ ബീജാവാപം ചെയ്യുന്നതെന്ന തത്വം ഇതുവരെ നാം വിസ്മരിച്ചിരിക്കുകയായിരുന്നു. പിതാക്കന്മാരുടേയും പ്രപിതാക്കന്മാരുടേയും ആദർശങ്ങളേയും ധീരകൃത്യങ്ങളേയും പററിയുള്ള പദാനങ്ങൾ നമ്മുടെ ജീവിതത്തിൽത്തന്നെ നിലീനമായിരിക്കേണ്ടതാണ്. അവയെപ്പററി ഓർക്കുമ്പോൾ അഭിമാനം നമ്മുടെ ഹൃദയത്തെ വഴിഞ്ഞു ഒഴുകാറുണ്ടെങ്കിൽ മാത്രമേ ആ പൂർവ്വികന്മാരുടെ പരിശുദ്ധരക്തം നമ്മുടെ സിരകളിൽക്കൂടി ഒഴുകുന്നുണ്ടെന്നു പറഞ്ഞുകൂടൂ. സംസ്കാരപരമായ ഒരു ശരിപ്പെടുത്തലാണ് ഇന്നു ഇൻഡ്യയിൽ ആവശ്യം. സംസ്കൃതത്തേയും മററു നാട്ടുഭാഷകളേയും അശ്രദ്ധയുടേയും അനാദരത്തിൻെറയും അഗാധതകളിൽനിന്നു ഉദ്ധരിച്ചു അവയെ വിദ്യാഭ്യാസത്തിൻെറ പരമാദർശമാക്കുകയാണ് ആദ്യമായി ചെയ്യേണ്ടതു്.

സംസ്കൃതത്തിൽനിന്നാണല്ലോ മിക്ക നാട്ടുഭാഷകളുടേയും ഉൽഭവം. അതുകൊണ്ടു സാമാന്യമായ സംസ്കൃതജ്ഞാനം ആ ഭാഷകൾ പഠിക്കുന്നതിനെ സഹായിക്കുന്നതാണ്. നാട്ടുഭാഷകളെ പുഷ്ടിപ്പെടുത്തണമെങ്കിൽ കൂലങ്കഷമായ സംസ്കൃതപാണ്ഡിത്യം ഒഴിച്ചുകൂടാത്തതാകുന്നു. സംകൃതജ്ഞാനം സമ്പാദിക്കുന്നതു് തൻെറ ജീവിതോദ്ദേശങ്ങളിൽ ഒന്നായി എല്ലാ ഇൻഡ്യക്കാരനും കരുതിയാൽ അതു് ഇന്ത്യയുടെ ദേശീയമായ ഏകീകരണത്തെ അത്യധികം പോഷിപ്പിക്കുന്നതാണ്.

ഭാരതീയ സംസ്കാരത്തിൻെറ പരിവർത്തനത്തേയും അനന്തരപ്രവർത്തനങ്ങളേയും വിശകലനംചെയ്തു സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ ഇന്ത്യയുടെ ചരിത്രസംഭവങ്ങൾക്കടിയിൽ ചില ഉദ്ദേശങ്ങൾ മറഞ്ഞുകിടക്കുന്നുണ്ടെന്നു കാണാം. ഇൻഡ്യയ്ക്കു ഒരു ആദർശത്തെ അനുവർത്തിക്കേണ്ടതുണ്ട്—സമാധാനപരമായ ഒരു ആദർശം. രാഷ്ട്രീയമായി ഇൻഡ്യയുടെ നില എന്തുതന്നെയായാലും സംസ്കാരപരമായും ചൈതന്യപരമായും ലോകത്തിൽ കനിഷ്ഠികാധിഷ്ഠിതമായ ഒരു സ്ഥാനം അതിനുണ്ടെന്നുള്ളതു് അവിതർക്കിതമാണ്. അന്യരാജ്യങ്ങൾതമ്മിൽ പരസ്പരം മത്സരിച്ചു വഴക്കടിക്കുന്ന ലോകത്തെ നാശഗർത്തത്തിൽനിന്നു ഉദ്ധരിക്കുവാൻ ഒരൊററ മാർഗ്ഗമേ ഉള്ളൂ—അഹിംസ. അതാണ് ഇന്ത്യയുടെ ലോകത്തിനുള്ള സന്ദേശം. രാഷ്ട്രീയമായോ വാണിജ്യപരമായോ പാശ്ചാത്യപൌരസ്ത്യദേശങ്ങളെ ഒരിക്കലും കൂട്ടിയിണക്കുവാൻ സാധിക്കുകയില്ല. ആ രണ്ടു ഭൂഖണ്ഡങ്ങളേയും മൈത്രീബന്ധത്തിൽ സംഘടിപ്പിക്കുവാനുള്ള ഏക മാർഗ്ഗം സംസ്കാരപരമാണ്. ഭൌതികമായ മരണത്തിൽനിന്നു മനുഷ്യനെ രക്ഷിക്കുവാൻ പാശ്ചാത്യർ പരിശ്രമിച്ചു. മനുഷ്യൻെറ ആത്മീയ സാമ്രാജ്യത്തെ സ്ഥാപിക്കുകയാണ് ഇൻഡ്യ ചെയ്യുന്നതു്. മനുഷ്യ

നിൽ നൈസൎഗ്ഗികമായി നിലീനമായിരിക്കുന്ന സൎവ്വജനീനമായ സത്യ ത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ് ഈ രണ്ടു സംസ്കാരങ്ങൾ. അവ രണ്ടും തമ്മിൽ യോജിപ്പിക്കുക, പരിപൂൎണ്ണനായ മനുഷ്യനായി.

വി. രാമനുണ്ണിമേനോൻ.

---

## പ്രേമവിലാസം.

(ഹാഫിസ്സ്)

ആ രാജൽ പ്രഭാതത്തിൽ,
പുത്തനായ് വിടൎന്നാടി-
യാരാദുല്ലസിക്കുന്ന
ചെമ്പനിനീർപ്പൂവോടായ്
ഗാനമിങ്ങനെചെയ്വൂ
പൂവനത്തിലെപ്പക്ഷി,-
"യാനമിപ്പിച്ചാലും നീ-
യാനനം! നിന്നേപ്പോലെ
ഈവനിസ്തുകത്തെത്ര
സുന്ദരസുമം വിരി-
ഞ്ഞേവമുല്ലസിച്ചില്ല!
ചത്തുമണ്ണടിഞ്ഞില്ല!"
"ഞാൻ പിറന്നല്ലോ വാടി
വീഴുവാനെന്നോൎത്തന്നുൾ-
ക്കാമ്പിലില്ലുഴൽ," തുട-
ൎന്നരച്ചു വാസൽപുഷ്പം:—
"എങ്കിലും, നിജ പ്രേമ-
പാത്രത്തിൻ മനശ്ശാന്തി
തൻകടും വാക്കാൽ ഭഞ്ജി-
ക്കുന്നതല്ലനുരാഗം."
പാനശാലതൻചടി-
യായിരിക്കട്ടെ നിന്റെ
പാന്ഥമന്ദിരം; പെട്ടി-
യാത്തേഴും സോപാനത്തിൽ,
കിടക്കുന്നോരത്ഥിക്കോ
പ്രേമസൎവ്വസ്വത്തിന്റെ

കിടയററതാം ദിവ്യ-
നിശ്വാസം ലഭിക്കുന്നു.
തൃഷ നീക്കിയാലോ നീ
ജീവിതത്തിൻ മാണിക്യ-
ചഷകം നിറഞ്ഞൊററം
തുളുമ്പും ചെമ്മദ്യത്താൽ,
തവ സാഹസത്തിന്നു
കൺപീലിത്തുമ്പിൽ ചാർത്തു-
മവസാനമററാശ്രു-
ബിന്ദു മുത്തുകൾ നേത്രം.

* * *

പ്രേമത്തിൻ രഹസ്യങ്ങൾ
മർത്ത്യൻെറ ചുണ്ടത്തല്ല,
പ്രേമത്തിൻ വാസസ്ഥാന-
മജ്ഞാതം, വിദൂരസ്ഥം.
ഹാ, സഖി, വരൂ! പൊള്ള-
ച്ചിരി നിന്നു പോകുന്നു
നീ സദ്യ സമ്മാനിക്കു-
സ്വർഗ്ഗ്യമാം മദ്യത്താലേ.
ഹാ, കഷ്ടം, ഭവൽ ബാഷ്പ-
സാഗരത്തിങ്കൽത്തന്നെ-
യാകവേ മുങ്ങിപ്പോയി
പ്രജ്ഞയും ക്ഷമയും തേ.

ആവുകില്ല പശമിപ്പിക്കുവാനവസ്ഥാട-
ലാവുകില്ല പലിപ്സു ഭേത്രത്തിൽ നിന്നും മൂടാൻ.

ജി. ശങ്കരക്കുറുപ്പ്.

---

# മുസ്സോളിനി.

ഭാരതത്തിലെ—എന്തിനു, ലോകത്തിലെ തന്നെ, ദിവ്യചിന്തകന്മാരിൽ അഗ്രഗണ്യനായ ആചാര്യ്യവാസ്വാനി നമ്മോട് ഉപദേശിക്കുന്നു, "കർമ്മവീരന്മാരായ മഹാപുരുഷന്മാരുടെ ജീവചരിത്രം പഠിച്ച് അവരുടെ കാലടികളെ പിൻതുടരുവിൻ", എന്ന്. ഇതിന്നദ്ദേഹം പത്തു മഹാന്മാരെയാണു നിർദ്ദേശിക്കുന്നത്. ഈ നിർദ്ദേശപ്രകാരം പാശ്ചാത്യശ്രേ

ഷൂരിൽവെച്ചു 'ലെനിൻ'കഴിഞ്ഞാൽ മുന്നണിയിൽ നില്ക്കുന്നതു് നവീന ഇററാലിയുടെ സൃഷ്ടികർത്താവായ സീന്യോർ മുസ്സോളിനിയാണു്. ഇററാലി മുഴുവൻ ആരുടെ ധീരസ്വരത്തിൽ ഇടിമുഴക്കം ശ്രവിച്ച ഉരഗത്തെപ്പോലെ കിടുകിടെ വിറയ്ക്കുന്നുവോ, ആരുടെ നാമധേയം നവീന ഇററലിയിലെ പൌരതയുടെ ഹൃദയം പുളകിതമാക്കുന്നുവോ, ആരുടെ നാമോച്ചാരണം കഠിനവും കർക്കശവുമായ സമരപരിശീലനത്തെ കുറിക്കുന്നുവോ ആ മുസ്സോളിനി—ഇററലിയിലെ കിരീടം ധരിക്കാത്ത രാജാവു്, ആധുനികലോകത്തിലെ വിവിധചിന്തകന്മാരുടെ ദീർഘചിന്തനങ്ങൾക്കു വിഷയീഭൂതനായിട്ടുണ്ടു്. മുസ്സോളിനിയുടെ ശക്തിയേയും അതിന്റെ പരിണാമത്തേയും കുറിച്ചു് ഉപന്യസിക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ടു് നാലുകോടി ജനങ്ങളെ തന്റെ പ്രതിച്ഛായയിൽ വരുത്തുവാനുള്ള സൃഷ്ടിപരവും ഭീമവും ആയ കാര്യപരിപാടി അവസാനിക്കുന്നതിനു മുമ്പു് അദ്ദേഹത്തിന്റെ നയവൈദഗ്ദ്ധ്യത്തെക്കുറിച്ചുള്ള വിമർശനം അസ്ഥാനത്തിലാകാനേ തരമുള്ളു. പക്ഷേ അദ്ദേഹത്തിന്റെ മഹനീയതയിലേക്കുള്ള ഉയർച്ച, പൌരുഷത്തിന്റെ വളർച്ച, ഇററലിയിൽ അദ്ദേഹം വരുത്തിയിട്ടുള്ള പകർച്ച ഇവയെക്കുറിച്ചു സംക്ഷിപ്തരൂപത്തിൽ നമുക്കു പര്യാലോചിക്കാം.

ഏകദേശം നാലു പന്തീരാണ്ടു കാലത്തിനു മുമ്പു് 'ഫോർട്ടി' എന്ന സ്ഥലത്തു് അദ്ദേഹം സംജാതനായി. മുസ്സോളിനിയുടെ പിതാവു് ഒരു കരുവാനായിരുന്നു. അദ്ദേഹത്തിനു് ഇപ്പോഴുള്ള കായികബലവും പരിശ്രമശീലവും തനിക്കു ലഭിച്ചിട്ടുള്ള പൈതൃകസ്വത്താണു്. കുലീനഹൃദയയും സമർത്ഥയും ആയ ഒരു അദ്ധ്യാപികയായിരുന്നു അദ്ദേഹത്തിന്റെ മാതാവു്. പുത്രനു് ഉത്തമമായ പരിശീലനം അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കി അതിലേയ്ക്കു് സർവ്വകലാശാലയിലേയ്ക്കയയ്ക്കണമെന്നു നിർബ്ബന്ധിച്ചതു് ഈ മഹതിയാണു്. ബെനിറേറാ മുസ്സോളിനി ഇക്കാലത്തു കലഹപ്രിയനും വികൃതിയുമായ ഒരു ചെറുബാലനായിരുന്നു. ഇനിയും അടക്കാൻ സാധിക്കാത്ത ആസീമാതനമായ ഊർജ്ജസ്വലത അന്നും അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. തന്റെ പ്രാപ്തിയെക്കുറിച്ചുള്ള മതിപ്പും പരിശീലനത്തോടുള്ള അക്ഷമമായ വാത്സല്യവും സർവ്വകലാശാലയിലെ വൈദികരിൽനിന്നും അദ്ദേഹത്തിനു സിദ്ധിച്ച രണ്ടു ഗുണങ്ങളാണു്.

സർവ്വ കലാശാലയിൽനിന്നും പുറത്തുവന്നു് അല്പകാലത്തേയ്ക്കു് അദ്ദേഹം ഒരു അദ്ധ്യാപകനായിരുന്നു. പക്ഷേ അദ്ധ്യാപകവൃത്തിയ

ന്റെ ഊൎജ്ജസ്വലമായ സ്വഭാവത്തിനു ചേൎന്നതല്ലെന്നു പെട്ടെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. സ്വിററ്സർലണ്ടിൽ പോകണമെന്നു് ഒരു ആശ ജനിക്കുകയാൽ അതിന്റെ ആവശ്യത്തിലേയ്ക്കു് ഉടൻ മാതാവിനു ഒരു കത്തെഴുതി: "അമ്മേ, അമ്പതു പവൻ ഉടൻ അയയ്ക്കുക. അത്യാവശ്യമാണു്. അമാന്തിച്ചാൽ അപകടമുണ്ടു്." പുത്രനെ ജീവനു തുല്യം സ്നേഹിച്ചിരുന്ന മാതാവു് ഉടൻ തന്നെ ആവശ്യപ്പെട്ട സംഖ്യ അയച്ചുകൊടുത്തു. മുസ്സോളിനി സ്വിററ്സർ ലണ്ടിലേയ്ക്കു യാത്രയായി.

മുസ്സോളിനിയുടെ യഥാൎത്ഥമായ വിദ്യാഭ്യാസം തുടങ്ങുന്നതു സ്വിററ്സർ ലണ്ടിൽവെച്ചാണു്. നിൎദ്ധനനായതുകൊണ്ടു് ഇക്കാലമെല്ലാം അദ്ദേഹത്തിനു പല നികൃഷ്ടജോലികളും ചെയ്യേണ്ടിവന്നിട്ടുണ്ടു്. അവിടെവെച്ചു അദ്ദേഹത്തിനു പല വിദേശഭാഷകളും സ്വാധീനമായി; മനുഷ്യജീവിതത്തെപ്പററി സാമാന്യമായ ഒരു ജ്ഞാനം ലഭിച്ചു. റഷ്യയിലെ ഭാവിവിപ്ലവകാരികളുമൊന്നിച്ചാണു് അവിടെ അദ്ദേഹം കഴിച്ചുകൂട്ടിയിരുന്നതു്.

റഷ്യയുമായി മുസ്സോളിനിയ്ക്കു വലിയ ബന്ധത്തിന്നവകാശമുണ്ടായിരുന്നു. തന്റെ പ്രേമസൎവ്വസ്വമായി അദ്ദേഹം ഗണിച്ചുപോന്നിരുന്നതു് ഒരു റഷ്യൻ യുവതിയെയാണു്. റഷ്യയിലെ പല രാഷ്ട്രീയ യോഗങ്ങളിലും അദ്ദേഹം സന്നിഹിതനായിട്ടുണ്ടു്. ബെൽജിയത്തിലെ സമത്വവാദിനേതാവായ "എമിലിവാൺഡർവെൽഡേ" സമത്വവാദത്തേയും യേശുക്രിസ്തുവിനേയും പററി പ്രസംഗിച്ചുകൊണ്ടിരുന്ന സന്ദൎഭത്തിൽ മുസ്സോളിനി അദ്ദേഹവുമായി പല വാദപ്രതിവാദങ്ങളും നടത്തി. 'ലെനിൻ', 'ട്രോട്ട്സ്കി' മുതലായ മഹാന്മാരുടെ സ്നേഹഭാജനമായിരുന്നു അദ്ദേഹം. മാത്രമല്ല ഇററലിയിൽ തങ്ങൾക്കുള്ള ആശ മുഴുവൻ മുസ്സോളിനിയെ ആശ്രയിച്ചാണിരിക്കുന്നതെന്നു് അവർ ധരിച്ചിരുന്നു. പക്ഷേ തന്നിൽ നിലീനമായിരുന്ന പുരുഷപരമായ ഗുണപൌരുഷങ്ങളുടെ ഔത്കൃഷ്ട്യത്തിന്റെ മഹനീയത അത്രവേഗം അടിമപ്പെടുന്ന ഒന്നല്ലായിരുന്നു. തെററിദ്ധാരണമൂലം ലോകത്തിൽ എന്തെല്ലാം സംഭവിക്കുന്നു! ഒരു വിപ്ലവകാരിയാണെന്നു പറഞ്ഞു സ്വിററ്സർ ലണ്ടിൽനിന്നും മുസ്സോളിനിയെ നാടുകടത്തി. അതിനുശേഷം കുറെ വൎഷങ്ങളോളം അദ്ദേഹം ഇററലിയിൽതന്നെയായിരുന്നു. മുഴുവൻ സമയവും രാഷ്ട്രീയ കാൎയ്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചു, ഒരു സമത്വവാദി എന്ന നിലയിലുമാണു് ഇററലിയിൽ അദ്ദേഹം ജീവിതം നയിച്ചതു്. എറെത്താമസിയാതെ സമത്വവാദികളുടെ പ്രധാന ആയുധമായിരുന്ന "ലാ അവന്തി" എന്ന ദിനപത്രത്തിന്റെ പത്രാധിപത്യം അദ്ദേഹം സ്വീകരിച്ചു.

പക്ഷേ യുദ്ധം സാഹചര്യങ്ങളെ കനുടച്ചുവാത്തു. മററു പലേ നേതാക്കന്മാരെ പോലെ തന്നെ സമത്വവാദം തന്റെ ഉദ്ദേശസിദ്ധിയ്ക്കു പര്യാപ്തമല്ലെന്നു മുസ്സോളിനിയും നിശ്ചയിച്ചു. "ഡി അന്നൺസിയോ" തന്റെ ഏതുകക്ഷിയുടെ നേരേ സമരം ചെയ്യാൻ നിശ്ചയിച്ച വിളംബരം കേട്ട് ഇററലിയിലെ യുവാക്കന്മാരെല്ലാം അദ്ദേഹത്തെ സഹായിക്കുവാൻ തയ്യാറായി. ഇററാലിയൻ യുവാക്കന്മാരെ മറെറാരാളുടെ നേതൃത്വത്തിൽ കാണുക മുസ്സോളിനിയുടെ നയനങ്ങൾക്ക് അസഹ്യമായിരുന്നു. അദ്ദേഹം തൂലികതാഴത്തിട്ടു. തൽസ്ഥാനത്തു വാളായി. രണ്ടു കൊല്ലങ്ങളോളം ആ രണശ്ശൂരൻ പടക്കളത്തിലായിരുന്നു.

യുദ്ധാവസാനത്തിൽ അമേരിക്കൻ പ്രസിഡണ്ടായ 'വിൽസ'ന്റെ വരവിനെ ഇററലി വീക്ഷിച്ചിരുന്നത് അത്യാസക്തിയോടും അതിയായ പ്രത്യാശയോടും കൂടിയായിരുന്നു. "അമേരിക്കൻ മിശിഹാ"യെ ഇററലിക്കാർ ബഹുമാനപുരസ്സരം സ്വീകരിച്ച് അദ്ദേഹത്തിനു വലിയ ഉപഹാരങ്ങൾ സമപ്പിച്ചു. സമ്മാനങ്ങളെല്ലാം സസന്തോഷം സ്വീകരിച്ചെങ്കിലും വിൽസൺ ഇററലിക്കാരുടെ ആഗ്രഹത്തിനു വഴിപ്പെട്ടില്ല. "ഡി അന്നൺസിയൊ" വിൽസന്റെ ഈ പ്രവൃത്തിയിൽ ഇററലിക്കാക്കുള്ള വെറുപ്പിനെ പ്രത്യക്ഷപ്പെടുത്തി. മാത്രമല്ല തങ്ങളുടെ രക്ഷാമാർഗ്ഗം ഏതുവഴിക്കാണെന്ന് അദ്ദേഹം മുസ്സോളിനിയ്ക്ക് കാണിച്ചു കൊടുത്തു. ലോകത്തിലെ രാഷ്ട്രീയപരമായ ഐക്യത്തിനായി നിരന്തരപരിശ്രമം ചെയ്തുകൊണ്ടിരുന്ന സമത്വവാദിനേതാവ് അന്നു മുതൽ സ്വരാജ്യത്തിന്റെ ഉന്നമനത്തിനു പ്രയത്നിയ്ക്കാൻ തയ്യാറുള്ള ഒരു വലിയ ദേശാഭിമാനിയായി. ഈ ആദശ്നമാററമാണ് മുസ്സോളിനിയുടെ ഭാവി ജീവിതത്തിൽ അദ്ദേഹത്തിനു സിദ്ധിച്ച ശക്തിയ്ക്കും മഹനീയതയ്ക്കും ആധാരമായിത്തീന്നിട്ടുള്ളത്.

"ഹൃദയസ്ഥൈര്യമാണ് ശക്തിയുടെ രഹസ്യം" എന്നു പറയാറുണ്ട് മുസ്സോളിനി. അദ്ദേഹത്തിന്റെ "ഫാസിസ്ററ് ലിജിയ"ന്റെ ആവിർഭാവം തന്നെ തന്നിൽ അന്തർലീനമായിരുന്ന പൌരുഷത്തിന്റേയും മാനസിക ശക്തിയുടേയും ഉത്തമമായ പ്രത്യക്ഷലക്ഷ്യമാകുന്നു. അതിന്റെ ഉത്ഭവം നിസ്സാരമായിട്ടാണ്. ഏതാണ്ട് 145 യോദ്ധാക്കന്മാർ—മേലചണ്ണക്കവചധാരികളായ ഇററലിയുടെ യുവചൈതന്യങ്ങൾ, മിലാൻ എന്ന സ്ഥലത്തു എത്തിച്ചേന്നു. ഇതായിരുന്നു ഇററലിയെ ആക്രമിച്ച സമത്വവാദികളെ തടഞ്ഞ ആ വമ്പിച്ച സേനയുടെ സത്തു. ദൈനംദിനം ഈ "ഫാസിസ്ററ്" സേനയുടെ സംഖ്യ വദ്ധിച്ചുകൊണ്ടേയിരുന്നു. അവരുടെ നായകനായി നയജ്ഞനും ബുദ്ധിശാലിയുമായ മുസ്സോളിനി—അ

തെ, ആധുധികലോകത്തിലെ സിസർ—ലോകത്തെ മുഴുവൻ ഇളക്കിമറിയ്ക്കുന്ന നേതൃങ്ങളുമായി പരിലസിക്കുന്നു. മററു രാജ്യങ്ങളോടൊപ്പം തന്നെ ഭൌതിക പരിഷ്ക്കാര സൂര്യൻ ഇററലിയിലും പ്രകാശിക്കുന്നുണ്ട്. അവിടേയുമുണ്ട്, യന്ത്രങ്ങൾ, കപ്പലുകൾ വിമാനങ്ങൾ മുതലായവ. പക്ഷേ ഇവയ്ക്ക് ഒന്നിനും ഇതുവരെ കഴിഞ്ഞിട്ടില്ല, മുസ്സോളിനിയുടെ ബാഹുബലത്തെ ഒന്നു തൊട്ടുനോക്കുവാൻ!

അവശതയിൽ പെട്ടുഴലുന്ന രാജ്യങ്ങളെ സമുദ്ധരിക്കുവാൻ അതതുകാലങ്ങളിൽ പുനരുജ്ജീവനത്തിൻെറ ജനയിതാക്കളായി മഹാന്മാർ അവതരിക്കാറുണ്ടെന്നു് ചരിത്രം ഉൽഘോഷിക്കുന്നു. ഇററലിയുടെ സാമ്പത്തിക നില ഏററവും അപായകരമായ ഒരു പതനത്തിൽ എത്തിച്ചേർന്നകാലത്താണു് മുസ്സോളിനിയുടെ ഉയർച്ച. അവരുടെ സർവ്വസമ്പൽസമൃദ്ധിയ്ക്കും കാരണഭൂതൻ സ്വമാതാവിൻെറ വൈവശ്യകാലത്തു് ഉദിച്ചുയർന്നു് ഒളിചിന്നിയ ആദിവാകരനാണു്. ധൈര്യം സ്ഥൈര്യം നയജ്ഞത, ആത്മവിശ്വാസം മുതലായ ഉൽകൃഷ്ടഗുണങ്ങളുടെ ഒരു സമാഹാരമാണു് മുസ്സോളിനി. ഇവയെല്ലാം അദ്ദേഹത്തിന്നു ജന്മസിദ്ധമായ ഗുണങ്ങളാണു്. "പരിപൂർണ്ണമായ ഭാരവാഹിത്വം വഹിക്കുന്നതുകൊണ്ടാണു് ഞാൻ പൂർണ്ണമായ ശക്തി പ്രയോഗിക്കുന്നതു്" എന്നു് അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ദുഷ്പ്രഭുത്വത്തെ അദ്ദേഹം അടിച്ചമർത്തി. അനിയന്ത്രിത ഭരണത്തെ അദ്ദേഹം ഇല്ലായ്മചെയ്തു; കച്ചവടസംഘങ്ങൾ നിർത്തൽ ചെയ്തു; പോപ്പുമായി സന്ധിചെയ്തു. ഈ മഹൽ കൃത്യങ്ങളൊക്കെ നിറവേററിയതു് മുസ്സോളിനിയുടെ ബാഹുബലം ഒന്നുമാത്രമാണു്

ഇററലിയിലെ പ്രധാനമന്ത്രി പദത്തിലേയ്ക്കു് ആരോഹണം ചെയ്ത സന്ദർഭത്തിൽ അദ്ദേഹം പുതിയ ഭരണസഭയോടു ഇപ്രകാരം പറയുകയുണ്ടായി:—"പാർലിമെൻറിലെ ഭൂരിപക്ഷങ്ങൾക്കു ഞാൻ ഒരു വിലയും കല്പിച്ചിട്ടില്ല. അതിൻെറ സഹായം ഉണ്ടെങ്കിലും ഇല്ലെങ്കിലും എനിക്കു് യുക്തമെന്നു തോന്നിയതു് ഞാൻ പ്രവൃത്തിയ്ക്കും." അതിൻെറ സഹായം കൂടാതെയാണു് അദ്ദേഹം പ്രവൃത്തി ആരംഭിച്ചതു് എന്നുള്ളതിന്നു് അനന്തരസംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടല്ലൊ. അല്ലാതെ എല്ലാത്തിന്നും പാർലിമെൻറ് അംഗങ്ങളുമായി ആലോചിക്കാൻ തുനിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്നു് ഭ്രാന്തു് പിടിയ്ക്കുമായിരുന്നു.

പഴയ കാലത്തെ ഇററലിയും മുസ്സോളിനിയുടെ ഇററലിയും തമ്മിൽ അജഗജാന്തരമുണ്ടു്; രാജ്യഭരണസംബന്ധമായി മാത്രമല്ല, സാമുദായികമായും. അലകും പിടിയും മാറിയ ഒരു നവീന ഇററലിയെയാണു് അദ്ദേഹം സൃഷ്ടിച്ചതു്. യഥാർത്ഥമായ വിദ്യാഭ്യാസത്തിൻെറ മഹത്വ

യഥാർത്ഥഫലം കണ്ടും അനുഭവിച്ചും ആസ്വദിക്കാൻ സാധിക്കാത്ത ഇററലിക്കാർക്ക് ഉൽകൃഷ്ടാദർശങ്ങളുടെ വിളനിലമായ ഒരു ഇററാലിയൻ സർവ്വകലാശാല പ്രദാനം ചെയ്തതു് മുസ്സോളിനിയാണ്. ചുരുക്കിപ്പറയാം. കർമ്മവീരനായ അദ്ദേഹം തദ്ദേശീയർക്കു വേണ്ടി പ്രത്യേകമായ ഒരു പരിശീലനത്തേയും സംസ്കാരത്തേയും സൃഷ്ടിച്ചു.

വ്യക്തിപരമായി നമുക്ക് അദ്ദേഹത്തെക്കുറിച്ചു വലിയ പരിജ്ഞാനമില്ല. ജന്മനാ സംഗീതത്തിൽ വലിയ വാസനയുള്ള ഒരാളാണ് അദ്ദേഹം. തന്മൂലം വിശ്രമവേളയിലെ പ്രധാനമായ വിനോദം സംഗീതയന്ത്രം തന്നെയാണ്. ചില ചെറിയ നാടകങ്ങളും എഴുതാനായും ഒഴിവുസമയങ്ങൾ അദ്ദേഹം വിനിയോഗിക്കാറുണ്ട്. തന്റെ മോട്ടോർക്കാർ അദ്ദേഹം തന്നെയാണ് ഓടിക്കാറ്. അതു് ഓടിക്കുമ്പോൾ കണക്കിലധികമുള്ള വേഗതനിമിത്തം പലതവണയും ആ മഹാപുരുഷൻ അപകടത്തിൽ ചാടിയിട്ടുണ്ട്. പക്ഷേ അവയെല്ലാം നിസ്സാരമാക്കിത്തള്ളി അതിൽ കൂടുതൽ ഔൽസുക്യം പ്രദർശിപ്പിക്കുകയാണ് അദ്ദേഹം ചെയ്യുന്നതു്.

മുസ്സോളിനിയ്ക്കു് സ്വശക്തിയെക്കുറിച്ച് ദൃഢമായ വിശ്വാസമുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ വിധിയുടെ പരിണാമമെന്താണ്? ഏതൊരു പരിതഃസ്ഥിതിയിലേയ്ക്കാണ് അദ്ദേഹം ഇററലിയെ ആനയിക്കുന്നതു്? ദിനം പ്രതി വർദ്ധിച്ചുവരുന്ന സമ്പൽ സമൃദ്ധിയിലേയ്ക്കോ? സമാധാനത്തിലേയ്ക്കോ? അതോ, സമരാങ്കണത്തിലേയ്ക്കോ? ഒരു ഭാഗത്തു് ഡാൽമാററിയാ'ദ്വീപു്; മറുഭാഗത്തു് വടക്കെ ആഫ്രിക്കയിലെ പരന്ത്രീസ് രാജ്യങ്ങൾ, ക്രുദ്ധരായി അദ്ദേഹത്തെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടൊന്നും അദ്ദേഹത്തിനു് ഒരു കുലുക്കവുമില്ലതാനും. കൈകാട്ടിവിളിക്കുന്ന അനതിദൂരമായ ഭാവിയിൽ ബുദ്ധിവൈദഗ്ദ്ധ്യത്താൽ മുസ്സോളിനി സുസ്ഥിരമായ തന്റെ പരിഷ്കാരങ്ങളെ മുഴുവൻ നാട്ടിൽ നടപ്പാക്കി ശാന്തമായി ലോകത്തോടു യാത്ര പറയുമെന്നു് നമുക്കു് ആശിക്കുക.

ഞാറക്കവീട്ടിൽ അപ്പുക്കുട്ടമേനോൻ

# യാചകവൃത്തി.

ഭാരതീയർ അഗതിസംരക്ഷണത്തിൽ അത്യന്തം ശ്രദ്ധാലുക്കളാകുന്നു. അവർ തങ്ങളെ ആശ്രയിച്ചവരെ സർവ്വവുമപേക്ഷിച്ചും സംരക്ഷിക്കുവാൻ സന്നദ്ധരാകുന്നു. തനിക്കും കുടുംബത്തിനും വേണ്ടി തയ്യാറാക്കിയ ഭക്ഷണം വിശന്നുവലഞ്ഞു വന്നിരുന്ന നായാട്ടുകാരനും നായയ്ക്കും

മാറും കൊടുത്തു പട്ടിണികിടന്നുമരിച്ച രന്തിദേവന്റെ ചരിതം അവർ ഇന്നും അഭിമാനത്തോടുകൂടി അനുസ്മരിച്ചു പോരുന്നു. ഉദരപൂരണത്തിന്നു വേറെ ഉപായമില്ലാതെ യാചനയ്ക്കു വരുന്ന ഭിക്ഷുവിനു തങ്ങളാൽ കഴിയുന്നതു നല്കുന്നതു "ധൎമ്മമായിട്ടാണു ഭാരതീയർ കരുതുന്നതു്. അത്താഴത്തിന്നു അയൽ വീട്ടിൽനിന്നും വായ്പവാങ്ങിക്കൊണ്ടു വന്നിട്ടുള്ള അരിയിൽനിന്നും ഒരോഹരി ഭിക്ഷുവിന്നു കൊടുത്തു ശേഷിച്ചതുകൊണ്ടു് അവർ തൃപ്തിയടയുന്നു. തങ്ങൾക്കു സല്കൎമ്മം ചെയ്വാൻ സംഗതിയുണ്ടാക്കിത്തരുന്നതുകൊണ്ടു യാചകന്മാരോടു കൃതജ്ഞന്മാരായിരിക്കണമെന്നുള്ള തത്വം അവർ ജനനിയുടെ സ്തന്യത്തോടൊപ്പം പാനം ചെയ്യുന്നു. ആയിരക്കണക്കിന്നു അശരണന്മാരായി അലഞ്ഞുനടക്കുന്ന യാചകന്മാൎക്കുവേണ്ടി ഗവൎമ്മേണ്ടോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ യാതൊന്നും ചെയ്തിട്ടില്ലാതിരിക്കെ ജനങ്ങൾ അവരോടു കാണിക്കുന്ന അനുകമ്പ അഭിനന്ദ്യമെന്നുതന്നെ പൊതുവിൽ പറയുകയും ചെയ്യാം.

എന്നാൽ സാധുജനങ്ങളോടുള്ള അനുകമ്പകൊണ്ടോ, വളരെ പുരാതനമായ ഒരു നടപടിയെ നിലനിൎത്തുവാനുള്ള ആഗ്രഹം കൊണ്ടോ നാം വിവേചനാശക്തി വെടിയുന്നതു് അയുക്തമാകുന്നു. സല്പാത്രദാനം ഔൽകൃഷ്ട്യമേറിയ ഒരു കൃത്യമാണെങ്കിൽ അപാത്രദാനം അത്യന്തം അപലപനീയമായ ഒരു ഹീനകൎമ്മമാകുന്നു. ഈ തത്വം നാം പ്രായേണ വിസ്മരിച്ചുപോകുന്നതായിട്ടാണു കാണപ്പെടുന്നതു്. നാം കൊടുക്കുന്ന ഭിക്ഷ യാചകൻ അൎഹിക്കുന്നുണ്ടോയെന്നു നാം ആലോചിക്കുന്നതേയില്ല. തന്മൂലം വാൎദ്ധക്യത്താലും രോഗബാധയാലും അവശനായിവരുന്ന ഒരു പാവത്തേയും യൌവനയുക്തനും അരോഗദൃഢഗാത്രനുമായ ഒരു പിച്ചക്കാരനേയും നാം തുല്യദൃഷ്ടിയോടെയാണു വീക്ഷണം ചെയ്യുന്നതു്. ഇതുകൊണ്ടു യാചകവൃത്തിയെ പ്രോത്സാഹിപ്പിക്കുകയും ജനങ്ങളിൽ സ്വാഭിമാനവും സ്വാശ്രയബോധവും കെടുത്തുകയുമാണു നാം ചെയ്യുന്നതു്. പാളയെടുത്തു പത്തുപടി കയറിയിറങ്ങിയാൽ പട്ടിണികൂടാതെ കഴിക്കാം. അല്പം സാമൎത്ഥ്യവും കൂടിയുണ്ടെങ്കിൽ ചിലവുകഴിച്ചു സമ്പാദ്യത്തിന്നും വഴിയുണ്ടു് എന്നുള്ള വിശ്വാസംകൊണ്ടും വളരെ ജനങ്ങൾ സമ്പാദ്യംകുറഞ്ഞ ഇതരജോലികൾ ഉപേക്ഷിച്ചു യാചകവൃത്തി കൈക്കൊണ്ടിട്ടുള്ളതായി ലേഖകന്നു നിശ്ചയമുണ്ടു്. ഇപ്രകാരം ആളുകൾ ആത്മാഭിമാനത്തെ നിൎല്ലജ്ജം വിററഴിപ്പാൻ തയ്യാറാകുമ്പോൾ അവരെ അതിന്നു സഹായിക്കുന്നതും അതുതന്നെ അപമാനകരമാകുന്നു. അരോഗിയും ബലിഷ്ഠകായനുമായ ഒരാൾ ദീനഭാവത്തിൽ "ധൎമ്മം തരണേ" എന്നു യാചിക്കുമ്പോൾ വല്ലവരുടേയും മനസ്സു

ലിയുന്നുണ്ടെങ്കിൽ ആ മനോഗുണം ആൎക്കുംതന്നെയും അഭിലഷണീയമല്ലെന്നു് ഉറപ്പായി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ രാജ്യത്തിൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് യാചകന്മാരുടെ സംഖ്യ വളരെയധികമുണ്ടെങ്കിൽ അതിനുള്ളകാരണം ഭാരതീയരുടെ ശോചനീയമായ സാമ്പത്തികസ്ഥിതിമാത്രമല്ല, ജനങ്ങളുടെ അസ്ഥാനത്തിലുള്ള അനുകമ്പാപ്രദൎശനത്തിനും അതിൽ തുല്യമായ ഉത്തരവാദിത്വമുണ്ടു്.

തീവണ്ടിസ്റ്റേഷനിലും ബസ്സ് നില്ക്കുന്നിടത്തും ആളുകൾ കൂടുന്ന മററു സ്ഥലങ്ങളിലും യാചകവൃത്തി ഉദ്യോഗമായി സ്വീകരിച്ചിട്ടുള്ള ഒരു കൂട്ടം ജനങ്ങളിൽ നിന്നു ഉപദ്രവമേല്ക്കാതെ പോയിപ്പോരുവാൻ പ്രയാസമാണ്. വണ്ടിയിൽ വന്നിറങ്ങുന്നവരെ പല വേഷക്കാരും പ്രായക്കാരുമായ യാചകന്മാർ ചെന്നു വളയുകയായി. ജനങ്ങളുടെ മനോഭാവങ്ങൾ കണ്ടറിയുവാൻ ഇവൎക്കുള്ള സാമൎത്ഥ്യം അനന്യസാധാരണമാണ്. ഇവർ ഉദ്ദേശസിദ്ധിക്കു ജനങ്ങളോടു് അവസരത്തിന്നനുസരിച്ച നയോപായനങ്ങൾ പ്രയോഗിക്കുന്നു. ഒരു ഭാഗത്തു അച്ഛനുമമ്മയുമില്ലാത്ത ഒരു കുട്ടിയായിരിക്കും. അയാൾ അവിടെ വന്നതു് അന്നു മാത്രമാണു്. ഭക്ഷണം കഴിച്ചിട്ടു മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു.

ക്ഷീണം കൊണ്ടു തല തിരിഞ്ഞു വീണ ദേഹത്തിൽ പലഭാഗത്തും പരുക്കുകൾ പററിയിട്ടുണ്ടു്. നിങ്ങളുടനെ സഹായിക്കുകയില്ലെങ്കിൽ അയാളുടെ സ്ഥിതി എത്രയും പരിതാപകരമായിരിക്കും. മറെറാരു ഭാഗത്തു ഇതിലും ദയനീയമായ ഒരു കാഴ്ചയായിരിക്കും. അവിടെ കാണുന്ന പ്രാകൃതവേഷക്കാരൻ ഒരു കാലത്തു നല്ല നിലയിൽ ജീവിച്ചിരുന്നവനാണ്. അടിക്കടിയുണ്ടായ ആപത്തുകൾ അയാളെ ഈ സ്ഥിതിയിൽ കൊണ്ടു തള്ളിവിട്ടിരിക്കുകയാണ്. രോഗിണിയായ ഒരു ഭാൎയ്യയും എട്ടൊമ്പതു കുട്ടികളും അയാളുടെ ആഗമനം കാത്തുകൊണ്ടു ഇരിക്കുന്നുണ്ടാകും. അയാളുടെ ദേഹസ്ഥിതി അയാളെ യാതൊരു പ്രവൃത്തിക്കും അനുവദിക്കുന്നുമില്ല. കുട്ടികളിൽ രണ്ടു പേർ പട്ടിണികൊണ്ടു തന്നെ പരലോകം പ്രാപിച്ചു. മഹാജനങ്ങൾ സഹായിക്കുകയില്ലെങ്കിൽ മററു കുട്ടികളുടെ സ്ഥിതിയും ഇതുതന്നെയാകുന്നതാണ്.

ഇപ്രകാരമുള്ള കഥകൾ നിങ്ങളിൽ അവരുടെ നേരെ അനുകമ്പയുളവാക്കിയില്ലെങ്കിൽ അവർ നിങ്ങളെ പുകഴ്ത്തുവാൻ തുടങ്ങുകയായി. നിങ്ങൾ ഏററവും ഉദാരമതികളാണെന്നു് അവർ മുമ്പു തന്നെ ധരിച്ചിട്ടുണ്ടു്. നിങ്ങളുടെ കരുണകൊണ്ടു മാത്രം രക്ഷിക്കപ്പെട്ടിട്ടുള്ള പലരേയും അവർ അറിയുന്നു. അതുകൊണ്ടുതന്നെയാണ് അവർ നിങ്ങളുടെ അടു

ത്തുതന്നെ വന്നതും. അവരുടെ ദയനീയ കഥകളിൽ മനസ്സലിയാത്തവർ മേല്പറഞ്ഞ അഭിമാനസ്പൃക്കുകളായ വാക്കുകളിലെങ്കിലും മയങ്ങുന്നതു സാധാരണയാണ്. എന്നാൽ ഇതുകൊണ്ടും മനസ്സിളകാത്ത 'കഠിനഹൃദയ'ന്മാരുണ്ടെങ്കിൽ അവരോടു പെരുമാറേണ്ട രീതിയും നമ്മുടെ യാചകന്മാൎക്കു് നല്ലവണ്ണമറിയാം. ആളുകളുടെ മുമ്പിൽ വെച്ചു പിച്ചക്കാരാൽ അപമാനിക്കപ്പെടുന്നതു് ആൎക്കും അനിഷ്ടകരമായിരിക്കുമെല്ലോ. ഈ തത്വമറിഞ്ഞിട്ടുള്ള യാചകന്മാർ മററു മാൎഗ്ഗങ്ങളെല്ലാം വിഫലമായിവരുമ്പോൾ ഇപ്രകാരമുള്ള ലുബ്ധന്മാരോടു് യാചിക്കാൻ പുറപ്പെട്ടതു അബദ്ധമായി എന്നോ, "നിങ്ങൾക്കു കാശിന്നു വലിയ മുട്ടുണ്ടെങ്കിൽ ഞങ്ങൾക്കു കിട്ടിയിട്ടുള്ളതിൽ നിന്നു വല്ലതും തരാം" എന്നോ ഉച്ചത്തിൽ പറയുകയുകയായി. ഈ ഉപദ്രവം കൂടാതെ കഴിപ്പാൻ തങ്ങളുടെ അഭിപ്രായത്തിന്നെതിരായിട്ടുതന്നെ ആളുകൾ യാചകന്മാരുടെ ആവിശ്യങ്ങൾക്കു് അടിമപ്പെടുന്നു.

അഭിലഷണീയമല്ലാത്ത ഈ സ്ഥിതിയിൽ നിന്നുള്ള മോചനത്തിന്നു് ഒരു മാൎഗ്ഗം മാത്രമേയുള്ളു. ഇംഗ്ലണ്ടിലും മററുമുള്ളതുപോലെ നമ്മുടെ രാജ്യത്തിലും ഗവൎമ്മേണ്ടു വകയായോ അഥവാ പൊതുസ്ഥാപനങ്ങൾ വകയായോ അനാഥമന്ദിരങ്ങൾ സ്ഥാപിക്കപ്പെടണം. യഥാൎത്ഥത്തിലുള്ള അഗതികൾക്കു മാത്രമേ അവിടെ പ്രവേശന മനുവദിക്കാവൂ. അവരുടെ ദേഹസ്ഥിതിക്കനുസരിച്ചു് ഓരോ പ്രവൃത്തികൾ കൊടുത്തു അവരുടെ ഉപജീവനം സമ്പാദിക്കുവാനുള്ള സൌകൎയ്യമവൎക്കുണ്ടാക്കികൊടുക്കണം. യാതൊരു പ്രവൃത്തിയും ചെയ്വാൻ സാധിക്കാത്ത ചില പാവങ്ങളേയും രക്ഷിക്കേണ്ടിവരുമെന്നുള്ളതും ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഇപ്രകാരമുള്ളവരുടെ സംഖ്യ എത്രയും പരിമിതമായിരിക്കുന്നതാണ്. അനാഥമന്ദിരങ്ങൾ സ്ഥാപിക്കപ്പെടുന്നതോടുകൂടി ഇംഗ്ലണ്ടിലും മററുമെന്നപോലെ യാചകവൃത്തിശിക്ഷാൎഹമായ ഒരു കുററമാണെന്നു് ഒരു നിയമം പാസ്സാക്കുകയും വേണം. ഇതു് ദൈവവിരോധമായിരിക്കുമെന്നു് ആരും ഭയപ്പെടേണ്ടതില്ല. കോടീശ്വരനും പൊതുജനങ്ങൾക്കു് വളരെ ഗുണങ്ങൾ ചെയ്തിട്ടുള്ള ആളുമായ റോക്ക്ഫെല്ലർ യാചന്മാൎക്കു് ഒരു പൈപോലും കൊടുക്കുകയില്ലെന്ന ദൃഢവ്രതക്കാരനാണു. എന്നാൽ അഗതികൾക്കു പ്രവൃത്തിയുണ്ടാക്കികൊടുത്തു ഉപജീവന സമ്പാദ്യത്തിന്നു് സൌകൎയ്യമുണ്ടാക്കി കൊടുക്കുവാൻ സദാ ജാഗരൂകനുമാണ്. അദ്ദേഹത്തിന്റെ യന്ത്രശാലകളിൽ പണിയെടുക്കുന്ന ലോകക്ഷാപി ലക്ഷം ജനങ്ങൾ പതിവായി അദ്ദേഹത്തിന്റെ ശ്രേയസ്സിനുവേണ്ടി പ്രാൎത്ഥന നടത്തുന്നു.

എന്നാൽ അപാത്രദാനത്തിന്റെ അനാശാസ്യത ജനങ്ങളെ മ

നസ്സിലാക്കുന്നതു് ക്ഷണസാദ്ധ്യമല്ല. പടിക്കൽ വന്ന ഭിക്ഷുവിനെ വെറും കയ്യോടെ മടക്കിയയക്കുന്നതു് കുടുംബത്തിന്നു് അനല്പമായ ഒരപമാനമെന്നു മാത്രമല്ല പലവിധ ആപത്തുകൾക്കു കാരണമാണെന്നു കൂടി വളരെ ജനങ്ങൾ വിശ്വസിക്കുന്നു. യാചകനോടു് എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുന്നതു്, അയാൾ എത്ര തന്നെ ബലിഷ്ഠനായിക്കൊള്ളട്ടെ, ഒരു വലിയ പാപകർമ്മമായിട്ടാണു് ഇവർ വിചാരിക്കുന്നതു്. തന്മൂലം യാചകവൃത്തിക്കു് എതിരായി എന്തെങ്കിലും പറയുകയോ പ്രവൃത്തിക്കുകയോ ചെയ്യുന്നതു് പല ആക്ഷേപങ്ങൾക്കും കാരണമായേക്കാം. ഇപ്രകാരമുള്ള ഒരനുഭവമാണു് എനിക്കു് അടുത്തുണ്ടായതു്.

പുതുമഴ പെയ്തതിനാൽ പാടത്തു പണി തുടങ്ങേണ്ട കാലമായിരുന്നു. കൂലിക്കാരെ വിളിക്കുവാൻ ഞാൻ പുറത്തിറങ്ങിയപ്പോഴാണു് ഒരു ഭിക്ഷു പടികടന്നു വന്നതു്. അരോഗദൃഢഗാത്രനും യൌവനം തീരെ ക്ഷയിച്ചിട്ടില്ലാത്തവനുമായ അയാൾ എനിക്കു് അപരിചിതനായിരുന്നില്ല. ഏതാനും ആഴ്ചകൾക്കുമുമ്പുവരെ തയിരുവിററു് ഉപജീവനം സമ്പാദിച്ചിരുന്ന കുഞ്ചുനായരെ തിരിച്ചറിയുവാൻ എനിക്കു് ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. എന്നെ കണ്ട ഉടനെതന്നെ അയാൾ "യജമാനനേ, ധർമ്മം തരൂ, ഒരു നേരത്തെ വകക്കുള്ളതു തരാവണ്ടു്" എന്നു പറഞ്ഞു. എന്റെ കൂടെ പാടത്തുവന്നു് പണിയെടുത്താൽ രണ്ടു നേരത്തെ ഭക്ഷണത്തിനുള്ള വക കൊടുക്കാമെന്നു പറഞ്ഞതു് അയാൾക്കു തീരെ രസിച്ചില്ല. "എമാനേ ഞാൻ ദരിദ്രനാണു്, എന്നാൽ—" എന്നു് അയാൾ തുടങ്ങിവെച്ചതു പൂരിപ്പിച്ചതു് ഞാനാണു്. "എന്നാൽ സ്വപ്രയത്നം കൊണ്ടു് ഉപജീവനം സമ്പാദിപ്പാനുള്ള സ്വാശ്രയബോധമോ ആത്മാഭിമാനമോ ഇല്ല, അല്ലേ?" ഈ ചോദ്യം അയാളുടെ രസക്ഷയം വർദ്ധിപ്പിച്ചു. "സന്യാസിമാർക്കു ധർമ്മം കൊടുക്കാതെ സമ്പാദിക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു തുറന്നു പറയരുതെ?" എന്നു് അയാൾ സ്ഥലകാലങ്ങൾ മറന്നു പറഞ്ഞു. ഇതിനുള്ള പ്രത്യുത്തരമെന്തായിരിക്കണമെന്നു് എനിക്കറിയാമായിരുന്നു. എന്നാൽ എന്തെങ്കിലും പറയുകയോ പ്രവൃത്തിക്കുകയോ ചെയ്യാൻ എനിക്കു് അവസരം ലഭിക്കുന്നതിന്നുമുമ്പു കാരണവന്മാർ ഭിക്ഷയുംകൊണ്ടു് അവിടെ വന്നു. "കുടുംബത്തെ അവമാനിക്കാൻ പുറപ്പെട്ട ദ്രോഹി!" എന്നു് എന്നോടും "ആ കുരുത്തംകെട്ടവൻ പറഞ്ഞതൊന്നും വകവെക്കരുതേ"ന്നു 'സന്യാസി'യോടും പറഞ്ഞു് അദ്ദേഹം മടങ്ങിപ്പോകുകയും ചെയ്തു. യാചകൻ ഭിക്ഷയുംകൊണ്ടു പോകുന്നതിനു മുമ്പു വിജയസൂചകമായ ഒരു ചിരിയോടുകൂടി എന്റെ നേരെ നോക്കിയതു് എനിക്കു മറക്കുവാൻ സാധിക്കയില്ല.

ഈ സംഭവം ഇത്രയുംകൊണ്ടു് അവസാനിച്ചുവെന്നാണു ഞാൻ കരുതിയതു്. എന്നാൽ വൈകുന്നേരം ഗൃഹത്തിൽ ചെന്നപ്പോൾ മാത്രമേ കാൎയ്യത്തിന്റെ ഗൌരവം മുഴുവനുമറിഞ്ഞുള്ളു. അവിടത്തെ ചെറിയ കുട്ടിയ്ക്കു പെട്ടെന്നു കഠിനമായ പനി തുടങ്ങുകയും അയാൾ എന്തൊക്കെയോ അസംബന്ധം പറയുകയും ചെയ്യുന്നു. ഇതിന്നെല്ലാം കാരണം രാവിലെ അവമാനിച്ചു അയക്കപ്പെട്ട 'സന്യാസി'യുടെ കോപമാണെന്നു് അവിടെ കൂടിയിരുന്നവരെല്ലാം ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരുന്നു. തന്മൂലം കുട്ടിയുടെ പനിക്കുള്ള കാരണം പുതുമഴ കൊണ്ടതായിരിക്കുമെന്നും പനിയുടെ ആധിക്യംകൊണ്ടു മാത്രമാണു് അസംബന്ധം പറഞ്ഞിരുന്നതെന്നും ഞാൻ അഭിപ്രായപ്പെട്ടതു കേവലം വനരോദനമായി കലാശിച്ചു. പനിയുടെ ഉപശാന്തിക്കു ഭിക്ഷുവിനെ വിളിച്ചുകൊണ്ടു വന്നു മൃഷ്ടാന്നവും മററും കൊടുത്തു സന്തോഷിപ്പിക്കുകയാണു വേണ്ടതെന്നു അവിടെ കൂടിയിരുന്നവരിൽ ചിലർ അഭിപ്രായപ്പെട്ടതു കാരണവർ ശരിവെച്ചു. എന്റെ അവിവേകത്തിന്നു ശിക്ഷയായി ഭിക്ഷുവിനെ വിളിച്ചുകൊണ്ടു വരേണ്ട ഭാരം എന്നിൽ സമൎപ്പിക്കപ്പെടുകയും ചെയ്തു.

പി. എസ്സ്. ഇ.

# സൌന്ദൎയ്യപിപാസ.

ഉദയസിംഹന്റെ കിരീടധാരണ മഹോത്സവം നാളെയാണു്. മാധവപുരം അതികമനീയമായി അലങ്കരിച്ചുകഴിഞ്ഞു. നാട്ടുകാർ നൃത്തസംഗീതാദികളാൽ തങ്ങളുടെ ആഹ്ലാദത്തെ വെളിപ്പെടുത്തുന്നു.

നഗരം മുഴുവൻ പെരുമ്പറകൊട്ടിയറിയിച്ചു:—

"നാളെ ഉച്ചമുതൽ പ്രജകളിൽ ആൎക്കെന്തു് അഭിലാഷമാണോ ഉള്ളതു് അതു മഹാരാജാവു് സാധിപ്പിച്ചുകൊടുക്കുന്നതാണു്."

പിററദിവസം ഉച്ചയാകുന്നതിനു മുൻപായിത്തന്നെ അനവധി സ്ത്രീപുരുഷന്മാർ രാജധാനിയിൽ വന്നുചേൎന്നു. ഓരോരുത്തനും അവനവൻ അഭിലഷിച്ച കാൎയ്യങ്ങൾ സാധ്യമായി. ജയജയ ശബ്ദത്താൽ ആകാശം മാറെറാലിക്കൊണ്ടു.

നേരം ഇനിയും സന്ധ്യയായിട്ടില്ല. മഹാരാജാവിന്നു് അല്പം തളൎച്ചയുണ്ടായി. കൊട്ടാരത്തിലേയ്ക്കു പോകുവാൻ ആരംഭിച്ചു. അപ്പോൾ ആനന്ദനിമഗ്നമായ്നിന്ന ജനസമൂഹത്തെ ബലാൽ ഭേദിച്ചുകൊണ്ടു ഒരു തരുണി അദ്ദേഹത്തിന്റെ സന്നിധിയിൽ വന്നുചേൎന്നു. അവളുടെ ശരീരം മുഴുവൻ കൃഷ്ണവൎണ്ണത്തിലുള്ള ഒരു മൂടുപടംകൊണ്ടു ആച്ഛാദിതമായിരുന്നു.

"ഉദയസിംഹൻ" എന്നു അവൾ കോമളസ്വരത്തിൽ സംബോധനചെയ്തു—ഒരമൃതവർഷമുണ്ടായി. മഹാരാജാവു ഒന്നു പകച്ചു.

"എനിയ്ക്കും ഒരഭിലാഷമുണ്ടു്." ആ സുന്ദരി തുടൎന്നുപറഞ്ഞു. "നേരം ഇനിയും സന്ധ്യയായിട്ടില്ല. എന്റെ പ്രാൎത്ഥന വ്യൎത്ഥമാകുകയില്ലഎന്നു ഞാൻ വിശ്വസിക്കുന്നു."

ഉദയസിംഹൻ:—(മന്ദസ്മിതത്തോടെ) എന്തുവേണം?

സ്ത്രീ:—(പ്രേമപൂൎണ്ണസ്വരത്തിൽ) നിങ്ങളെ.

ഉദയ:—എന്നെയോ?

സാശ്ചൎയ്യചകിതനേത്രങ്ങളാൽ ഉദയസിംഹൻ ആ അസാധാരണ രമണിയെ വീക്ഷിച്ചുതുടങ്ങി. പക്ഷേ, അവളുടെ ശരീരം മുഴുവൻ കവരത്തമൂടുപടത്താൽ ആച്ഛാദിതമായിരുന്നു. അദ്ദേഹത്തിനു യാതൊന്നും മനസ്സിലായില്ല. താൻ ഒരു കവിയോ മനശ്ശാസ്ത്രജ്ഞനോ ആയിരുന്നെങ്കിൽ വല്ലതും മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

ആ സുന്ദരി തൽസമയം മന്ദഹസിച്ചുകൊണ്ടിരുന്നു. അല്പം ആലോചിച്ചതിന്റെ ശേഷം ഉദയസിംഹൻ പറഞ്ഞു. "സന്ധ്യയായിട്ടില്ല. അതു വാസ്തവംതന്നെ. എന്നെ ദാനംചെയ്തുകൊള്ളാമെന്നു ഞാൻ വിളംബരം ചെയ്തിട്ടില്ല. എന്നെയൊഴിച്ചു മററന്തുവേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളു.

രമണി കിലുകിലെ ചിരിച്ചു "കഷ്ടം! നിങ്ങൾ വാക്കു തെററിക്കുന്നുവോ?"

ഉദയസിംഹന്റെ കണ്ണുകളിൽനിന്നു തീപ്പൊരിപറന്നു. "എന്തു? നീ എന്തുപറഞ്ഞു?" ക്രോധകമ്പിതസ്വരത്തിൽ ചോദിച്ചു. "എടി മൂർഖേ! പോ ഇവിടുന്നു. ഇപ്പോൾ ഞാൻ നിനക്കു മാപ്പുതരുന്നു."

"മാപ്പോ" അവൾ ഒന്നുകൂടി ഉച്ചത്തിൽ ചിരിച്ചു.

ഉദയ:—അതെ മാപ്പ്. ഇതു മറെറാരുദിവസമായിരുന്നെങ്കിൽ ജീവനോടെ നിന്നെ സമുദ്രത്തിലേക്കു വലിച്ചെറിയിക്കുമായിരുന്നു.

സ്ത്രീ മൂടുപടം മാററി.

ഹാ! എന്തൊരസാധാരണ സൌന്ദൎയ്യം! മഹാരാജാവ് ആ രൂപസൌന്ദൎയ്യത്തിൽ മുഗ്ദ്ധനായി. "നീയാർ?" എന്നു ഗൌരവംനടിച്ചു അദ്ദേഹം ചോദിച്ചു.

"ഒരു സാധാരണ ഭിക്ഷുണി"

ആ സുന്ദരി മന്ദമന്ദം തന്റെ പാദങ്ങളെ പിന്നോട്ടു വലിച്ചുതുടങ്ങി. ഉദയസിംഹൻ ആനന്ദസാഗരത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടിരുന്നു

ആഗത അദൃശ്യയായി.

ഉദയസിംഹൻ മോഹസാഗരത്തിൽനിന്നു് ഉണൎന്നു. ഒരു ഭ്രാന്തനെപ്പോലെ പുരികം ചുളിച്ചുകൊണ്ടു പട്ടാളക്കാരോട് ഇങ്ങിനെ ആജ്ഞാപിച്ചു.

“ഇപ്പോഴുംതന്നെ ഇവിടെനിന്നു അന്തൎദ്ധാനംചെയ്ത ആ സ്ത്രീയെ ഉടനടി വിലങ്ങുവെച്ചു കൊണ്ടുവരുവിൻ.

അന്വേഷണം മുറയ്ക്കു നടന്നു. അൎദ്ധരാത്രി വരെ തങ്ങൾ അന്വേഷിച്ചിട്ടും ആ സ്ത്രീയുടെ യാതൊരു വിവരവും അറിയാൻ കഴിഞ്ഞില്ല എന്നു പട്ടാളക്കാർ വന്നറിയിച്ചു.

II

ഉദയസിംഹൻ രോഗശയ്യയിലായി. ഊണില്ല. ഉറക്കമില്ല ഒരു കാൎയ്യത്തിലും ശ്രദ്ധ പതിയുന്നില്ല. സിംഹാസനം കണ്ടിട്ടുതന്നെ ദിവസം കുറെയായി. മനസ്സിൽ സ്വൈരക്കേട്—പ്രാണനിൽ സൌന്ദൎയ്യപിപാസ—നേത്രങ്ങളിൽ നിദ്രാരഹിതത്വം.

ആ സുന്ദരിയുടെ രൂപം അദ്ദേഹത്തിന്റെ സന്നിധിയിൽ രാപ്പകൽ നടനംചെയ്തുകൊണ്ടിരുന്നു.

പ്രതാപങ്ങൾ പലതും കഴിഞ്ഞു. എന്നിട്ടും സൂൎയ്യന്റെ മനോഹരരശ്മികൾ അദ്ദേഹത്തിന്റെ ഹൃദയമന്ദിരത്തിൽ പ്രവേശിക്കുകയുണ്ടായില്ല.

ആരുമേതും സഹായത്തിനില്ലാതെ ഒരു ദിവസം അവളെ അന്വേഷിച്ചു് അദ്ദേഹം പുറപ്പെട്ടു.

തരുവരങ്ങളുടെ ചുവട്ടിൽ അന്ധകാരം സ്വൈരമായി നിദ്രാസുഖം അനുഭവിച്ചു. ചന്ദ്രികാലംകൃതയായ നിശാദേവി മൂകഭാഷയിൽ അദ്ദേഹത്തെ ഇങ്ങിനെ അറിയിച്ചു.

“പോകൂ. രാജകുമാരാ, പോകുക. അൎദ്ധരാത്രിയുടെ നിശ്ശബ്ദതയിൽ അവൾ അങ്ങയെ കണ്ടെത്താതെ ഇരിക്കയില്ല.”

വളഞ്ഞുപിരിഞ്ഞ മാൎഗ്ഗങ്ങളുടെ സമീപത്തുള്ള പടപ്പുകളിൽനിന്നു കൃഷ്ണസൎപ്പങ്ങളുടെ സീൽക്കാരം പുറപ്പെട്ടുകൊണ്ടിരുന്നു. മഹാരാജാവിന്റെ പ്രേമപിപാസയിൽനിന്നു് അഗ്നിജ്വാലകളും ഉദ്ഭ്രമിച്ചുകൊണ്ടിരുന്നു.

പുലികൾ അതിവേഗത്തിൽ ഓടി പൎവ്വതകന്ദരങ്ങളിൽപോയി ഒളിച്ചു—ഭയങ്കരജീവികൾ.

ഉദയസിംഹൻ എന്നിട്ടും ഭ്രാന്തനെപ്പോലെ പ്രലപിച്ചുകൊണ്ടു മുന്നോട്ടുതന്നെ നടന്നു. നിശ്ചിതമായ യാതൊരു മാൎഗ്ഗവും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഇതെല്ലാം യൌവ്വനത്തിലെ ഉന്മാദങ്ങൾ തന്നെ!

സചേതനതങ്ങളായ സകല സുന്ദരപദാൎത്ഥങ്ങളിലും അദ്ദേഹം കറുത്ത മൂടുപടം ധരിച്ച ആ സുന്ദരിയുടെ രൂപം കണ്ടിരുന്നു.

ഉദയസിംഹൻെറ സൌന്ദൎയ്യപിപാസ നൂറിരട്ടി വൎദ്ധിച്ചു.

തൽസമയം ആരുടെയെന്നറിഞ്ഞില്ല രണ്ടു കൈകൾ അദ്ദേഹത്തിൻെറ ഇരുകരങ്ങളേയും കൂട്ടിച്ചേൎത്തു പിടിക്കുകയും വിലങ്ങു വെയ്ക്കുകയും ചെയ്തു.

മഹാരാജാവു് ബോധരഹിതനായി.

## III

പിറേറദിവസം ഉണൎന്നുനോക്കുമ്പോൾ ഇരുട്ടുനിറഞ്ഞ ഒരു കാരാഗൃഹത്തിൽ താൻ ബന്ധനസ്ഥനായിരിക്കുന്നതായി ഉദയസിംഹൻ കണ്ടു.

കനംകൂടിയ ചുമരിൻെറ ഒരു ഭാഗത്തു് ഒരു ദീപം മങ്ങിമങ്ങി പ്രകാശിച്ചുകൊണ്ടിരുന്നു.

കാൎയ്യമൊന്നും മനസ്സിലായില്ല. പരിഭ്രാന്തനായി അദ്ദേഹം കുറേനേരം അങ്ങിങ്ങുലാത്തി. മുറിയിൽ കാണപ്പെട്ട ഓരോ ഇഷ്ടികയും ഇളക്കിനോക്കി. ഒന്നും ലേശവും അനങ്ങുന്നില്ല. പുറത്തേയ്ക്കു പോകുവാൻ യാതൊരു നിവൃത്തിയുമില്ലെന്നുകണ്ടു് അവിടെത്തന്നെ ഇരുന്നു.

രാത്രിയോ പകലോ ഇപ്പോൾ, അതുപോലും അറിയുവാൻ നിവൃത്തിയില്ല.

പെട്ടെന്നു ചെറുതായൊരു കുലുക്കമുണ്ടായി. ഒരു ചെറിയ ഭൂകമ്പം കാരാഗൃഹത്തിൽ ഉണ്ടായതായി തോന്നി. ലോഹനിൎമ്മിതമായ വാതിൽ പെട്ടെന്നു തുറക്കപ്പെട്ടു. ഉദയസിംഹൻ നോക്കിയപ്പോൾ അവിടെ ആരെയാണു കണ്ടതു്. ഒരു സ്ത്രീ അതിവേഗത്തിൽ കാരാഗൃഹത്തിലേയ്ക്കു കടന്നുവരുന്നു.

"ഹേ! തടവുകാരൻ, നിങ്ങൾ ഇതുവരെ ഉണൎന്നിരിക്കയായിരുന്നോ?" എന്നു് അവൾ ചോദിച്ചു. ഉദയസിംഹൻെറ തല ലഹരി കൊണ്ടു!

"നിങ്ങൾ ആർ" എന്നു സാശ്ചൎയ്യസ്വരത്തിൽ അദ്ദേഹം ചോദിച്ചു.

സ്ത്രീ — ഒരു സാധാരണ ഭിക്ഷുണി. എന്തു്! നിങ്ങൾ എന്നെ അറിയില്ലേ?

തലകുനിച്ചു് അവൾ മഹാരാജാവിൻെറ സമീപത്തു വന്നുനി

ന്നു. അദ്ദേഹം സ്തംഭിതനായി നിലകൊണ്ടു. ശിലാപ്രതിമപോലെ മൌനം ദീക്ഷിച്ച് നില്ക്കുന്ന ഇവൾ ദാനമായി എന്നെതന്നെയാചിച്ച ആ സ്ത്രീതന്നെയല്ലേ: യാതൊരുവളുടെ സൌന്ദര്യത്തിൽ ഞാൻ മോഹിതനായൊ അവൾ തന്നെയല്ലേ ഇവൾ! യാതോരു സ്ത്രീയുടെ ദർശനം ഇച്ഛിച്ച് ഞാൻ അലഞ്ഞു തിരിഞ്ഞിരുന്നുവോ ആ മനോഹരി തന്നെയാകണം ഇവൾ.

ഉദയ: ഹേ! സുന്ദരി! ഭവതി എവിടുന്നാണ്? ദേവിയൊ?

അവർ ഗർവ്വോടും കൂസൽ കൂടാതേയും പറഞ്ഞു:

"അങ്ങയുടെ പാദസേവിനി. ഒരു സാധാരണ ഭിക്ഷുണി. ഭവാൻെറ ചിരശത്രുവായ പ്രഭാത സിംഹൻെറ പുത്രി."

"എന്ത്! പ്രഭാതസിംഹൻെറ പുത്രി രേണുകയോ?" ഉദയസിംഹൻ സംഭ്രമത്തോടെ ചോദിച്ചു. "ഞാൻ സ്വപ്നം കാണുകയാണോ?"

"അല്ലല്ല. തനി വാസ്തവം" ഉദാസീനമട്ടിൽ രേണുക പറഞ്ഞു, "ചിന്താക്രാന്തനായ ദരിദ്രനെ സ്വപ്നം കാണൂ. സുഖഭുക്കായ രാജാവ് സൌന്ദര്യോപാസകൻ ആകുന്നതല്ല. യുദ്ധത്തിൽ അങ്ങ് എൻെറ വന്ദ്യപിതാവിനെ വധിച്ചു. അതിന് എനിക്കു പ്രതികാരം ചെയ്യണം"

"ആരോട്? രേണുകേ!"

"അങ്ങയോട്"

"എന്നോടോ?"

"അതെ, അങ്ങയോട്. ഞാൻ അങ്ങയെ സ്നേഹിക്കുന്നു."

"പക്ഷേ, കൊലയ്ക്കു പ്രതികാരം എന്തെന്നറിയാമോ?

"അറിയാം. കൊലതന്നെ. അങ്ങയുടെ വധം."

എന്നാൽ ഭവതിയാകട്ടെ.........മുഴുവൻ പറയാൻ ഇടയാകുന്നതിന്നു മുൻമ്പ് രേണുക ഇടയ്ക്കു കയറിപറഞ്ഞു.

"മിണ്ടാതിരിക്കുക. ഞാൻ അങ്ങയോടുള്ള പ്രേമത്തിൽ അന്ധയായിഭവിച്ചിരിക്കുന്നു. തനി ഭ്രാന്തത്തിയായി അന്നു അങ്ങയെ വധിക്കുന്നതിനാണ് ഞാൻ വന്നിരുന്നതു്. ആൾക്കൂട്ടത്തിൽ വെച്ചു ഭവാൻെറ രൂപം തൃപ്തിവരാതെ ഞാൻ നോക്കിക്കണ്ടു. പ്രതിഹിംസ പ്രേമത്തിൽ മഗ്നമായി."

ഉദ:— ഇതെല്ലാം വെറും വ്യാജം. അല്ലെങ്കിൽ എന്തിനാണ് എന്നെ ഈ കാരാഗൃഹത്തിൽ ഇട്ടടച്ചിരിക്കുന്നതു്?

രേണു:— കൺകൾക്കു തൃപ്തിയാവോളം കണ്ടു ആനന്ദിക്കുവാൻ.

ഉദ:— ഇനിയെന്താണ് ഭാവം?

രേണു:— അങ്ങയെ ബന്ധനമുക്തനാക്കുക.

ഉദ:— ഇത്ര വേഗത്തിലോ?

രേണു:— അതെ.

ഉദ:—എന്തുകൊണ്ട്?

രേണു:— കൺകുളുക്കെ കണ്ടുകഴിഞ്ഞു.

രേണുക പ്രേമത്തോടെ ഉദയസിംഹൻെറ വിലങ്ങ് അഴിച്ചു.

മഹാരാജാവ് അവിടെ കിടന്നിരുന്ന ഒരു ഒടിഞ്ഞ കട്ടിലിൽ ഇരുന്നു. അതിസുന്ദരമായ ആ ചന്ദ്രികയിൽ അദ്ദേഹം പ്രേമമദ്യം സ്വദിച്ചുമത്തനായി.

"പോകാം, ഇപ്പോൾ അങ്ങ് മുക്തനായിരിക്കുന്നു. ഇത് എൻെറ അന്തിമ നമസ്കാരമാണ്. വന്ദ്യപിതാവിൻെറ ആജ്ഞയെ അനുസരിക്കുവാൻ ഞാൻ ശക്തയല്ലാതായിത്തീന്നിരിക്കുന്നു."

"ഉദയസിംഹൻെറ രക്തത്തിൽ നിൻെറ കൈമുഴുകണം. മരിക്കുമ്പോൾ പിതാവു് ഇത്രയും കൂടി പറഞ്ഞിരുന്നു. "കൊലക്കു കൊലതന്നെയാണ് പ്രതികാരം."

ഉദയസിംഹൻ രണ്ടു കൈകൊണ്ടും തൻെറ മുഖം പൊത്തി ഒരപരാധിയെന്ന നിലയിൽ രേണുകയുടെ മുൻപിൽ നിന്നു് അദ്ദേഹത്തിൻെറ ശിരസ്സു ചാഞ്ഞു. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ രേണുകയുടെ പിതാവിൻെറ പക്ഷസ്സിൽ താൻ കുന്തം നിറത്തിയതായ ആ വേള തൻെറ സ്മരപഥത്തിൽപെട്ടു. അന്ന് ഉല്ലാസമായിരുന്നു; ഇന്നു ഗ്ലാനി. അന്ന് വിജയം; ഇന്നു പരാജയവും.

"ഞാൻ മഹാപാപിയാണ്. കൊലപാതകി." ഉദയസിംഹൻ സാശ്രുനയനനായി പറഞ്ഞു.

"രേണു! നിനക്കു തോന്നുന്ന ദണ്ഡം എന്നെ അനുഭവിപ്പിച്ചുകൊള്ളുക. ഞാൻ മഹാ അപരാധിതന്നെയാണ്."

"അപരാധിയോ? അങ്ങയുടെ അപരാധം എന്താണ്?"

"ഭവതിയുടെ പിതാവിൻെറ വധം." രേണുക കിലുകിലെ ചിരിച്ചു.

"അങ്ങ് അപരാധിയല്ല. പൂജ്യൻ. കർമ്മവീരൻ. ശത്രുവിനോടുള്ള പക വിട്ടി. ഈ ഞാനാണ് അപരാധിനി."

"അതെങ്ങിനെ, രേണുകേ?"

"പിതരാജ്ഞ അനുസരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. യുദ്ധഭൂമിയിൽവെച്ചു ഞാൻ ഇപ്രകാരം പ്രതിജ്ഞ ചെയ്തിരുന്നു:— "ഉദയസിംഹൻെറ ചുടുചോരയിൽ ഞാൻ സ്നാനം ചെയ്യുന്നുണ്ട്. ദുർഭാഗ്യവശാൽ എൻെറ പ്രതിജ്ഞയ്ക്കു ഭംഗം വന്നുവെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യും.

"രേണുകേ, നിന്റെ പ്രതിജ്ഞ നിറവേററിക്കൊള്ളുക. ഇതാ എന്റെ ഗളം സജ്ജമായിരിക്കുന്നു.

രേണുക ഉദയസിംഹന്റെ ശിരസ്സിനെ പ്രേമത്തോടെ തലോടി.

രാജാവു കാതരദൃഷ്ടിയോടെ അവളെ നോക്കി. ഭക്തിപൂർവ്വം അവൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു. "എന്റെ ഒരു പ്രതിജ്ഞ സൌന്ദര്യപിപാസയിൽ നിമഗ്നമായി. രണ്ടാമത്തൊന്നുകൂടിയുണ്ട്."

"എന്താണതു്?"

"ആത്മഹത്യ"

"എന്ത്........ ആത്മഹത്യയോ? ഭവതി ആത്മഹത്യ ചെയ്യുമോ!

"ഉവ്വ്."

മങ്ങിയ ദീപത്തിന്റെ പ്രകാശത്തിൽ ഉദയസിംഹൻ രേണുകയുടെ കരപല്ലവങ്ങളെ ഗ്രഹിച്ചു. "രാജകുമാരി!" അദ്ദേഹം വ്യാകുലതയോടെ പറഞ്ഞു.

"രാജകുമാരിയോ? ഒരിക്കലുമല്ല. വിശ്വാസഘാതിനിയാണ് ഞാൻ-വന്ദ്യപിതാവിന്റെനേക്കു ഭയങ്കരമായ വിശ്വാസഘാതം ചെയ്യുവൾ"

"രേണുകേ, ഇതു കേവലം പ്രമാദമാണ്. ഭവതി ആത്മഹത്യ ചെയ്യരുതു്. ഈ ഞാൻ സർവ്വപ്രകാരേണയും ഭവതിയുടെയാണ്."

"എന്നാൽ എന്റെകൂടെ വരിക"

രേണുകയുടെ നയനങ്ങളിൽനിന്നു അശ്രുകണങ്ങൾ ഉതിർന്നുവീണു. കാരാഗൃഹം ശൂന്യമായി. നിർജ്ജനവീഥിയിലെ വളഞ്ഞു പിരിഞ്ഞ തെരുവുകളിൽകൂടി പ്രേമാന്ധയായ രേണുക മുന്നോട്ടു നടന്നുകൊണ്ടിരുന്നു. മന്ത്രമുഗ്ദ്ധനെന്നപോലെ അവളുടെ പിന്നാലെയായി രാജകുമാരനും മന്ദമന്ദം നടന്നു.

## IV.

ഇതുതന്നെയാണു സംസാരലീല. മനുഷ്യജീവിതം നോവലിലെ ഇതിവൃത്തത്തിനു തുല്യംതന്നെ.

പ്രഭാതത്തിലെ അരുണിമ ദിക്കെങ്ങും വ്യാപിച്ചു. സമീരണൻ മന്ദമന്ദം ചരിച്ചുതുടങ്ങി. പുഷ്പലതാദികൾ ആനന്ദനൃത്തം ചെയ്തു.

മാധവപുരത്തിന്റെ അതിർത്തിയായി. "മതി. ഇവിടംവരെ മതി" എന്നു രേണുക പറഞ്ഞു

"രാജകുമാരാ, അങ്ങു നടന്നാലും. ഇനി ഞാൻ മുന്നോട്ടു വരുന്നില്ല."

"എന്താണതു്? രേണുകേ!" രേണുക യാതൊന്നും മറുപടി പറ

ഞ്ഞില്ല. ഉദയസിംഹൻ ആശ്ചര്യത്തോടെ അവളുടെ മുഖത്തേയ്ക്കു നോക്കി.

"പിതൃഘാതകാ. ഇവിടെ നിന്നു വേഗം പോകുക. ഞാൻ പ്രാണത്യാഗം ചെയ്യുകയായി."

ഘൃണയോടെ അവൾ മുഖം തിരിച്ചുകളഞ്ഞു. ഉദയസിംഹന്റെ നയനങ്ങളിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകി.

"മഹാരാജാവേ!"

"രേണൂ!"

രേണുക സ്വവക്ഷസ്സിൽ കത്തി കുത്തിയിറക്കി.

ഉദയസിംഹൻ പരിഭ്രമിച്ചു നിലവിളിച്ചു.

അവൾ മുറിഃവററ ഹരിണിയെപ്പോലെ ബുഭുക്ഷുവായ പുലിയുടെ മടിയിൽ കിടന്നു പിടഞ്ഞുകൊണ്ടിരുന്നു. രണ്ടുപേരും രക്തധാരയിൽ മുഴുകി.

"രാജകുമാരാ, അങ്ങയുടെ കൈകൾ എന്റെ കഴുത്തിൽ അണയ്ക്കുക."

രേണുക മരണവേദനയോടെ ധ്രുതഗതിയിൽ പറഞ്ഞു, "നമ്മുടെ ശുഭവിവാഹത്തിന് ഇതു സുന്ദരമായ ലഗ്നമാകുന്നു. രക്തസ്രോതസ്സിന്റെ മനോഹരമായ ധാര. ഭവാൻ വിജയിപ്പുതാക."

ഉദയസിംഹൻ രേണുകയുടെ അഭിലാഷപ്രകാരം തന്റെ കൈ അവളുടെ കൈയോടു ചേർത്തു.

രേണുക തൃപ്തിവരാതെ വീണ്ടും വീണ്ടും രാജകുമാരന്റെ മുഖത്തേയ്ക്കു നോക്കി. ആ മുഖത്തിൽ സൌന്ദര്യപിപാസ സമ്പൂർണ്ണമായി വെളിപ്പെട്ടിരുന്നു.

"രേണൂ", ഉദയസിംഹൻ ഗൽഗദത്തോടെ വിളിച്ചു. പക്ഷേ, രേണു എവിടെ! ഏതു രേണു! അദ്ദേഹത്തിന്റെ വാക്കുകേൾക്കാൻ അവിടെ ആരും ഉണ്ടായിരുന്നില്ല. പക്ഷികൾ കലകലശബ്ദം പുറപ്പെടുവിച്ചു. ഉഷഃപ്രകാശം കുറഞ്ഞുതുടങ്ങി.

സൂര്യന്റെ മനോഹരരശ്മികൾ ക്രമേണ ഭൂമണ്ഡലത്തിൽ വ്യാപിച്ചു. ബാണാഹതനായ മൃഗത്തെപ്പോലെ അപരാധിയായ രാജകുമാരൻ തൽസമയം പ്രിയതമയുടെ ശീതളവക്ഷസ്സിൽ തന്റെ മുഖം മറച്ചു കിടന്നിരുന്നു. അദ്ദേഹം സജീവനോ നിർജ്ജീവനോ? അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ അധരങ്ങൾ ഇപ്പോഴും സൌന്ദര്യപിപാസ ആസ്വദിച്ചുകൊണ്ടിരിക്കുന്നു.

ടി. കരുണാകരപ്പണിക്കർ.